# വിശ്വാസം

1828

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM

N 8:2616
1824

# വിദ്യുജ്ജിഹ്വന്റെ വിളയാട്ടം

C. V. SMARAKA GRANDHASALA
GRANDHA SALA
THENNOORKONAM
VENGANOOR, A. S.

(Malayalam)
Vidyujihwante Vilayattam
Humour
By PUTHEZHATHU RAMA MENON
Lexmi Nilayam, Trichur
First Published January 1934
Reprinted June 1952, July 1961
Printed at
INDIA PRESS, KOTTAYAM
Price Rs. 1.50
Copyright
Sahitya Pravarthaka C. S. Ltd.
Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**
Sales Department:
NATIONAL BOOK STALL
Kottayam Kerala State India

No: 2516

# വിദ്യുജ്ജിഹ്വന്റെ വിളയാട്ടം

പുത്തേഴത്തു രാമമേനോൻ

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം

വില ക. 1.50

SMARAKA GRANDHAVARANA
GRANDHA SALA
THENNOORKONAM

## പുത്തേഴത്തു രാമമേനോന്റെ

## കൃതികൾ

| | |
|---|---|
| പരിഹാസത്തിലൂടെ | (വിനോദലേഖനങ്ങൾ) |
| കാമുഫ്ളാഷ് | ,, |
| നേരമ്പോക്ക് | ,, |
| അട്ടത്തൂൺ | ,, |
| ദാമോദരൻനായരുടെ ഡയറി | ,, |
| ചവററുകൊട്ട | ,, |
| എണ്ണക്കടം | ,, |
| വിദ്യുജ്ജിഹ്വന്റെ വിളയാട്ടം | ,, |
| മൂളിപ്പൂവും മത്താപ്പും | ,, |
| സാഹിത്യാഭിരുചി | (ലേഖനങ്ങൾ) |
| ഹാസസാഹിത്യം | ,, |
| പുസ്തകപൂജ | ,, |
| വീക്ഷണവിലാസം | ,, |
| അവിയൽ | ,, |
| അറിവുള്ള അജ്ഞാനികൾ | ,, |
| കേരളത്തിൽ | ,, |
| വിദ്യാർത്ഥികളോട് | ,, |
| ഉപന്യാസചന്ദ്രിക | ,, |
| ടാഗോർ കണ്ട ഇന്ത്യ | ,, |
| സുവർണ്ണഹാരം | ,, |
| മദ്യവർജ്ജനം | ,, |
| ചതുരദ്ധ്യായി | (നോവൽ) |
| പരിത്യക്താ | ,, |
| ടാഗൂർകഥകൾ | (കഥകൾ) |
| ഷേക്സ്പിയർ ട്രാജഡീസ് | ,, |
| ഹനുമാനും വിഭീഷണനും | (പുരാണകഥ) |
| ബാലിയും സുഗ്രീവനും | ,, |
| വാത്മീകിയും ശിഷ്യന്മാരും | ,, |
| മൺമറഞ്ഞവർ | (ജീവചരിത്രങ്ങൾ) |
| ശക്തൻതമ്പുരാൻ | (ജീവചരിത്രം) |
| കാഴ്ചപ്പാടുകൾ | (ആത്മകഥ) |
| കുട്ടികളേ നിങ്ങൾ ഈ ആളേ അറിയുമോ | (ബാലസാഹിത്യം) |
| ക്ഷേത്രപ്രവേശനം | |
| എന്റെ ശബരിമലയാത്ര | |

S1225 B789 5/61-62 3-1500

1824

# ആമുഖം

ഏതാണ്ടൊരു പന്തീരാണ്ടുമുമ്പു 'കൈരളി'യിൽ ഖണ്ഡശഃ പ്രകാശിപ്പിച്ചിരുന്നതാണു് 'വിദ്യുജ്ജിഹ്വന്റെ വിളയാട്ടം'—ഭാഷാഭിമാനികളെന്നും, ദേശഭക്തന്മാരെന്നും, സമുദായസ്നേഹികളെന്നും നടിച്ചു ലോകവഞ്ചനത്തിനിറങ്ങിയിരുന്ന വേഷധാരികളുടെ ഉൾത്തടത്തിൽ ഏറിയകാലത്തോളം ഇടിത്തീ പതിപ്പിച്ചിരുന്ന ഒരു ലേഖനപരമ്പരയാണു് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. വിളയാട്ടങ്ങൾ പ്രസിദ്ധം ചെയ്തു മുഴുവനാകുന്നതുവരെ 'കൈരളി'യുടെ ഓരോ ലക്കം പുറത്തുവരുമ്പോഴും കത്തുന്ന ഹൃദയത്തോടുകൂടി വലിയൊരു സംഘം ജനങ്ങൾ വിദ്യുജ്ജിഹ്വന്റെ വകയായി തങ്ങൾക്കു വല്ല സമ്മാനവുമുണ്ടോയെന്നറിവാനായി ക്ഷമവിട്ടു കാത്തുനില്ക്കുക പതിവായിരുന്നുവെന്നു പറഞ്ഞാൽ വിദ്യുജ്ജിഹ്വനെ അക്കാലത്തുണ്ടായിരുന്ന ഭീതി എത്രയായിരുന്നുവെന്നൂഹിക്കാമല്ലോ. സ്വജിഹ്വാഗ്രയിൽ വിദ്യുച്ഛക്തിയുടെ 'കൂട്ട്'ണ്ടെങ്കിലും ഇല്ലെങ്കിലും തന്റെ തുലികാഗ്രത്തിൽ സുഭിക്ഷമായി വിദ്യുച്ഛക്തി സംഭരിച്ചുവെച്ചിട്ടുള്ള ഒരു വൈദ്യുതവിദഗ്ദ്ധൻ വഴിനീളെ വിദ്യുദ്വേഗത്തോടെ സഞ്ചരിച്ചു മാർഗ്ഗമദ്ധ്യേ, കാണുന്ന സർവ്വരേയും തന്റെ പേനത്തുമ്പുകൊണ്ടു സ്പർശിക്കുമ്പോഴുണ്ടാകുന്ന അനുഭവംതന്നെയാണു് 'വിദ്യുജ്ജിഹ്വന്റെ വിളയാട്ടം' വായിക്കുമ്പോൾ നമുക്കുണ്ടാകുന്നതു്. സുഷുപ്തിയിൽ ലയിച്ചിട്ടുള്ളവർ തപ്പിപ്പിടഞ്ഞെഴുന്നേല്ക്കുന്നു; ഉറക്കം തൂങ്ങിക്കൊണ്ടിരിക്കുന്നവർ അതു കൈവെടിഞ്ഞു ഭദ്രമായിരിക്കുന്നു; സൂക്ഷിച്ചിരിക്കാത്തപക്ഷം തങ്ങളുടെ ഗതിയും മേൽപ്രകാരമായിരിക്കുമെന്നുകണ്ടു് ഇതരന്മാരും ജാഗ്രതയോടുകൂടി വർത്തിക്കുന്നു. ഇതാണു വിദ്യുജ്ജിഹ്വൻ തന്റെ വിളയാട്ടം കൊണ്ടു സാധിക്കുന്നതു്; അഥവാ ഇതിന്നുവേണ്ടിയാണു വിദ്യുജ്ജിഹ്വൻ വിളയാടുന്നതു്.

സ്ഥാനമാനങ്ങളിൽ ഭ്രമിച്ചു മിത്ഥ്യാഭിമാനംകൊള്ളുന്ന ജളപ്രമാണികളെ വിദ്യുജ്ജിഹ്വൻ കണക്കിലേറെ കളിയാക്കുന്നുണ്ടു്. തള്ളിയിടുന്ന പേരുമല്ലാ, ആമ്രേഡിഷപൂർവ്വം നൽക

B. V. ... GRANDHA SALA THENNOORKONAM ... NOOR, A. O.

പ്പെട്ടന്ന പേരുമല്ലാ, സൽപ്രവൃത്തികൊണ്ടു സമ്പാദിക്കുന്ന പേരാണു പേരെന്നു് വിദ്യുജ്ജിഹ്വൻ അസാമാന്യപാടവത്തോടുകൂടിയാണു് സ്പഷ്ടമാക്കുന്നതു്. ആന്ത വർണ്ണങ്ങൾ മാറുമ്പോലെ സ്വന്തം ഭാവങ്ങൾ മാററുകയും നയത്തിനുമാത്രമായി അധഃകൃതോദ്ധാരകനായി നടിക്കുകയും ചെയ്യുന്ന മാനുഷാധമന്മാരെ വിദ്യുജ്ജിഹ്വൻ മുറുക്കു ശകാരിക്കുന്നുണ്ടു്. വിചാരമൊന്നു്; പ്രസംഗമൊന്നു്; പ്രവൃത്തി വേറെയാണു്— ഇങ്ങനെയുള്ള 'കള്ളസ്സന്യാസി'മാരേയും വിദ്യുജ്ജിഹ്വൻ വെറുതെ വിടുന്നില്ല. എത്ര തന്മയത്വത്തോടുകൂടിയാണു മനോവാക്കർമ്മങ്ങൾതമ്മിലുള്ള പരസ്പരബന്ധം അദ്ദേഹം എടുത്തു കാണിച്ചിട്ടുള്ളതു്? വിശിഷ്യ, എത്ര വിശിഷ്ടങ്ങളായ വേദാന്തചിന്തകളാണു് ഈ അവസരത്തിൽ അദ്ദേഹം വായനക്കാരുടെ മുമ്പാകെ സമർപ്പിക്കുന്നതു്? ത്രിമൂർത്തികളെ ഒന്നായിക്കാണുന്നവർക്കുമാത്രമേ മനോവാക്കർമ്മങ്ങൾക്കു് ഐകരൂപ്യം സാദ്ധ്യമാകയുള്ളുവെന്നല്ലേ വിദ്യുജ്ജിഹ്വൻ ഒടുവിൽ സമർത്ഥിക്കുന്നതു്? വിളയാട്ടങ്ങളുടെ മൂലത്തെപ്പററി പറയുന്ന ഘട്ടത്തിൽ പരസ്വാപഹരണംകൊണ്ടു പേരെടുക്കുന്ന ഗ്രന്ഥകാരന്മാരെ വിദ്യുജ്ജിഹ്വൻ എത്ര ഭംഗിയായിട്ടാണു കളിയാക്കുന്നതു്? വിദ്യുജ്ജിഹ്വന്റെ നിരൂപണങ്ങൾകൊണ്ടു ക്ഷുബ്ധരായവരെ അദ്ദേഹം എത്ര സാമർത്ഥ്യത്തോടുകൂടിയാണു സാന്ത്വനപ്പെടുത്തുന്നതു്? അതോടുകൂടിത്തന്നെ നിരൂപണങ്ങളുടെ ഉദ്ദേശ്യങ്ങളേയും അവയെ ആസ്വദിക്കുന്നതിനത്യന്താപേക്ഷിതമായ നർമ്മബുദ്ധിയേയും വിദ്യുജ്ജിഹ്വൻ എത്ര പാടവത്തോടുകൂടിയാണു വർണ്ണിക്കുന്നതു്? തർജ്ജിമക്കാരേയും തർജ്ജിമകളേയുംപററിയുള്ള വിദ്യുജ്ജിഹ്വന്റെ ഉപന്യാസം ഏതൊരു സാഹിത്യകാരനുംമനഃപാഠമാക്കേണ്ടതുതന്നെയാണു്, സംശയമില്ല. മറെറാരുപന്യാസത്തിൽ വിളയാട്ടങ്ങൾ കൂടാതെ 'കൈരളി' പുറപ്പെടുവിച്ചതിനുള്ള പരിഭവമാകുന്നു. വിഷയമൊന്നുമില്ലാതെ ദീർഘലേഖനമെഴുതുന്നതെങ്ങനെയെന്നറിയേണ്ടവർ ഈ ഉപന്യാസം വായിക്കുന്നതുപകാരമായിരിക്കും. 'ചിരിയുടെ മാഹാത്മ്യം' എത്ര ചാതുര്യത്തോടെയാണു് വിദ്യുജ്ജിഹ്വൻ വെളിവാക്കുന്നതു്? അദ്ദേഹം പറയുന്നതു നോക്കുക: "കാണുന്നതു മുഴുവൻ കളിയാണു്, കാര്യമില്ല.

അതിലൊക്കെ രസവും വിനോദവും അല്ലാതെ ഒന്നുമില്ല. കണ്ണുനീരൊഴുക്കുവാനും, മനസ്സുരുകുവാനും, കണ്ണുരുട്ടുവാനും, കയ്യോങ്ങുവാനും ഒന്നും ആവശ്യമില്ല. ചിരിക്കുക! ചിരിക്കുക! കളികണ്ടു രസിക്കുക! ആനന്ദിക്കുക. ഇതേ നാം വേണ്ടതുള്ളു. അതാണു നമ്മുടെ കത്തവ്യം. അതുകൊണ്ടാണു പ്രപഞ്ചം മായയാണെന്നു പറയുന്നതു്.'' പത്താമദ്ധ്യായത്തിൽ തരംനോക്കി കക്കാനൊരുങ്ങുന്ന കള്ളന്മാരുടെ നേരെ വിദ്യുജ്ജിഹ്വൻ വിദ്യുദ്ദീപം മിന്നിച്ചുകാണിക്കുന്നു. സേവ്യന്റെ പ്രീതിക്കുവേണ്ടി സ്വാഭിപ്രായങ്ങളെ 'വിഴുങ്ങിക്കുഴിക്കുന്ന' സേവകന്മാരെ കളിയാക്കിക്കൊണ്ടു് വിളയാട്ടങ്ങൾ പയ്യവസാനിപ്പിക്കയും ചെയ്യുന്നു.

മേൽപ്രസ്താവിച്ച സംഗതികൾ പ്രതിപാദിക്കുന്ന രീതിയിലാണു് വിദ്യുജ്ജിഹ്വൻെറ പാടവം മികച്ചുനില്ക്കുന്നതു്. വ്യംഗ്യത്തേക്കാളധികം വാച്യത്തോടാണു് വിദ്യുജ്ജിഹ്വനു പ്രതിപത്തി. പരോക്ഷത്തേക്കാളധികം പ്രത്യക്ഷമാണദ്ദേഹത്തിനിഷ്ടം. തൻെറ സാമത്ഥ്യവും, തന്റേടവും, വാഗ്മിത്വവും മുൻനിത്തിക്കൊണ്ടു് അന്യൻെറ വിഡ്ഢിത്വവും വകതിരിവില്ലായ്മയും വെളിപ്പെടുത്തുകയാണു് വിദ്യുജ്ജിഹ്വൻ ചെയ്യുന്നതു്. ഇപ്രകാരമെല്ലാമാണെങ്കിലും വ്യക്തിവിദ്വേഷം വളത്തുന്നതിനു വിദ്യുജ്ജിഹ്വൻ തയ്യാറില്ല. വിദ്യുജ്ജിഹ്വൻ ഒരിടത്തു പറഞ്ഞിരിക്കുന്നതു നോക്കുക: "ഞാൻ എല്ലാവരേയും അല്ലാതെ പ്രത്യേകം ആരേയും ഉദ്ദേശിച്ചിട്ടില്ല, ഉദ്ദേശിക്കയുമില്ല. എൻെറ ബുദ്ധി അത്ര സങ്കുചിതവുമല്ല, എൻെറ അന്തരംഗം അത്ര സ്വാത്ഥപരവുമല്ല. ഓരോരുത്തരെ പ്രത്യേകം പ്രത്യേകം തുലനംചെയ്യുന്നതിന്നു് എനിക്കു സൗകയ്യവുമില്ല; അവക്കതിനർഹതയുമില്ല. എല്ലാവക്കും കണക്കുപ്രകാരം കൊടുക്കണമെന്നല്ലാതെ, ഒരാൾക്കെങ്കിലും അധികം കൊടുക്കണമെന്നോ, ചിലക്കു കൊടുക്കാതിരിക്കണമെന്നോ മോഹമില്ല. ചിലക്കു് ഒന്നും കിട്ടാതെ പോകുന്നുണ്ടെങ്കിൽ അതെൻെറ കുററവുമല്ല തലപ്പാവിൻെറ വലിപ്പമോ, കുപ്പായത്തിൻെറ നിറമോ, കാറോ, ക്ലബ്ബോ, പാസ്സോ, പാപ്പാസോ ഒന്നും എന്നെ ഭയപ്പെടുത്തുന്നതുമല്ല; ആകഷിക്കുന്നതുമല്ല.'' ഹാസ്യരസപ്രധാനങ്ങളെന്നപേരിൽ വ്യക്തിവിദ്വേഷം വളത്തുന്നതിനും

'ഭരണീഗാനം' പൊഴിക്കുന്നതിനുമായി നിത്യമെന്നപോലെ മലയാളത്തിൽ ആവിർഭവിച്ചുകൊണ്ടിരിക്കുന്ന മാസികകളുടെ പ്രണേതാക്കൾ 'വിദ്യുജ്ജിഹ്വൻെറ വിളയാട്ടം' ഒരു പരിവൃത്തിയെങ്കിലും വായിച്ചുനോക്കുന്നതായാൽ യഥാർത്ഥ 'ഹാസ'മെന്നാൽ എന്താണെന്നും ഉത്തമമായ പ്രതിപാദനരീതി എങ്ങനെയിരിക്കുമെന്നും അവൎക്കു മനസ്സിലാകുന്നതും തദ്വാരാ പൊതുജനങ്ങളുടെ രുചി ക്ഷയിക്കാതെ കഴിക്കുന്നതിനു മാൎഗ്ഗമുണ്ടാകുന്നതുമാണു്.

'വിളയാട്ട'ത്തിലെ സ്ഥായിയായ രസം ഹാസമാണെന്നു് ഇപ്പറഞ്ഞതിൽനിന്നെല്ലാം വെളിവായിരിക്കുമല്ലോ. എന്നാൽ ഈ ഹാസത്തിന്നൊരു വൈജാത്യമുണ്ടു്. അതു സമാകൎഷിക്കുന്നതു ഹൃദയത്തെക്കാളധികം ബുദ്ധിയെയാണു്. 'കേസരി'യുടെ ഉപന്യാസങ്ങൾ വായിക്കുമ്പോഴുണ്ടാകുന്ന ഹൃദയസ്പൃക്കായ രസമല്ല 'വിളയാട്ടം' വായിക്കുമ്പോൾ നമുക്കുണ്ടാകുന്നതു്. നേരെമറിച്ചു്, മിസ്റ്റർ പുത്തേഴത്തു രാമൻമേനോൻെറ 'ചവററുകൊട്ട'യും അദ്ദേഹത്തിൻേറതന്നെ എന്നു ഞാൻ വിശ്വസിക്കുന്ന 'ദാമോദരൻനായരുടെ ഡയറി'യും വായിക്കുമ്പോൾ ഉണ്ടായിത്തീരുന്ന ഹാസ്യരസാനുഭൂതിയാണു നമുക്കുണ്ടായിത്തീരുന്നതു്. സൎവ്വൎക്കും ഒന്നുപോലെ നിഷ്പ്രയാസം ആസ്വദിക്കാവുന്നതായ ഹാസമല്ലാ വിളയാട്ടത്തിൽ കാണുന്നതു്. പഠിച്ചവൎക്കു പ്രത്യേകിച്ചും ആസ്വാദ്യമായിട്ടുള്ള ഒരു ഹാസ്യരസമാണു വിദ്യുജ്ജിഹ്വൻേറതു്. കുറച്ചെങ്കിലും നമ്മ ബുദ്ധിയില്ലാത്ത യാതൊരുവനും വിളയാട്ടത്തിൻെറ യഥാർത്ഥരസം അനുഭവിക്കുവാൻ സാധിക്കുന്നതല്ല. ഇതൊരു മികച്ച സാഹിതീഭൂഷണമായിട്ടുവേണം വിചാരിക്കുവാൻ. എന്തെന്നാൽ കാവ്യരസാനുഭൂതിയുടെ രഹസ്യംതന്നെ പ്രത്യേകപരിശീലനമാണല്ലോ.

വിദ്യുജ്ജിഹ്വൻെറ ഭാഷയെപ്പററിയും അല്പം ചിലതു പറയുന്നതു യുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു. സാഹിത്യക്കളരിയിൽ ചിരകാലം പയററി കയ്യും മെയ്യുമുറച്ചിട്ടുള്ള ഒരു ഗദ്യകാരൻെറ പ്രയോഗപാടവങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ വിളയാടുന്നുണ്ടു്. സന്ദൎഭങ്ങൾക്കനുസരിച്ചു ഭാഷയെ ഭേദപ്പെടുത്തുന്ന സമ്പ്രദായം വിദ്യുജ്ജിഹ്വനില്ല. ആദ്യന്തം

ഒരേ രീതിയിലുള്ള പദങ്ങൾ, വാക്യങ്ങൾ എന്നിവയാണ് വിളയാട്ടത്തിൽ നാം കാണുന്നതു്. തജ്ജിമകളെപ്പററി ഉപന്യസിക്കുമ്പോഴും, ത്രിമൂർത്തികളെക്കുറിച്ചെഴുതുമ്പോഴും, മത്തത്തുടത്തിനെ കളിയാക്കുമ്പോഴും ഒരേ ഭാഷതന്നെയാണു വിദ്യുജ്ജിഹ്വൻ പ്രയോഗിക്കുന്നതു്. വിദ്യുച്ഛക്തി നിറഞ്ഞൊഴുകുന്ന വാക്യങ്ങൾ ഈ ഗ്രന്ഥത്തിൽ എവിടെ നോക്കിയാലും സുലഭങ്ങളാകുന്നു. വിദ്യുജ്ജിഹ്വൻെറ പദസ്വാധീനവും ആശയവിശദീകരണത്തിനുള്ള പാടവവും അന്യാദൃശങ്ങൾതന്നെയാണ്. നാവിൻതുമ്പിൽ വിദ്യുച്ഛക്തി സഞ്ചയിക്കുവാൻ സാധിക്കുന്ന ഒരാൾക്കാണോ ജീവൻ നിറഞ്ഞ വാക്യങ്ങൾ എഴുതുവാൻ വിഷമം?

'വിളയാട്ട'ത്തെ ഒരു ഗ്രന്ഥരൂപത്തിൽ പുറത്തിറക്കുവാൻ തുനിഞ്ഞ പ്രസാധകനെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല. "ചിതലിന്നു മുതലായും, പാററയ്ക്കു തീററയായും" പോകുമായിരുന്ന മൂലത്തെ തജ്ജമചെയ്തു് പ്രകാശിപ്പിച്ച അജ്ഞാതനാമകവിയേയോ, കൈരളിയുടെ പഴയ ലക്കങ്ങളിൽ കുടുങ്ങിപ്പോകുമായിരുന്ന 'വിദ്യുജ്ജിഹ്വൻെറ വിളയാട്ടം' തേടിപ്പിടിച്ചു പ്രസാധനം ചെയ്യാൻ മുതിന്ന മിസ്റ്റർ പുത്തേഴത്തു രാമൻമേനോനെയോ ആരെയാണ് അധികം ശ്ലാഘിക്കേണ്ടതെന്നു വായനക്കാർ തീർച്ചയാക്കിക്കൊണ്ടാൽ മതി. ഏതായാലും വിദ്യുജ്ജിഹ്വൻെറ നാവിനും പ്രസാധകൻെറ സാഹിത്യപരിശ്രമങ്ങൾക്കും ഉത്തരോത്തരം വിജയമാശംസിച്ചുകൊണ്ടു ഞാൻ തല്ക്കാലം വിരമിച്ചുകൊള്ളട്ടെ.

തൃശ്ശിവപേരൂർ,
1-1-1934

അമ്പാടി രാമപ്പുതുവാൾ

# പ്രസാധകൻെറ പ്രസ്താവന

'വിദ്യൂജ്ജിഹ്വൻെറ വിളയാട്ട'ങ്ങളുടെ പ്രസാധകത്വം ഇയ്യുള്ളവനിൽ സംക്രമിച്ചതു് അവിചാരിതമെങ്കിലും അത്ഭുതാവഹമല്ല. എൻെറ മനുഷ്യമിത്രവും പ്രസിദ്ധ സാഹിത്യകാരനും ഹൈക്കോർട്ടു വക്കീൽ കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ അവർകൾ പത്രാധിപത്യമേററു നടത്തിയ കാലത്താണു് 'കൈരളി'യിൽ ഈ വിളയാട്ടങ്ങൾ പ്രകാശിതങ്ങളായതു്. ഓരോ ലക്കവും പുറത്തുവന്നാൽ അതിലെ വിളയാട്ടങ്ങളെക്കുറിച്ചു ഞങ്ങൾ ഗുണദോഷനിരൂപണം ചെയ്യാറും രസിക്കാറും ഉണ്ടു്. അതിൻെറ പ്രസിദ്ധീകരണം പെട്ടെന്നു നിന്നതിനെക്കുറിച്ചുണ്ടായ പ്രശ്നത്തിന്നു് അദ്ദേഹം കൊടുത്ത ഉത്തരം ഇപ്രകാരമായിരുന്നു: ''വളരെ മാന്യനും സാഹിത്യപുംഗവനുമായ ഒരു സ്നേഹിതൻ എഴുതുന്നു. 'കൈരളിയുടെ കടലാസ്സും വിദ്യൂജ്ജിഹ്വൻെറ വിലയേറിയ സമയവും വേറേ തരത്തിൽ വിനിയോഗിച്ചുകൂടേ' എന്നു്. എന്തുവേണമെന്നറിയാതെ ഞാൻ അല്പം അമ്പരന്നു. വിളയാട്ടങ്ങൾ വീണ്ടും കണ്ടാൽ ആ സുഹൃത്തു പിണങ്ങും. എഴുതിയതു മതി എന്നു പറഞ്ഞാൽ വിദ്യൂജ്ജിഹ്വനും വിജൃംഭിക്കും. അങ്ങനെ ഇരിക്കുമ്പോൾ അടുത്ത ലക്കം അച്ചടിക്കുന്നതിനുള്ള 'മാററർ' ശേഖരിച്ചു പ്രസ്സിലേക്കു പുറപ്പെടവേ എനിക്കൊരു എഴുത്തുകിട്ടി. അതിപ്രകാരമായിരുന്നു. 'തെക്കൻ പൂശാരിയുടെ കത്തു കിട്ടിയ വിവരവും അതിൻെറ ഉള്ളടക്കവും എനിക്കു മനസ്സിലായി. ആ സാധു ഏറുകൊള്ളുമെന്നു ഭയന്നു് ഏറുകാരനെ അകററുന്നതാണു്. എന്നാലും വേണ്ടില്ല, ഭീരുക്കളോടുള്ള പോരെനിക്കിഷ്ടമില്ല. വിളയാട്ടങ്ങൾക്കു പൂർണ്ണവിരാമമിട്ടു കഴിഞ്ഞു. കച്ചിട്ടു് എറക്കാനുംവയ്യാ മധുരിച്ചിട്ടു തുപ്പാനും വയ്യാ എന്ന സ്ഥിതി ഞാൻ അനുഭവിച്ചതു് അന്നാണു്.''

വിളയാട്ടങ്ങൾ പത്തു രംഗംകൊണ്ടു് അവസാനിച്ചു. അഭിമാനക്കുടുക്കങ്ങൾക്കു ശ്വാസം നേരേ വീണു. ഏതാണ്ടു് ഒരു വ്യാഴവട്ടം പിന്നെ ആ സ്മരണകൂടാതെ കഴിഞ്ഞുകൂടി. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം എനിക്കു് ഒരു 'ദർശന'മുണ്ടായി. ''ആ വിദ്യൂജ്ജിഹ്വൻെറ വിളയാട്ടങ്ങളെ ഒരു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തരുതേ? പ്രസാധകത്വം പ്രസിദ്ധിക്കു ഹാനിവരുത്തുകയില്ല. പ്രചാരത്തിന്നു കുറവുണ്ടാക്കുകയുമില്ല.'' ഇതായിരുന്നു അതിൻെറ സാരം.

ചോദിച്ച കൈരളിക്കാരോട് ഞാൻ പ്രസിദ്ധപ്പെടുത്തട്ടേ പുസ്തകരൂപത്തിൽ വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങളെ എന്നു്. ആവാമല്ലോ, എന്നാൽ തൽപ്രവൎത്തകന്മാരും, താണം ഞങ്ങൾക്കു് അച്ചടി എന്നു് വിദ്യാവിനോദിനിക്കാരും, എഴുതാം ആമുഖം ഞാനൊന്നു എന്നു് എന്റെ സ്നേഹിതൻ മിസ്റ്റർ രാമപ്പൂവാളം. അവൎക്കെല്ലാം എന്റെ വന്ദനം. പെരിയപെരിയ വന്ദനം. നാമമാത്രമാക്കി പ്രസാധനം എന്റെ അപർ.

ഇനി എനിക്കൊന്നും പറയാനില്ല. ഈ പുസ്തകത്തിന്മേൽ എനിക്കല്ലാതെ മറെറല്ലാവൎക്കുമുള്ള സമസ്താവകാശങ്ങളും എനിക്കുതന്നെയാണു്. ഇതു വിററുകിട്ടുന്ന പണം അധഃകൃതോദ്ധാരണത്തിന്നുപയോഗിക്കണമെന്നു 'കൃഃതാദ്ധാരകരും' ഖദർ നിൎമ്മാണത്തിന്നു തരണമെന്നു 'ഖദർ വാളകളും', പ്രസവാസ്പത്രിയിലെ വയററാട്ടിക്കു കൊടുക്കണമെന്നു സന്താനനിയന്ത്രണവിദഗ്ദ്ധന്മാരും അപേക്ഷിക്കുന്നുണ്ടെങ്കിലും, വിററു കിട്ടുന്ന സംഖ്യയിൽനിന്നു് അച്ചടിക്കൂലിയും കമ്മീഷനും കഴിച്ച ബാക്കിയുണ്ടാകുന്നതു മുഴുവനും പലിശക്കു കൊടുത്തു മുതൽവൎദ്ധിപ്പിച്ച വിദ്യുജ്ജിഹ്വനെ പ്രതിഷ്ഠിക്കുന്നതിന്നു് ഒരു ക്ഷേത്രം നിൎമ്മിക്കുന്നതിനാണുദ്ദേശിക്കുന്നതു്. ആ ക്ഷേത്രത്തിലാകട്ടെ, ആൎക്കും പൂജചെയ്യാം, ഏതവൎക്കും പ്രവേശിക്കാം പൂശാരിയുടെ മനശ്ശുദ്ധികൊത്തവണ്ണം, പൂജിക്കപ്പെടുന്ന വസ്തുവിന്റെ സ്വാരസ്യത്തിന്നനുസരിച്ചു്, ആനന്ദവും ആഹ്ലാദവും, അവരവൎക്കും മററുള്ളവൎക്കും യഥേഷ്ടം അനുഭവിക്കാം. ആ ക്ഷേത്രം കേരളത്തിന്റെ അഭിമാനമായി പരിണമിക്കട്ടെ.

തൃശ്ശൂർ
2-1-1934

പുത്തേഴത്തു് രാമമേനോൻ

## പ്രാരംഭം—അഥവാ—ആരംഭം, അല്ലെങ്കിൽ സംരംഭം

വിശ്വവിശ്രുതനായ വിദ്യുജ്ജിഹ്വന്റെ വിഖ്യാതങ്ങളും, വിജ്ഞാനപ്രദങ്ങളും, വിനോദകരങ്ങളും, വിവിധങ്ങളും ആയ വിക്രിയകളെക്കുറിച്ചു വിസ്തരിച്ചറിയുന്നതിൽ വിശേഷബുദ്ധിയുള്ള വിദ്വാന്മാൎക്കും വിസമ്മതമുണ്ടാകുവാൻ വഴിയില്ല. വിശ്വകൎമ്മാവു് കൎമ്മശക്തിക്കു വശംവദനായി പ്രപഞ്ചസൃഷ്ടിക്കു തുടന്നതിന്റെ തലേദിവസം മുതൽ ഇന്നുവരേയും, വരുന്ന കല്പാന്തകാലത്തിന്റെ പിറേറദിവസം ഉച്ചതിരിഞ്ഞതിന്നുശേഷവും, ഈരേഴ പതിന്നാലു ലോകത്തിലും, മുവ്വെട്ടു് ഇരുപത്തിനാലു രാജ്യത്തിലും യശസ്വിയായും സൎവ്വസമ്മതനായും വൎത്തിച്ചുപോന്നിട്ടുള്ള, പോരുന്ന, പോരാൻപോകുന്ന, വിദ്യുജ്ജിഹ്വനെ നേരിട്ടു കാണാത്തവരായ അന്ധന്മാരോ, അജ്ഞാനികളോ, അസംപ്രേക്ഷ്യകാരികളോ ഈ ആയിരത്തിത്തൊള്ളായിരത്തിയിരുപത്തിമൂന്നു് ഒക്ടോബർ ഒന്നാംതീയതി തിങ്കളാഴ്ച അഞ്ചുമണിക്കും വിദ്യുജ്ജിഹ്വാലയമായ ഈ ഭൂമിയിലെ വല്ല മൂക്കിലോ മൂലയിലോ കിടപ്പുണ്ടെങ്കിൽ, രണ്ടണ കൊടുത്തു് ഒരു മുഖക്കണ്ണാടി വാങ്ങിച്ചു് അതിൽ നോക്കിയാൽ ആദ്യം കണ്ടെത്തുന്ന ഛായ ആരുടെയോ ആ പ്രതിച്ഛായയുടെ സാക്ഷാൽ ഉടമസ്ഥൻതന്നെയാണു് വിശേഷാത്തരങ്ങ

ളായ വിഖ്യാതങ്ങളുടെ പ്രസിദ്ധപ്പെട്ട പ്രണേതാവായ യഥാൎത്ഥ വിദ്യുജ്ജിഹ്വൻ, എന്നു മാത്രമേ ആ പച്ചപ്പാവങ്ങളോട് ഈ പതനത്തിൽ വിദ്യുജ്ജിഹ്വന്നു പറയുവാനുള്ളു. കുങ്കുമപ്പൊട്ടു കുത്തുന്ന നാരീമണിയും, 'കണ്ഠകൗപീനം' (Neck–tie) ധരിക്കുന്ന യുവപരിഷ്കാരിയും, മേൽമീശ പിരിക്കുന്ന ഉദ്യോഗസ്ഥനും, പാശ്ചാത്യനും, പൗരസ്ത്യനും, മറ്റൊന്നും മറിച്ചൊന്നും എന്നുവേണ്ടാ കണ്ണാടി നോക്കീട്ടുള്ള സകലരും—ആണും പെണ്ണും, ആബാലവൃദ്ധം,—നിൎജ്ജീവമായ ആ 'രസച്ചില്ലി'ന്റെ പിന്നിൽ പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുന്നതായി കണ്ടിട്ടുള്ള ആ 'വിശ്വരൂപം'തന്നെയാണു് വിദ്യുജ്ജിഹ്വന്റെ വിശിഷ്ടമായ വിഗ്രഹം. "നീ എന്നെ എങ്ങനെ വിചാരിക്കുന്നുവോ, ഞാൻ നിനക്കു് അങ്ങനെതന്നെ പ്രത്യക്ഷപ്പെടുന്നു" എന്നു ഗീതാകൎത്താവു് ഉപദേശിച്ചിട്ടുള്ളതു് ഒരു വെറും പരമാൎത്ഥമാണെന്നു വിദ്യുജ്ജിഹ്വന്റെ ഛായാവിശേഷം വെളിവാക്കിയിരിക്കുന്നു. അതുകൊണ്ടായിരിക്കണം, 'വിദ്യുജ്ജിഹ്വൻ' 'ഈശ്വരൻ'തന്നെയാണെന്നുംകൂടി ചില 'ഭക്തന്മാൎക്കു്' അഭിപ്രായമുള്ളതു്. കല്പാന്തതോയത്തിലെ ആലിലയിൽ കിടന്നു കളിക്കുന്ന 'പരബ്രഹ്മം' സമുദ്രത്തിലേയ്ക്കു് എത്തിച്ചുനോക്കിയപ്പോൾ ആ ജലത്തിൽ നിഴലിച്ചും, സ്വന്തം ഹൃദയത്തിലേയ്ക്കു നോക്കിയപ്പോൾ അവിടെ പ്രതിഫലിച്ചും കണ്ട വിദ്യുജ്ജിഹ്വന്റെ രൂപസൗന്ദൎയ്യം തന്നെയായിരിക്കണം ലോകസൃഷ്ടിക്കു് അദ്ദേഹത്തെ ഉത്സുകനാക്കിത്തീൎത്ത പ്രപഞ്ചശക്തി. എന്തിനാണു് അധികം വിവരിച്ചു വേദനപ്പെടുന്നതു്. ആദ്യന്തമില്ലാത്തവനും, സൎവ്വവ്യാപിയും, സൎവ്വശക്തനും ആണു് വിദ്യുജ്ജിഹ്വൻ എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. അപ്ര

കാരമുള്ള ദിവ്യനായ ഒരു കഥാപുരുഷന്റെ വിശുദ്ധാ നുഭവങ്ങൾ ആക്കുംതന്നെ ആഹ്ലാദകരമായിരിക്കയില്ല. അനേകങ്ങളായ ആ അനുഭവങ്ങളിൽ അപ്രധാനങ്ങളല്ലാത്തവയെ പ്രസിദ്ധപ്പെടുത്തുവാൻതന്നെ നിശ്ചയിച്ചു കഴിഞ്ഞു.

വിദ്യുജ്ജിഹ്വന്റെ അനുഭവങ്ങൾ ഏതവക്കും ഏതു കാലത്തും 'സ്വാനുഭവങ്ങൾ'തന്നെ ആയിരിക്കുമെന്നു നിവ്വിവാദമാണു്. ജാതിമതഭേദങ്ങളോ, വണ്ണവ്യത്യാസങ്ങളോ, സ്ത്രീപുരുഷഭേദമോ, രാജ്യകാലവ്യത്യാസങ്ങളോ കൂടാതെ ആത്മപോഷണാത്ഥം സമഭാവന വഹിക്കുന്നവനാണു വിദ്യുജ്ജിഹ്വൻ. അങ്ങനെ അല്ലെന്നു സംശയിക്കുന്നവർ, 'അല്ലേ?' എന്ന ചോദ്യം അവരവരോടുതന്നെ ചോദിച്ചാൽ മതി. വിദ്യുജ്ജിഹ്വൻ എന്നല്ലാതെ 'ജിഹ്വി', 'ജിഹ്വത്തി', 'ജിഹ്വമ്മ' എന്നൊന്നും കേട്ടിട്ടുതന്നെയില്ലാത്തതുകൊണ്ടു വിദ്യുജ്ജിഹ്വനിൽ ആണും പെണ്ണുമില്ലെന്നു സ്പഷ്ടമാണു്; എന്നാൽ ആണും പെണ്ണും കെട്ടതെന്നു സംശയിക്കേണ്ട. ആയാൾ ആണും ആണു്; പെണ്ണും ആണു്. അയാൾ ആണും അല്ല; പെണ്ണും അല്ല. അയാൾ ആണിനാണു്, പെണ്ണിനു പെണ്ണു്, ഇങ്ങനെയാണു്. അവരവരെക്കുറിച്ചു സ്നേഹബഹുമാനങ്ങൾ തോന്നാത്ത ജീവജാലങ്ങൾ ഒന്നും ഈശ്വരസൃഷ്ടിയിൽ ഇല്ലാത്തതുകൊണ്ടു വിദ്യുജ്ജിഹ്വൻ സവ്വരാലും ഒരുപോലെ സ്നേഹിക്കപ്പെടുന്നവനും ആദരിക്കപ്പെടുന്നവനും ആകുന്നു. സാഹിത്യരംഗത്തിലും, കോടതിസ്ഥലങ്ങളിലും, വ്യവസായശാലകളിലും, യന്ത്രപ്പുരകളിലും, സക്കസ്സുപന്തലിലും, അകത്തും പുറത്തും, എവിടേയും വിദ്യുജ്ജിഹ്വനെക്കാണാവുന്നതുകൊണ്ടു വിദ്യുജ്ജിഹ്വന്റെ അനുഭവങ്ങളുടെ പരിധി അപ

രിമിതംതന്നെയാകുന്നു. എല്ലാ മനുഷ്യൎക്കും എന്നപോലെത്തന്നെ വിദ്യുജ്ജിഹ്വനും ആത്മപ്രശംസ അത്യന്തം പത്ഥ്യമാകുന്നു. "കടുകിൻമണി മാത്രമുള്ളോരു പരദോഷ,മുടനെക്കാണുന്നു നീ; നിന്നുടെ ദോഷം പിന്നെ കണ്ടാലും ഗജമാത്രം കാണുന്നീലേതുമതു്, പണ്ഡിതന്മാൎക്കുപോലുമുള്ളോരു കുറവത്രേ" എന്നു പണ്ടു ശകുന്തള പറഞ്ഞതു താതകണ്വൻ പഠിപ്പിച്ചിട്ടാണെങ്കിലും അല്ലെങ്കിലും വിദ്യുജ്ജിഹ്വനു് ആ ഒരു 'കുറവു്' കുറയുന്നതുകൊണ്ടു പണ്ഡിതസ്ഥാനം കിട്ടാതിരിക്കയില്ലെന്നു തീൎച്ചയാണു്. പഞ്ചതന്ത്രക്കാരന്റെ സിംഹം കിണററിന്നടിയിൽ വേറെ ഒരു സിംഹത്തെക്കണ്ടപ്പോൾ കോപിച്ചു ശണ്ഠയ്ക്കു പുറപ്പെട്ടു. പക്ഷേ, വിദ്യുജ്ജിഹ്വൻ എവിടെച്ചെന്നാലും കാണുന്നതെല്ലാം വിദ്യുജ്ജിഹ്വനെത്തന്നെയായിരുന്നിട്ടും ഒരു ശണ്ഠയുംകൂടാതെ തൻകാൎയ്യം നേടുന്നതിന്നു സമൎത്ഥനാണു്. അടുത്ത അവസരത്തിൽ ഒരു ഫോട്ടോഗ്രാഫ്റുടെ ആപ്പീസ്സിൽ അലങ്കാരത്തിന്നായും, ആകൎഷണത്തിന്നായും ചുമരുകളിൽ ഛായകൾ ഞാത്തിയിട്ടിരിക്കുന്നതു കണ്ടിട്ടുംകൂടി യാതൊരു പതറിച്ചയുംകൂടാതെതന്നെ കഴിഞ്ഞുകൂടി. ഇംഗ്ലീഷുകാർ പറയുന്നതുപോലെ—ഇംഗ്ലണ്ടിലെ വിദ്യുജ്ജിഹ്വൻ ബൂട്ട്സും, കാലുറയും, കുപ്പായവും, ചട്ടത്തൊപ്പിയും ധരിക്കുന്നവനാണു്—"ഞാനെന്റെ കാഹളം ഊതുക" (To blow one's own trumpet) എന്ന കൃത്യം ഇവിടെ നിൎത്തിക്കളയാം. ഇപ്പോൾ വിദ്യുജ്ജിഹ്വനെപ്പററി അത്യാവശ്യം ചിലതെല്ലാം എല്ലാവൎക്കും മനസ്സിലായിട്ടുണ്ടായിരിക്കണം. ഇല്ലെങ്കിൽ വിദ്യുജ്ജിഹ്വൻ ആരാണെന്നു സംശയിപ്പാനുമില്ല. എല്ലാവരിലും തന്നെത്താനെ കാണുന്നവനും, എന്നാൽ തന്നെത്താൻ കാണാ

ത്തവനും, എല്ലാം താൻതന്നെ കാണുന്നവനും, തന്നാലൊഴിച്ച് എല്ലാവരാലും നിരസിക്കപ്പെടുന്നവനും, തന്നെ ഒഴിച്ച് എല്ലാവരേയും താൻ നിരസിക്കുന്നവനും, കാഴ്ച കൂടിയവനും, തൊലി കനത്തവനും, വാക്കേറിയവനും, ക്രിയ കുറഞ്ഞവനും, അല്ലെങ്കിൽ വേണ്ടാ, നാമോരോരുത്തരുംതന്നെയാകുന്ന സാക്ഷാൽ വിദ്യുജ്ജിഹ്വൻ. വിവരിക്കപ്പെടുവാൻപോകുന്ന അനുഭവങ്ങളുടെ അനേകത്വംകൊണ്ടു് 'വിദ്യുജ്ജിഹ്വപദപ്രയോഗബാഹുല്യം' ഒരുവേള വിസ്തീർണ്ണത്വംതന്നെയായേക്കാവുന്നതിനാൽ ഇനി ഈ പേരേ പറയാതെ 'ഞാൻ'തന്നെ നേരിട്ടു പുറപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്നു. 'എന്റെ'യുള്ളിലും 'ഞാൻ' വഴിയായും വായനക്കാർക്ക് വിദ്യുജ്ജിഹ്വനെക്കാൺവാൻ സാധിക്കാതിരിക്കയില്ല. ഇല്ലെങ്കിൽ വേണ്ടതാനും. തിരപ്പുറപ്പാടു കഴിഞ്ഞു. ചൊല്ലിയാട്ടംവഴിയേ.

## പ്രാരംഭത്തിൻെറ
## പര്യവസാനത്തിന്നുള്ള സംരംഭം

മൂക്കത്തു 'കൊഴക്കട്ടയും' വായയിൽ 'തേങ്ങാപ്പൂളും' ധരിച്ചുംകൊണ്ടുവരുന്ന കഥകളിയിലെ താടിക്കാരനായ 'തിരപ്പുറപ്പാട്ട്'കാരൻ, തിരശ്ശീല പിടിച്ചുതാത്തിയും, ശീലക്കാരെ ഇട്ടു വട്ടംതിരിച്ചും, ആളിക്കത്തുന്ന രംഗവിളക്ക കെടുത്തുവാൻ ഉത്സാഹിക്കുംപോലെ അതിൻെറ നേരെ കാററടിപ്പിച്ചും മററും 'തിരുമുഖം' കാണിച്ചു വീണ്ടും തിരശ്ശീലയ്ക്കുള്ളിൽത്തന്നെ മറഞ്ഞുപോകയും "ആ ചുട്ടിക്കാരൻ ആരാണ്, ബഹുപരാക്രമി," എന്നിങ്ങനെ ചില കാണികളും, "രംഗശ്രീ പോരായ്കയില്ല, മെയ്യില്ല" എന്നും മററും മററു പലരും തമ്മിൽത്തമ്മിൽ അഭിപ്രായപ്രകടനങ്ങൾ തിമക്കുകയും, ഉറങ്ങിക്കിടന്നിരുന്ന കുട്ടികളും, 'ഉറക്കംതൂങ്ങി'ക്കൊണ്ടിരുന്ന കാമിനികളും തേങ്ങാപ്പൂളുവെച്ച വേഷം വന്നപ്പോൾ ഉണൎന്നുവശാവുകയും ചെയ്യുന്നു. ഇങ്ങനെ ഒന്നുരണ്ടു തവണത്തെ തിരപ്പുറപ്പാടു കഴിഞ്ഞാലും ശരിയായ പുറപ്പാടാവുന്നില്ല. ഏതാണ്ട് അതുപോലെതന്നെയാണ വിദ്യുജ്ജിഹ്വന്റെ—അല്ല തെററി, എൻെറ—കുടുംബത്തിൽ ഇന്നുനിലനിന്നു പോരുന്നതായി 'പഴന്തള്ളമാർ' ചൊല്ലിക്കേട്ടിട്ടുള്ള അതു് 'ചേതി' ഓൎത്തും ആ പാരമ്പൎയ്യം വിടാൻ മടിച്ചും, പിന്നെ, എനിക്ക് എന്നെപ്പോലെ സ്തുത്യൎഹമായ ഒരു വസ്തുവിനെ ഇതുവരെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടും ആത്മപ്രശംസ എന്ന സ്വത്തു കാരണവന്മാരായി അതിപ്രയത്നം ചെയ്തു സമ്പാദിച്ച

പൊളിയാത്ത ഉണ്ടികയിൽ—അല്ലെങ്കിൽ, ഉണ്ടിക പൊളിഞ്ഞിട്ടും ആളു ഞെളിഞ്ഞുകൊണ്ടുതന്നെ ഇരിക്കാത്ത ഇണ്ടികയിൽ—മര്യാദപലിശയും കൊടുത്തു ശീട്ടുവാങ്ങിച്ചിട്ടുള്ളതാകയാലും, ഞാനും 'ഒരു മറിനോക്കി' കളയാമെന്നു വെച്ചതാണു്.

എന്റെ ശരിയായ പേരുവിവരം അറിയുന്നതിൽ ആൎക്കും സന്തോഷമില്ലെങ്കിലും ഒട്ടും അപ്രീതി ഉണ്ടാകയില്ലെന്നാണു വിശ്വസിക്കേണ്ടതു്. 'വിഷ്ണ്വാൻ പറമ്പത്തു് ഇട്ടിവാസു വിദ്യുജ്ജിഹ്വൻ' എന്നാണു് എന്റെ 'ആധാരപ്പേരു്'. അല്ലെങ്കിൽ എനിക്കു് ആധാരമായ പേരു്; എന്റെ ഇട്ട പേരു്.

കുട്ടി ജനിച്ചു് ഇരുപത്തെട്ടാംദിവസം അമ്മ കിഴക്കോട്ടുതിരിഞ്ഞിരുന്നു കുട്ടിയെ മടിയിൽവെച്ചു ചെവിയിൽ വിളിക്കുന്ന പേരല്ലാ യഥാൎത്ഥമായ പേരു് എന്നു് എന്റെ കാൎയ്യത്തിൽ സ്പഷ്ടമാണു്. കുട്ടിക്കാലത്തു് എന്റെ 'പഴന്തള്ള' എന്നോടു പറയാറുണ്ടു്—"വിഷ്ണ്വാൻപറമ്പാ, നീ സൂക്ഷിച്ചോ ഞാൻ നിന്നെ ബഹു കേമനാക്കി വിദ്യുജ്ജിഹ്വൻ എന്ന പേരിട്ടിട്ടുണ്ടു്. അതൊന്നുമല്ല, പേരു്. അതൊക്കെ വീട്ടിൽവിളിക്കാനുള്ള പേരാണു്. 16 വയസ്സിൽ 'മാലോകരു്' ഒരു പേരിടും. അതാണു ശരിയായപേരു്: പേരു കളയിക്കരുതേ—മോനേ!" അമ്മ പറഞ്ഞതു പച്ചപ്പരമാൎത്ഥമാണു്. അല്ലെങ്കിൽവിഷ്ണുജ്ജിഹ്വനായിത്തുടങ്ങിയ ഞാൻ വിദ്യുജ്ജിഹ്വനായി പരിണമിക്കുകയില്ലായിരുന്നു. "അഭടഭടരാഭണാ" എന്നു പറഞ്ഞതുകൊണ്ടു വന്ന അനുഭവം ലോകപ്രസിദ്ധമാണല്ലോ. അതുപോലെതന്നെയാണു് ഞാൻ ലോകത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്ന സംഗതിയും. ഞാൻ

R. K. ... GRANDHA ... THENNOOKKONAM ... CHENGANOOR. A. O.

എന്തു പറഞ്ഞാലും കുറിക്കുകൊള്ളും. എന്റെ വാക്കിന്റെ 'ഫലിതം' ക്ഷണ ഫലിച്ചുതുടങ്ങി. ചില അസൂയാകുക്ഷികൾ എനിക്കു 'കരിനാവു'ണ്ടെന്നുംകൂടി വ്യാഖ്യാനിച്ചുതുടങ്ങി. മഹാന്മാരുടെ വലിയ പ്രവൃത്തികൾക്കു് 'അങ്ങാടിപ്പിള്ളർ' അർത്ഥവും ഉദ്ദേശവും കൊടുക്കുന്നതു സാധാരണയാകയാൽ, മററുള്ളവരുടെ ആക്ഷേപങ്ങൾ കേട്ടപ്പോൾ ഞാൻ എന്റെ വലിപ്പത്തിലും മഹത്വത്തിലും മതിമറന്നവനായി ആക്ഷേപക്കാരുടെനേരെ പ്രീതനായിത്തീൎന്നു. എന്റെ പ്രീതി അവരെ അക്ഷീണപരിശ്രമശാലികളും, അത്യന്തം കൃതജ്ഞന്മാരുമാക്കിത്തീൎത്തു. എന്നെക്കുറിച്ചുള്ള ആക്ഷേപങ്ങളും, എന്റെ മഹത്വവും ഒരുപോലെ വളൎന്നു. ഞാൻ വിഖ്യാതനും പ്രഖ്യാതനും ആയിത്തീൎന്നു. ഞാൻ ഞാനായിത്തീൎന്നു.

ഒരു ദിവസം എന്റെ വാക്കിന്റെ ഫലിതത്തിൽ ഭ്രമമുള്ള, അഥവാ, വിശ്വാസമുള്ള, അല്ലെങ്കിൽ പോട്ടെ, അന്ധവിശ്വാസമുള്ള, ഒരാൾ എന്നെ ഒരു വയലിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. 'ചാഴി'യുടെ ഉപദ്രവത്താൽ നെല്ലുമുഴവനും മോശപ്പെട്ടു്, കതിരിൽ മണിയില്ലാതെ, എല്ലാം തലയെകത്തി മേല്പോട്ടു നോക്കി, യാതൊരു വിനയവും കൂടാതെ നില്ക്കുകയായിരുന്നു. ആ കാഴ്ച എനിക്കു കാണിച്ചുതന്നാൽ എന്റെ തീവ്രബുദ്ധിയിൽ എന്തെങ്കിലും തോന്നുമെന്നും, അപ്പോൾ പെട്ടെന്നുണ്ടാകുന്ന വാക്കു ചാഴിക്കേടിനു കുറിക്കുകൊള്ളുമെന്നും ആ സാധു—എന്നെ ഭ്രമിക്കുന്നവൻ സാധുവല്ല മഹാനാകുന്നു—വിചാരിച്ചു് എന്നെ കൂട്ടിക്കൊണ്ടുപോയി. എന്നാൽ, "കുറുക്കന്റെ കണ്ണു് എപ്പോഴും കോഴിക്കൂട്ടിൽ" എന്നു പറഞ്ഞപോലെ എന്റെ ദൃഷ്ടികൾ ഉണങ്ങിനില്ക്കുന്ന ചാഴിക്കതിരുകളെയല്ല, അവയുടെ എടയിൽ

അങ്ങുമിങ്ങും നില്ക്കുന്ന നല്ല കതിരുകളെയാണു കണ്ടെത്തിയതു്. അതു കണ്ട ഉടനെ എന്റെ തീവ്രമായ ബുദ്ധിയും, ഉഗ്രമായ വാക്കും ഒരേ സമയത്തുതന്നെ പ്രവൎത്തിക്കുകയും തൽക്ഷണം, "ചാഴിക്കേടു വളരെ ബാധിച്ചിട്ടുണ്ടെങ്കിലും, അവിടവിടെ കാണപ്പെടുന്ന നല്ല കതിരുകൾ വലിയ വാളൻപുളിങ്ങകൾപോലെ തടിച്ചും നീണ്ടും വളഞ്ഞുംതന്നെ നില്ക്കുന്നു," എന്നുള്ള ഒരു അഭിപ്രായപ്രകടനം പുറപ്പെടുകയും ചെയ്തു. ആ മിനുട്ടിൽത്തന്നെ ആ നെൽക്കതിരുകളെല്ലാം ചാഴിക്കതിരുകൾ ആയിത്തീൎന്നതു് എന്റെ സ്നേഹിതൻ കണ്ണുകൊണ്ടു കണ്ടും നിന്നു. അങ്ങോട്ടു മഞ്ചലിൽ പോയ ഞാൻ—വോട്ടുചെയ്യിക്കുന്നതിന്നു മോട്ടോറിൽ കൊണ്ടുപോകപ്പെട്ടവർ, അതു കഴിഞ്ഞശേഷം വെയിലത്തു നടന്നു മടങ്ങിപ്പോകേണ്ടിവരുന്നപോലെ—തിരികെ പോന്നതു നടന്നിട്ടാണെങ്കിലും, ദയാലുവായ എന്റെ മാന്യസ്നേഹിതൻ എന്റെ ശരീരത്തിൽ ഏററവും ഇട്ടക്കുള്ള സ്ഥലത്തു—ഭേകാളർ കെട്ടുന്ന സ്ഥലത്തു—പിടിച്ചു് എന്തോ ഒരു പ്രവൃത്തി ചെയ്തതുകൊണ്ടു് എനിക്കു് ഏതാനുംസ്ഥലം നടക്കാതെ തന്നെ കഴിഞ്ഞുകൂടി. ഇതുപോലെ ഇനിയും പല വീരസ്യങ്ങളുമുണ്ടു്. നമ്മുടെ 'ഒഴിഞ്ഞ തമ്പുരാൻ' അദ്ദേഹത്തിന്റെ ജൂബിലിക്കു് എന്റെ പ്രിയപിതാവിന്നു് ഒരു കീൎത്തിമുദ്ര നല്കുവാൻ നിശ്ചയിക്കയും, അന്നു് അല്പം സുഖക്കേടിൽ കിടന്നിരുന്ന അച്ഛന്നു് അതു് അയച്ചുകൊടുക്കുകയും ചെയ്തു. അച്ഛൻ അധികം താമസിക്കാതെ 'എരന്തു'പോകയും, പിന്നീടു് ഞാൻ ഒരിക്കൽ തിരുമുമ്പിൽ ചെല്ലുകയും ചെയ്തപ്പോൾ, തിരുമനസ്സിലോട്ടു് ഞാൻ ഒന്നാമതായി പറഞ്ഞ വാക്കുകൾ ലോകപ്രസിദ്ധങ്ങളാണു്; "തിരുമനസ്സിൽനിന്നു് എന്റെ അച്ഛന്നു്

ഒരു കീൎത്തിമുദ്ര കല്പിച്ചുനൽകിയതിൽപ്പിന്നെ അച്ഛൻ കണ്ണു തുറന്നിട്ടുമില്ല, ഒരു വാക്കു മിണ്ടീട്ടുമില്ല." ഈ വാക്കുകൾ തമ്പുരാൻ തിരുമനസ്സിൽനിന്നു് എന്തൎത്ഥത്തിൽ മനസ്സിലാക്കിയാലും വേണ്ടില്ല, എനിക്കു് അന്നു് അവിടെ അധികം താമസിക്കേണ്ടിവന്നിട്ടില്ല. പുറത്തു പോരുവാൻ ഒരു പ്രയാസവും ഉണ്ടായില്ല.

ഇത്രയൊക്കെ വാക്ചാതുരിയുള്ള ഞാൻ കുട്ടിക്കാലത്തു് ഒരിക്കൽ ഒരാളെ കാണാൻപോയപ്പോൾ, കണ്ടെത്തിയാൽ ആദ്യം പറയേണ്ടതു് എന്താണെന്നു്—"കണ്ടതു നന്നായി" എന്നു്—അമ്മ എന്നെ ഉരുവിട്ടു പഠിപ്പിച്ചിരുന്നിട്ടും, ആ ആളെ പെട്ടെന്നു കണ്ടപ്പോൾ പരിഭ്രമിച്ചു് 'തന്നതു കണ്ടായി' എന്നുപറഞ്ഞ സമൎത്ഥനാണുതാനും. അതാണു ഞാൻ പറഞ്ഞതു്, ഇരുപത്തെട്ടാംദിവസം അമ്മ ഇട്ടുന്ന പേരല്ലാ പേരു്, 16-ാംവയസ്സിൽ മാലോകർ ഇട്ടുന്ന പേരാണു പേരു് എന്നു്. ഇപ്രകാരമുള്ള ഒരുന്നൂററിയൊന്നു സ്വാനുഭവങ്ങൾക്കുശേഷമാണു് അമ്മയുടെ വിഷ്ണുജ്ജിഹ്വാഖ്യനായിരുന്ന ഞാൻ ലോകരുടെ വിദ്യുജ്ജിഹ്വാഖ്യനായിത്തീൎന്നതു്. എന്റെ ജിഹ്വയിൽ വൈദ്യുതശക്തിയുടെ ഒരു 'ക്രൂട്ടു' (Battery) ഉണ്ടെന്നാണു ലോകം വിശ്വസിക്കുന്നതു്. ഇല്ലേ എന്നു ഞാനും സംശയിച്ചുതുടങ്ങിയിരിക്കുന്നു. 'ആടിക്കൊണ്ടാൽ ദൈവം കൂടിക്കൊള്ളും' എന്നല്ലേ പൂശാരിമാരും പറയുന്നതു്. പേനയുടെ തുമ്പത്തും, വടിയുടെ തലയ്ക്കലും വൈദ്യുതശക്തിയെ യഥേഷ്ടം പുറപ്പെടുവിക്കാവുന്ന ക്രൂട്ടുകൾ ഉണ്ടാകാമെങ്കിൽ എന്തുകൊണ്ടു് എന്റെ നാവിന്റെ തലയ്ക്കലും പാടില്ല? എന്തായാലും, അതാണു് എന്റെ വിദ്യുജ്ജിഹ്വനാമത്തിന്റെ അൎത്ഥവും ചരിത്രവും.

ഈ പേരു കിട്ടിയതോടുകൂടി ഞാൻ 'പേരുകേട്ട വ'നായി, അഥവാ 'പേരുകെട്ടവ'നായി. 'മലയാളത്തിലെ ചില പേരുറയ്ക്കാത്ത' കവികളെപ്പോലെ ഞാൻ ഒരു കാലത്തു് എന്റെ പേരു് എങ്ങനെ എഴുതണമെന്നു വളരെ സംശയിക്കുകയും പലതരവും നോക്കുകയും ചെയ്തിരുന്നു. അന്നത്തെ കടലാസ്സുകളും പത്രങ്ങളും മററും നോക്കിയാൽ എന്റെ 'കോപ്രാട്ടി'ത്തരങ്ങൾ കാണാവുന്നതാണു്. ഞാൻ അന്നു് 'ഉദരപോഷിണി'മാസികയ്ക്കു് അയച്ച ഒരു കവിതയിൽ 'വി. പി. കെ. വി. വി. ജിഹ്വൻ' എന്നാണു പേരുവെച്ചിരുന്നതു്. അടുത്തു മറെറാരിക്കൽ 'അസംപ്രേക്ഷ്യകാരി'ക്കയച്ചിരുന്ന ഒരു ഗദ്യലേഖനത്തിൽ 'ജി. വി. വി. കെ. പി. വിഡ്ഢ്യാൻ' എന്നായിരുന്നു പേരു്. 'പരീക്ഷാർത്ഥം' എന്ന പത്രത്തിൽ ഞാൻ എപ്പോഴും 'വിഡ്ഢ്യാൻപറമ്പൻ കെ. വി. വി. ജി. എന്നാണു് എഴുതാറു്. ഇങ്ങനെ മാററിയും മറിച്ചും, ചിലപ്പോൾ വീട്ടിൻപേരു പേരായും, മറ്റു ചിലപ്പോൾ അച്ഛന്റെ പേരു് എന്റെ പേരാക്കിയും, പല പണിയും പരീക്ഷിച്ചുനോക്കീട്ടും ഒന്നും ഉറച്ചുകിട്ടിയില്ല. കണ്ണാടിക്കു മുമ്പിൽ നിന്നു കുന്തളഭാരം കെട്ടിവെയ്ക്കുന്ന കുട്ടിപ്പെണ്ണു് എങ്ങനെ കെട്ടീട്ടും എന്തായിട്ടും ഭംഗി ബോധിക്കാതെ ഒടുവിൽ കെട്ടാതെ ഒന്നിച്ചു് അഴിച്ചു പിന്നിലിട്ടു കണ്ണാടിയിൽ ഒരു കുത്തുംകുത്തി അകത്തു പോയതുപോലെ, എങ്ങനെയെല്ലാം പേരെഴുതീട്ടും പേരുറച്ചുകിട്ടാതെ മുഷിഞ്ഞു ഞാൻ ഒടുവിൽ ഉള്ള നേരുപോലെ 'വിഡ്ഢ്യാൻപറമ്പത്തു വിഡ്ഢിജിഹ്വൻ' എന്നു മാത്രം എഴുതിത്തുടങ്ങിയപ്പോൾ പ്രമാണിയാകയും, ക്രമേണ 'മാസികാസികാ'ലോകവും എന്റെ നൂതനനാമമായ വിദ്യുജ്ജിഹ്വാഖ്യയെ സസന്തോഷം കൈക്കൊള്ളു

കയും ചെയ്യു. ഇപ്പോൾ എന്റെ പേരുറച്ചു. ഇനി പരിഭ്രമമില്ല. പേരുറയ്ക്കാനും വേരുറയ്ക്കാനും ഒരുപോലെ പണിയുണ്ട്. മണ്ണു നന്നായിരിക്കണം, തക്കകാലത്തു നട്ടിരിക്കണം, വിത്തു കേടില്ലാത്തതായിരിക്കണം. കാലവും കോലവും അറിഞ്ഞു ശുശ്രൂഷിക്കണം. പേരുറച്ചാൽ കാര്യമുറച്ചു. അങ്ങനെ എളക്കിയാൽ എളകാത്തവിധം ഉറച്ചവനാണ് വിദ്യുജ്ജിഹ്വനായ ഞാൻ. 'അമ്പട! ഞാനേ!' എന്നു പറയുകയല്ല. പറഞ്ഞാലും വിരോധമില്ല. പറയാറായവർക്ക് പറഞ്ഞുകൂടെ? അസ്സലായിട്ടു പറയാം. അവരുടെ 'പറച്ചിൽ'—ആ പരമഫലം ചെയ്യുന്ന പാവനശക്തി—ഹാ! അതുകൊണ്ട് ആരും പരിഭവിക്കേണ്ടതില്ല.

## പ്രസ്താവനയുടെ സമാപ്തി അല്ലെങ്കിൽ വിഷ്കംഭത്തിൻെറ ഭരതവാക്യം

"ഒന്നു തെററിയാൽ മൂന്നു്" എന്നു പഴന്തന്തമാർ പറയാറുള്ളതു പഴുതേ അല്ല. എന്നെക്കുറിച്ചു കുറച്ചു പറഞ്ഞു കാര്യത്തിൽ പ്രവേശിക്കണമെന്നുദ്ദേശിച്ചു പുറപ്പെട്ട എനിക്കു് ഒരു ഖണ്ഡംകൊണ്ടു് എൻെറ കാര്യം കഴിയാതിരുന്നപ്പോൾത്തന്നെ ഞാൻ തീർച്ചപ്പെടുത്തീട്ടുണ്ടു് മൂന്നാം ഖണ്ഡത്തിൽ മാത്രമേ എൻെറ 'ആരംഭം' അവസാനിക്കുകയുള്ളു എന്നു്. തിന്നുതിന്നു് അജീർണ്ണവും, പറഞ്ഞുപറഞ്ഞു് 'കന്നംകടിയും' ഉണ്ടാകുന്നതുപോലെ എഴുതിയെഴുതി നീണ്ടുപോയതാണെന്നു് ആരും സംശയിക്കണ്ട. ഇതുവരെ എഴുതീട്ടുള്ളതിൽനിന്നു് ഒരു വാക്യമെങ്കിലും സന്ദർഭത്തിന്നു ചേർന്നതല്ലെന്നോ, കൂടാതെ കഴിക്കാവുന്നതാണെന്നോ, ആരെങ്കിലും പറയാമെങ്കിൽ ഞാൻ എൻെറ എഴുത്തുതന്നെ നിർത്തിവെയ്ക്കുവാൻ തയ്യാറാണു്. കാര്യമല്ലാതെ ഞാൻ ഒന്നും ചിന്തിക്കയില്ലെന്നും, വേണ്ടതല്ലാതെ ഒന്നും കുറിക്കുകയില്ലെന്നും ലോകപ്രസിദ്ധമാണു്. ആ പ്രസിദ്ധിയോടു് അസൂയതോന്നുന്ന ചില കുസൃതിക്കാരല്ലാതെ എന്നെ ആക്ഷേപിക്കയില്ലെന്നു തീർച്ചയാണു്. തന്നിമിത്തം, എന്നെ ആർ ആക്ഷേപിച്ചാലും അതെല്ലാം ഉത്തമവിശ്വാസവും സത്യസന്ധതയും കൂടാതെ ചെയ്യപ്പെടുന്ന ദീനപ്രലാപങ്ങൾ മാത്രമാണു്. അതിനെ ആരു വില വെയ്ക്കും! അതുകൊണ്ടു് എന്നെ ആരെല്ലാം എന്തെല്ലാം ആക്ഷേപിച്ചാലും ഞാൻ ഒരു ഇഞ്ചുപോലും അങ്ങോട്ടും

ഇങ്ങോട്ടും മാറുവാൻ വിചാരിച്ചിട്ടില്ല; ഈ കാലത്തിന്നിടയ്ക്കു മാറീട്ടുമില്ല. അതു വിചാരിച്ച് ആരും എന്നെ ആക്ഷേപിക്കണമെന്നില്ല. 'ഭൂമിദേവിയോളം ക്ഷമ' വേണമെന്നാണ് എന്റെ ആഗ്രഹം. അതിനാൽ എനിക്ക് ആരോടും 'അരിശം' തോന്നുകയില്ല. ഞാൻ ആരോടും 'കന്നംകടിക്കാനും' പോകയില്ല. "വാഴമേൽ മുള്ളു വീണാലും മുള്ളിന്മേൽ വാഴവീണാലും വാഴയ്ക്കാണു കേട്," എന്നു മൂന്നാംക്ലാസ്സിലെ കോപ്പിപ്പുസ്തകത്തിൽ ഞാൻ എഴുതി പഠിച്ചിട്ടുണ്ട്. അതു മുതല്ക്കാണ് എനിക്കു ക്രൂസലില്ലാതായതു്. പറഞ്ഞാലും പറയപ്പെട്ടാലും പറയുന്നവനാണു കേടെന്നല്ലേ ഇതിന്റെ സാരം.

വെട്ടത്തു രാജകുടുംബത്തിൽനിന്നു കൊച്ചി സ്വരൂപത്തിലേയ്ക്കു ദത്തുവെച്ചതിന്റെ ഓർമ്മയ്ക്കായി എനിക്കു കഴിഞ്ഞ ഓണക്കാലത്തു് എല്ലാവരുംകൂടി 'കുംഭോദരൻ' എന്ന് ഒരു ബഹുമാനപ്പേർ കല്പിച്ചു നല്കീട്ടുണ്ട്. അതുകേട്ട് എന്റെ അയൽവക്കത്തുള്ള ചില സാക്ഷാൽ 'കുംഭാരന്മാരും'— കുശവന്മാരും, അവരുടെ കുശേശയാക്ഷികളുംകൂടി ഒരു മഹായോഗംകൂടി മരത്തേങ്കോടന്മാരുടെ രാജാവായ അപൂർവ്വസന്തതി (M. R. A. S.) എന്ന ബിരുദസമ്പാദിച്ചിട്ടുള്ള മണ്ടൻപറമ്പിൽ മാധവമന്നാടിയാരെ 'ഡിപ്യൂട്ടേഷ്യൻ' കാണുകയും അദ്ദേഹത്തിന്ന് എന്റെനേക്ക് ഒന്നുംചെയ്യാൻ ധൈര്യമില്ലെന്നു മറുപടി കല്പിച്ചപ്പോറം അവർ മുഷിഞ്ഞു് അദ്ദേഹത്തിന്റെ 'അധികം നല്ല പകുതി'യോടും (Better half) കിഴിഞ്ഞു് അപേക്ഷിക്കുകയും ചെയ്തു. ഒടുവിൽ ഗത്യന്തരമില്ലാതെ മലയാളത്തിലെ ആർക്കും വേണ്ടാത്ത സാധനം എന്നാണ് എം. ആർ. ഏ. എസ്സ്. എന്ന ബഹുമതിയുടെ ശരിയായ അർത്ഥമെന്നു ജല്പിച്ചുംകൊണ്ടു്

അവർ പുറത്തുപോന്നു. അന്നുമുതല്ക്കു് ഞാനും എന്റെ അയൽവക്കത്തുള്ള കുംഭാരന്മാരും ഒരുപോലെ ഉള്ള കുശവന്മാരായിത്തീൎന്നു. പിന്നീടു് എന്റെ പ്രേയസിക്കു സാഹിത്യലോകത്തിൽ എന്തോ ഏതാണ്ടൊരു 'മാന്യ' സ്ഥാനം തട്ടിപ്പറിക്കുവാൻ സാധിച്ചതോടുകൂടി സാക്ഷാൽ കുശവന്മാരും ഞാനും എന്റെ കുടുംബവും തമ്മിൽ തീരെ 'ലോഗ്യ'മില്ലാതായിത്തീൎന്നു. ഇപ്പോഠം എന്റെ പേരു മുഴുവനും എഴുതുന്നതായാൽ ഒരു വരികൊണ്ടു് അവസാനിക്കുന്നതല്ല. വിഡ്ഢ്യാൻപറമ്പത്തു വിദ്യുജ്ജിഹ്വൻ, കുംഭോദരൻ, എം. ആർ. ഏ. എസ്സ്., എഫ്. ആർ. ഓ. ജി., എഫ്. ഓ. ഓ. എൽ. മുതലായവ (M. R. A. S., F. R. O. G., F. O. O. L. Etc.) എന്നേ സാധാരണ ചേൎത്തുവരാറുള്ളു. ബാക്കിയുള്ളവയെല്ലാം അച്ചടിക്കാരുടെ അപേക്ഷപ്രകാരം വിട്ടുകളഞ്ഞതാണു്. അച്ചുകൂടത്തിലെ 'പെറുക്കികഠംക്കു' (Compositors) കൂലി അധികം കൊടുക്കേണ്ടിവരുന്നതുകൊണ്ടും കടലാസ്സിൽ സ്ഥലം കൂടുതൽ വേണ്ടിവരുന്നതുകൊണ്ടും മററും പ്രധാനപ്പെട്ട ഏതാനും സ്ഥാനമാനങ്ങഠം മാത്രമേ മാസികാപ്രവൎത്തകന്മാരും മററും സാധാരണ എന്റെ പേരിന്നുനേക്കു ചേൎത്തുവരാറുള്ളു. സ്ഥാനമാനങ്ങഠം മുഴുവൻ ചേൎത്തുകാണാത്തതുകൊണ്ടു ചേർത്തേടത്തോളം മാത്രമേ ഉള്ളുവെന്നു് ആരും തെററിദ്ധരിച്ചുപോകരുതെന്നു ഞാൻ മുമ്പുതന്നെ ബുദ്ധിപൂൎവ്വം പല വൎത്തമാനപത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുണ്ടായിരുന്നില്ലെങ്കിൽ എന്തെല്ലാം തെററിദ്ധാരണകഠംക്കു സംഗതി വന്നേനേ എന്നു് ഊഹിക്കുവാൻകൂടി പ്രയാസമായിരിക്കുന്നു. സ്ഥാനമാനങ്ങഠം എല്ലാം ചേൎത്തു് അച്ചടിച്ചിട്ടുള്ള ഒരു കടലാസ്സു് ഞാൻ ചില്ലിടുവിച്ചു്

എന്റെ 'സ്വീകാരമുറി'യിൽ ചുമരിൽ തറച്ചിട്ടുണ്ട്. എനിക്കൊന്നും എഴുതുവാൻ അറിയില്ലെന്നും, എന്റെ പേരിൽ കാണുന്നതെല്ലാം എന്റെ ഭാൎയ്യയും അവരുടെ നാമത്തിൽ പുറത്തു വരുന്നതെല്ലാം മറേറാരോരുത്തരും ആ മറേറാരോരുത്തൎക്കുവേണ്ടി വേറേ ചിലരും എഴുതുന്നതാണെന്നും ആണു ചില ജനങ്ങളുടെ ഇടയിലുള്ള സംസാരം. അതു കുറേശ്ശ ഞാനും കേൾക്കാറുണ്ടു്. വാസ്തവത്തിൽ എന്റെ ഭാൎയ്യ എന്തിനും പോന്നവളാണെന്നു് എനിക്കും ബോദ്ധ്യംതന്നെയാണു്. എന്റെ എന്നും അവളുടെ എന്നും ഉള്ള വ്യത്യാസവും, ഒരു കാൎയ്യത്തിലും ഞങ്ങൾ ആദരിക്കാറില്ല. അവൾക്കു ശരീരത്തിന്നു സുഖക്കേടോ, കുട്ടികളുടെ ശല്യമോ ഉണ്ടായിരുന്നാൽ, മററാരെക്കൊണ്ടെങ്കിലും അവൾ എഴുതിക്കാറില്ലെന്നും പറഞ്ഞുകൂടാ. എന്നാൽ അങ്ങനെ എഴുതുന്നതെല്ലാം അവളുടെയല്ലെന്നു വാദിക്കുന്നതിന്റെ ന്യായമാണു് എനിക്കു മനസ്സിലാവാത്തതു്. ഒരാശാരി പണിതീൎത്തുകൊണ്ടുവരുന്ന മേശയോ കസേരയോ ഞാൻ വിലകൊടുത്തു വാങ്ങിയാൽ ആ സാധനം പിന്നീടു് എന്റേയല്ലാതെ ആശാരിയുടെയാവുന്നതു് എങ്ങനെയാണെന്നു് എന്റെ 'വക്കീൽബുദ്ധി'കൊണ്ടാലോചിച്ചിട്ടു് അറിയുന്നില്ല. അങ്ങനെയാണെങ്കിൽ എന്റെ വീടും വീട്ടുസാമാനങ്ങളും എല്ലാം മറ്റോരോരുത്തരുടെ ആയിത്തീരുന്നതാണു്. നാം ആശാരിയെക്കൊണ്ടു പണിയിപ്പിക്കുന്നതു് അതിന്നു നമുക്കു വശതയില്ലാഞ്ഞിട്ടോ സൗകൎയ്യമില്ലാഞ്ഞിട്ടോ ആണു്. ഏതായാലും വാങ്ങുന്ന സാധനത്തിന്റെ ഉടമസ്ഥതയെക്കുറിച്ചു പിന്നീടു് ഒരു തൎക്കത്തിന്നും വഴിയില്ല. അതുപോലെതന്നെ, ഒരു 'സാഹിത്യസാധനം' എന്റെ പ്രിയതമ റൊക്കം വിലകൊടുത്തു വാങ്ങിച്ചാൽ

അതു പിന്നെ ആരുടെ ആണു്? അവളുടെതന്നെ! സംശയമില്ല. പിന്നെ എന്തു കഥയില്ലായ്മയാണു ജനങ്ങളുടെ ഈദൃശങ്ങളായ പ്രസ്താവങ്ങൾ! എന്റെ ഭാര്യയുടെ പേരു വെച്ചുകാണുന്നതെല്ലാം അന്യന്മാരുടെ ആണെന്നും പറഞ്ഞു നടക്കുന്നതിന്നു് അവൎക്കു സങ്കോചവുമില്ല, സന്താപവുമില്ല. അവൎക്കും ഭാൎയ്യമാരില്ലേ? വിലകൊടുത്താൽ കിട്ടാത്ത വല്ല സാധനവും ഇക്കാലത്തുണ്ടോ? ആക്ഷേപിപ്പാൻമാത്രം പഠിച്ചാൽ പോരാ. ആക്ഷേപിക്കപ്പെട്ടവാനുള്ള ഭാഗ്യംകൂടി സിദ്ധിക്കണം.

ഞാൻ വലിയ 'സേവ'ക്കാരൻ ആണെന്നാണു പിന്നത്തെ ആക്ഷേപം. 'ഓന്ത'യെന്ന ജന്തു ലോകപ്രസിദ്ധിയുള്ളതാണു്. അതിനെ അത്ര ക്ഷണത്തിൽ ശത്രുവൎഗ്ഗത്തിന്നു കണ്ടെത്തുവാനോ ഉപദ്രവിപ്പാനോ സാധിക്കുന്നതല്ല. ഇരിക്കുന്ന മരത്തിന്റെ വൎണ്ണത്തെ അതു് അപ്പോഴപ്പോൾ അംഗീകരിക്കുന്നു. പച്ചിലകൾക്കിടയിൽ പച്ചനിറത്തിലും, ഉണക്കമരത്തിന്മേൽ തവിട്ടുനിറത്തിലും, ചുവന്ന നിറമുള്ള ചെടികളുടെ ഇടയിൽ രക്തവൎണ്ണത്തിലും ഓന്തയെ കാണപ്പെടുന്നതുകൊണ്ടു തിരിച്ചറിയുവാൻ പ്രയാസമായിത്തീൎന്നു. തന്നിമിത്തം, ശത്രുക്കൾ മിക്കവാറും തോററുപോകുന്നു. ഇതു് ഓന്തയുടെ കുററമാണോ? അതിന്റെ സഹജമായ സ്വഭാവമാണെന്നു സമാധാനപ്പെടുന്നതിന്നു് ആൎക്കും തന്റേടവും ക്ഷമയുമില്ല. വരുന്ന കലക്ടർമാരെല്ലാം അചിരേണ എന്റെ താല്പൎയ്യക്കാരായിത്തീരുന്നു. അതുകൊണ്ടു് ആൎക്കും എന്നോടു് ഒന്നും സാധിക്കുന്നില്ല. ഏതു ഭരണാധികാരിയേയും പാട്ടിൽ പിടിക്കുന്നതു് എങ്ങനെയാണെന്നു ജനങ്ങൾ സംശയിക്കുന്നു. ഞാൻ ഉള്ള നേരു പറയാം. എനിക്കു് ഇതിൽ 'ട്രേയിഡ് സീക്രട്ട്' (കച്ചവടരഹസ്യം)

ഒന്നും ഇല്ല. അതാതുകാലത്തെ ഉദ്യോഗസ്ഥന്മാരുടെ വണ്ണത്തെ ഞാനും അംഗീകരിക്കുന്നതുകൊണ്ടാണു് എനിക്കു രക്ഷപ്പെടുവാൻ സാധിക്കുന്നതു്. ഇതു് ഒരു ജന്തുധമ്മമാണെന്നു പ്രകൃതിവിശേഷങ്ങളെ സൂക്ഷ്മമായി കണ്ടറിഞ്ഞിട്ടുള്ളവക്കു് അറിയാം.

എന്റെ 'കപടഭക്തി'യാണു വേറെയൊരു വാദവിഷയം. ഞാൻ അധഃകൃതവഗ്ഗങ്ങളുടെ ഉന്നമനത്തിന്നു് അശ്രാന്തം പരിശ്രമിക്കുന്നതായി അവരുടെ ഇടയിൽ ഒരു പ്രസിദ്ധിയുണ്ടു്. എന്നു മാത്രമല്ല, അതിനെ അടിസ്ഥാനപ്പെടുത്തി അവർ എനിക്കു ചില മംഗളപത്രങ്ങൾ സമർപ്പിക്കുകയും പല പത്രങ്ങളിലും എന്റെ 'സഹോദരസ്നേഹ'ത്തെക്കുറിച്ചു പ്രശംസിച്ചെഴുതുകയും ചെയ്തിട്ടുണ്ടു്. അയിത്തം അതിനീചമാണെന്നു് അലക്ഷ്യമായി ആവലാതിപ്പെടാറുള്ള ഞാൻ 'ജലപിശാചിന്റെ' സന്തതിയാണെന്നും എന്റെ ഗൃഹം 'ശുദ്ധ'ത്തിന്റെ കൂടാണെന്നും ചിലർ എങ്ങനെയോ ധരിച്ചുവശായിട്ടുണ്ടു്. സഭ കഴിഞ്ഞശേഷം ഒരു ഈഴവസഹോദരൻ എന്നെ എന്റെ ഗൃഹത്തിലോളം അനുഗമിച്ചപ്പോഴാണു് 'വെമ്പു' പുറത്തായതു്. അയാൾക്കു മിററത്തു നില്ക്കേണ്ടിവന്നു. എനിക്കുതന്നെ ഞാൻ 'അയിത്ത'മായിരുന്നതുകൊണ്ടു് എറയത്തോളം മാത്രമേ പ്രവേശിപ്പാൻ സാധിച്ചുള്ളു. ഞാൻ ധരിച്ചിരുന്ന മുണ്ടും കുപ്പായവും 'കുളത്തിൽ താഴ്ത്തിക്കൊടുത്തു.' ഇതെല്ലാം കണ്ടുനിന്നിരുന്ന എന്റെ 'അധഃകൃതസ്നേഹിതൻ' അമ്പരന്നുവശായി. അയാളുടെ ആലോചനക്കുറവുകൊണ്ടാണു് എന്നെ പിന്തുടന്നതുതന്നെ. 'ഏട്ടിലെ പശു പുല്ലു തിന്നുകയില്ലെ'ന്നു ധരിപ്പാൻകൂടി ത്രാണിയില്ലാത്തവർ ഉന്നമനത്തെ അർഹിക്കുന്നില്ലെന്നു പറയുന്നതിൽ എന്തിനാണു്

ആരെങ്കിലും പരിഭവിക്കുന്നതു്? പിറേറന്നു 'കഥ'യില്ലാത്തവനായ ആ 'സഹചരൻ' ഉണ്ടായ സംഭവം മുഴുവൻ അങ്ങനെതന്നെ 'അയിത്തക്കാളി' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. അതു് 'സംഹാരരുദ്രൻ' പകർത്തിവിട്ടു. 'ബ്രാഹ്മണകുഠാരി' അതൊരു ലഘുപത്രികയായി പ്രസിദ്ധംചെയ്തു. ഇത്രയൊക്കെയായപ്പോഴയ്ക്കും എനിക്കും പന്തിയല്ലായ്മ തോന്നി. 'കഴക്കോലിന്നു നിലയില്ലെന്നും, കട്ട തടഞ്ഞിട്ടു നടന്നുകൂടെന്നും' പറയുന്നപോലെ പൂർവ്വാപരവിരുദ്ധങ്ങളായ വികാരങ്ങൾക്കു ഞാൻ വശംവദനായി. 'കച്ചിട്ടു് ഇറക്കാനുംവയ്യാ, മധുരിച്ചിട്ടു തുപ്പാനും വയ്യാ,' ആ നിലയിൽ എനിക്കു് എൻെറ 'അധഃകൃതകൃത്യം' തൊടാനും വയ്യാ വിടാനും വയ്യാ എന്ന മട്ടിലായി.

കാര്യത്തിൻെറ പരമാർത്ഥം അറിഞ്ഞവർക്കു് അറിയാം. എൻെറ 'ഗൃഹണി' ഒരു 'ഗ്രഹണി' ഉപദ്രവക്കാരത്തിയാണു്. അവൾ 'പഴയ സ്കൂളിൽ'പെട്ടവളുമാണു്. അവൾ 'ജലപിശാചിൻെറ കൂടാണു്'. അങ്ങനെ ഇരിക്കേ, 'ഹോം റൂൾ' (Home Rule—ഗൃഹഭരണം) കിട്ടുന്നതിന്നായി സ്വാതന്ത്ര്യബുദ്ധിയുള്ള ഏവനും പരിശ്രമിച്ചുവരുന്ന ഇക്കാലത്തു ഭവനത്തിലെ അധിദേവതയെ—അവൾ ഒരു വല്ലാത്ത ദേവതതന്നെയാണു്—അതിലംഘിക്കുവാൻ ആർതന്നെ ആലോചിക്കും. ആർക്കാണു് അതിന്നു ശക്തിയുള്ളതു്. ഞാൻ ഒന്നുരണ്ടു തവണ അവളെ ഈ കാര്യത്തിൽ ഒന്നു 'തോണ്ടി'നോക്കി. അവൾ അശേഷം വഴിപ്പെടുന്ന മട്ടു കണ്ടില്ല. 'തന്നില്ലം പൊരിഞ്ഞു ധർമ്മമില്ലെ'ന്നല്ലേ പ്രമാണം. അവരവരുടെ സ്വന്തം ഗൃഹത്തിൽ കലഹവും സൈ്വരക്കേടും ഉണ്ടാ

ക്കിത്തീർത്തിട്ട് എന്താണ് ആവശ്യം? എനിക്ക് അയിത്തമില്ല. എന്റെ പ്രേയസിക്ക് അയിത്തമേ ഉള്ളു. എനിക്ക് എന്റെ പ്രിയതമയെ കൂടാതേയും കഴിയില്ല. ഇങ്ങനെയുള്ള ഒരു അപകടഘട്ടത്തിൽ എന്നെപ്പോലെ പ്രേയസീപ്രിയനായ ഒരുവൻ, ഭാര്യയെ ഉപേക്ഷിക്കുകയോ, അയിത്തത്തെ സ്വീകരിക്കുകയോ ഏതാണു ചെയ്യുക എന്നു നിങ്ങൾതന്നെ തീർച്ചയാക്കിയാൽമതി. ഇതാണ് എന്റെ 'കപടഭക്തി'യുടെ അടിസ്ഥാനം. ഇതു കപടഭക്തിയല്ല, ഭക്തിയാണ്.

ഇങ്ങനെ തെററിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരാൾ എന്നെപ്പോലെ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ തെററിദ്ധാരണകൊണ്ടാണ് ലോകംതന്നെ നിലനില്ക്കുന്നതു് എന്നാണ് എന്റെ സമാധാനം. 'ഉള്ളതൊന്നുമുള്ളതല്ലാ, ഉള്ളതിന്നു നാശമില്ല, നാശമുള്ളതുള്ളതല്ലാ' എന്നിങ്ങനെ പാടീട്ടുള്ള ആ മഹാകവിയും എന്നെപ്പോലെ തെററിദ്ധരിക്കപ്പെട്ടിട്ടുള്ള ആളാണെന്നു തോന്നുന്നു. ആ സംഗതി അറിഞ്ഞിട്ടായിരിക്കണം അദ്ദേഹം മേൽപ്രകാരം പാടീട്ടുള്ളതു്. തെററാത്ത ധാരണ, ഈ കാണുന്നതെല്ലാം വെറും മായയാണെന്നാണ്; തെററീട്ടുള്ള ധാരണ മായയല്ലാ, ഇതെല്ലാം പരമാർത്ഥമാണെന്നാണ്. ഇപ്പോൾ തീർച്ചയായില്ലേ, ലോകത്തിന്റെ നിലനില്പിന്റെ നിദാനം തെററിദ്ധാരണയാണെന്നു്. അത്രയും മഹത്തായ തെററിദ്ധാരണയ്ക്കു ഞാൻ ഒരു പാത്രമായതുകൊണ്ടു് എനിക്കുള്ള അഭിമാനം അപരിമിതമായിത്തീന്നിരിക്കുന്നു. എല്ലാവരും എന്റെ ഏതു വാക്കും പ്രവൃത്തിയും തെററിദ്ധരിക്കണമേ എന്നു മാത്രമേ കുറച്ചുകാലമായിട്ട് എനിക്ക് ഒരു പ്രാത്ഥനയുള്ളു.

**ഇങ്ങനെ വിഷ്കംഭം കഴിഞ്ഞു.**

എങ്കിലും ഇങ്ങനെക്കൂടി ഭവിക്കട്ടേ:

കക്കടമാസേ മഴ പെയ്യട്ടേ
മീനത്തിങ്കൽ വെയിലാവട്ടേ
പണമുള്ളാളു സുഖിച്ചീടട്ടേ
വൈദ്യൻ രോഗിയെ നോക്കീ–ടട്ടേ–
ഇട്ടേ–ഇട്ടട്ടേ.

## മനോവാക്കർമ്മങ്ങൾ അഥവാ ബ്രഹ്മൻവിഷ്ണുമഹേശ്വരന്മാർ

വിദ്യുജ്ജിഹ്വന്റെ പെട്ടിക്കകത്തു ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുള്ള വിലപിടിച്ച എഴുത്തുകൾ ഞാൻ പ്രസിദ്ധപ്പെടുത്തുമെന്നു മുമ്പു പറഞ്ഞിരുന്നതു വിശ്വസിച്ച് അതു വായിക്കാനായി കണ്ണും കരളും തുടച്ചിരിക്കുന്ന വായനക്കാരേ! പറഞ്ഞമാതിരി പ്രവൎത്തിക്കുന്നവനാണു് ഞാൻ എന്നു നിങ്ങൾ ധരിച്ചുവശായിട്ടുണ്ടെങ്കിൽ അതിൽ കവിഞ്ഞ ഒരു പരമാബദ്ധം ഇനി നിങ്ങൾക്കു പറേറണ്ടതില്ല. ഞാൻ അത്ര അപരിഷ്കൃതനോ, ആലോചനയില്ലാത്തവനോ അല്ല. എനിക്കും നാലാളുടെ മുഖത്തു നോക്കുകയും, നാലുദിക്കിൽ നിവൎന്നുനടക്കുകയും വേണം. 'പറഞ്ഞമാതിരി പ്രവൎത്തിക്കുന്നവൻ' എന്ന ഒരു ചീത്തപ്പേർ ഇതുവരെ ഞാൻ സമ്പാദിച്ചിട്ടില്ല. എൻെറ കുടുംബത്തിലാരും ഇതുവരെ ആ 'തൂലാമാല' വലിച്ചുവെച്ചിട്ടില്ല. അതു കൂടാതെ കഴിഞ്ഞാൽ മതി എന്നേ എനിക്കും ആഗ്രഹമുള്ളു. 'പണ്ടത്തെ കഥയും പറഞ്ഞു പടിക്കലിരിക്കേണ്ട' കാലമാണെങ്കിലും, 'കട്ടിലിന്മേൽനിന്നു് ഇറങ്ങുകയും വേണ്ടാ കൈ നനയ്ക്കുകയും വേണ്ടാ' എന്ന സ്ഥിതിയിലാണെങ്കിലും, 'കേൾപ്പോരും കേൾവിയു'മില്ലാത്ത രാജ്യമാണെങ്കിലും, ഞാൻ എൻെറ പഴന്തന്തമാരുടെ ചവിട്ടടിയിൽനിന്നു് അണുവും തെററിനടക്കുവാൻ വിചാരിക്കുന്നില്ല. ഞാൻ പറഞ്ഞപ്രകാരം പ്രവൎത്തിക്കുന്നതല്ല; പ്രവൎത്തിക്കുന്നവനുമല്ല.

വിചാരം ഒന്നു്, വാക്കു് ഒന്നു്, പ്രവൃത്തി മറെറാന്നു്, ഇങ്ങനെയാണു് ഇന്നത്തെ ലോകത്തിന്റെ സ്ഥിതി

യെന്നു നിങ്ങൾ ഓരോരുത്തരും പ്രത്യക്ഷപ്പെടുത്തുന്ന സ്ഥിതിക്കു പരിഷ്കാരത്തിന്റെ വർദ്ധനയ്ക്കനുസരിച്ച് ഈ മൂന്ന് എനങ്ങൾക്കും തമ്മിലുള്ള വ്യത്യാസങ്ങളും, ആ തോതുപ്രകാരംതന്നെ വലുതായിവരുന്ന സ്ഥിതിക്ക്, ഡിപ്ലോമസി (Diplomacy) എന്ന രാഷ്ട്രീയസങ്കേതം കൊണ്ടു കല്ലുവെച്ച പൊളിയും, കടിച്ചാൽ പൊട്ടാത്ത കാപട്യവും, അഴിച്ചാലും അഴിയാത്ത കള്ളവേഷവും, നീതീകരിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്കു ചിലന്നിവർഗ്ഗം മനോഹരമായ തങ്ങളുടെ വലബന്ധങ്ങളാറുകളിലേയ്ക്കു നിർദ്ദോഷികളായ ഈച്ചകളെ വിരുന്നിന്നു ക്ഷണിച്ച് അതിഥികളെ ആഹാരമാക്കിത്തീർക്കുന്ന ജന്തുധർമ്മം ഇന്നത്തെ പരിഷ്കാരത്തിന്റെ അപരിഹാര്യമായ ഒരു സ്വഭാവം മാത്രമായിത്തീർന്നിട്ടുള്ള സ്ഥിതിക്ക്, ഏററവും പരിഷ്കൃതനും, അത്യന്തം പ്രസിദ്ധനും, ഉന്നതകുലജാതനും, രാജാക്കന്മാരാലും ചക്രവർത്തിമാരാലും അവരുടെ ശിപായിമാരാലും സ്നേഹിക്കപ്പെടുന്നവനുമായ ഞാൻ മാത്രം എന്തിന്നു മനോവാക്കർമ്മങ്ങളുടെ ഐകരൂപ്യത്തിന്നു വൃഥാ പരിശ്രമിക്കുന്നു? ഇലകളുടെ വർണ്ണത്തെ ആന്തകൾ കൈക്കൊള്ളുക മാത്രമല്ല, ആന്തകളുടെ നിറത്തെ ഇലകൾ അംഗീകരിക്കുകകൂടി ഇക്കാലത്ത് അസാധാരണമല്ലാതായിത്തീർന്നിട്ടുണ്ട്. അതുകൊണ്ട് എന്നെ ആരും തെററിദ്ധരിക്കരുത്. ഞാൻ പറയുന്നതു് എന്റെ വിചാരമല്ല. ഞാൻ പ്രവർത്തിക്കുന്നതു് എന്റെ വാക്കനുസരിച്ചല്ല. ആ കാര്യത്തിലെങ്കിലും ഞാനും പരിഷ്കൃതാശയന്മാരായ എന്റെ പ്രിയവായനക്കാരും തമ്മിൽ ഒരു അന്തരവുമില്ലെന്നു് ആദ്യമായിത്തന്നെ പറഞ്ഞുകൊള്ളുന്നു.

നാനാത്വമാണു് ലോകത്തിലെ പ്രത്യക്ഷമായ

സ്ഥിതി. പരിഭ്രമം തോന്നത്തക്കതായ ആ നാനാത്വത്തിൽ ഏകത്വത്തെക്കാണുന്നതിന്നു സാധിക്കുന്നവർ വളരെ ചുരുക്കം. അകത്തും പുറത്തും തെളിഞ്ഞ കണ്ണുകൾ ഉള്ളവൎക്കു മാത്രമേ അതിന്നു സാധിക്കുകയുള്ളു. പുറത്തുള്ള കണ്ണുകൾക്കുംകൂടി 'കണ്ണട' എന്ന സുഖക്കേടുള്ളവരെയാണു നാം ഇക്കാലത്തു് അധികവും കാണുന്നതു്. പിന്നെ അകത്തേ കണ്ണിന്റെ കാൎയ്യം പറയേണ്ടതില്ലല്ലോ. അപ്പോൾ നാനാത്വത്തിന്റെ വൎദ്ധനയെ അല്ലാതെ ഏകത്വത്തിന്റെ അന്തരാൎത്ഥത്തെ വെളിപ്പെടുത്തുന്നതു വളരെ അപൂൎവ്വമാണു്. പരമമായ ഏകത്വത്തെ പ്രത്യക്ഷമായ ഈ നാനാത്വത്തിൽ കാണുന്നവനാണു 'കാണുന്നവൻ,' 'കണ്ണുള്ളവൻ,' 'കാഴ്ചയുള്ളവൻ.' അങ്ങനെയുള്ളവൎക്കു് ബ്രഹ്മൻവിഷ്ണുമഹേശ്വരന്മാർ വിരുദ്ധമൂൎത്തികളോ, വിവിധശക്തികളോ, അല്ല. ഒരു പരബ്രഹ്മത്തിന്റെ പല സ്വരൂപങ്ങൾ മാത്രമാകുന്നു. അവർ ആ ത്രിമൂൎത്തികളെ അല്ലാ, അവരുടെ തലസ്ഥാനത്തെയാണു്—സാക്ഷാൽ പരബ്രഹ്മത്തെയാണു്—ദൎശിക്കുന്നതു്. അവൎക്കു ശൈവന്മാരുമില്ല, വൈഷ്ണവന്മാരുമില്ല. അവൎക്കു ബ്രഹ്മാവും, വിഷ്ണുവും, മഹേശ്വരനും ഒന്നാണു്, ഏകമാണു്. ആ ത്രിമൂൎത്തികളുടെ പ്രത്യക്ഷപ്പകൎപ്പുകളാകുന്നു, മനുഷ്യരുടെ വിചാരവും, വാക്കും, പ്രവൃത്തിയും. ത്രിമൂൎത്തികളെ ഒന്നായിക്കാണുന്നവൎക്കു മാത്രമേ മനോവാക്കൎമ്മങ്ങൾക്കു് ഐകരൂപ്യം സാദ്ധ്യമാകയുള്ളു. വിചാരമാകുന്ന ബ്രഹ്മാവാണു് മനുഷ്യരുടെ സകലവിധ അനുഭവങ്ങളുടേയും സ്രഷ്ടാവു്! വാക്കാകുന്ന മഹാവിഷ്ണുവാണു് ആ സൃഷ്ടിയെ നിലനിൎത്തിയും സംരക്ഷിച്ചും പ്രചാരപ്പെടുത്തിയും സന്തോഷിപ്പിച്ചും വരുന്നതു്. നല്ലനല്ല വാക്കുകളുടെ അവതാരമാണു്, മഹാ

വിഷ്ണുവിന്റെ അവതാരങ്ങളെപ്പോലെ, ഓരോരുത്തക്കും ഓരോരോ കാലങ്ങളിൽ ഉണ്ടായിത്തീരുന്ന അധമ്മവിപ്ലവത്തെ ഇല്ലായ്മചെയ്തു രക്ഷിക്കുന്നതു്. പ്രവൃത്തികളുടെ ദോഷമാണു മനുഷ്യരുടെ നാശത്തിന്നു കാരണമായിത്തീരുന്നതു്. കമ്മമാണു് സംഹാരരൂപിയായ പരമശിവൻ. "താന്താൻ വിതച്ചതു താന്താൻ കൊയ്യും; കുമ്പളം കുത്തിയിട്ടാൽ മത്തങ്ങ ഉണ്ടാകുന്നതല്ല; ഓടിയവനും ഓടിച്ചവനും കിതപ്പു ശരിയാണു്; ഉപ്പുതിന്നവൻ വെള്ളം കുടിക്കും; ഒരു പാലമുണ്ടെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും കടക്കണം;" ഇപ്രകാരമുള്ള ചില പ്രധാനതത്വങ്ങളാണു പ്രവൃത്തിയുടെ അടിസ്ഥാനമായിരിക്കേണ്ടതും, ഇരിക്കുന്നതും. പ്രവൃത്തിദോഷത്താൽ ദക്ഷന്റെ യാഗംപോലെ മനുഷ്യരുടെ എല്ലാ കമ്മങ്ങളും നശിക്കുന്നതാണു്; മനുഷ്യൻതന്നെ ഇല്ലാതായിത്തീരുന്നതാണു്.

ബ്രഹ്മൻവിഷ്ണുമഹേശ്വരന്മാരെ ഒന്നായി, പരബ്രഹ്മമായിക്കാണുന്ന തപസ്വികളെയോ, വേദാന്തികളേയോ പച്ചപ്പരിഷ്കാരികളായ നമുക്കെല്ലാം വളരെ പരിഹാസമാണു്. ഒന്നാമതു്, മൂന്നും മൂന്നുതന്നെയാണു്. താമരപ്പൂവിൽ ചമ്രംപടിഞ്ഞിരുന്നു മകളെ മടിയിൽ കയററിവെച്ചു് നാലു മുഖങ്ങൾകൊണ്ടും ചുംബിക്കുന്ന ബ്രഹ്മാവും, വഴക്കല്ലുള്ള ചേനത്തണ്ടന്റെ പുറത്തു കാല്ക്കലും തലയ്ക്കലും ഭാൎയ്യമാരെ ഇരുത്തി പുഞ്ചിരിക്കൊണ്ടുറങ്ങുന്ന വിഷ്ണുവും, ഒന്നിനെ തലയിലും ഒന്നിനെ മടിയിലും കയററിവെച്ചു കാളപ്പുറത്തു കയറി ശ്മശാനരംഗങ്ങൾ തെണ്ടിനടക്കുന്ന ശിവനും ഒന്നുതന്നെയാണെന്നു പറയുന്നവക്കു് എന്താണു പറയാൻ വയ്യാത്തതു്; ജമ്മൻ കൈസരും, ഇംഗ്ലണ്ടിലെ രാജ്ഞിയും, തുക്കിയിലെ സുൽത്താനും ഒന്നുതന്നെയാണെന്നു് അവർ പറയാത്തതു

നമ്മുടെ ഭാഗ്യം. അതുകൊണ്ടു സാധാരണക്കാർക്കൊന്നും ത്രിമൂർത്തികളുടെ വിവിധത്വത്തിൽ പരമമായ ഏകത്വത്തെ ദർശിപ്പാൻ സാധിക്കാത്തപോലെ, ആ മൂർത്തിത്രയങ്ങളെന്നവിധം വിളങ്ങുന്ന മനോവാക്കർമ്മങ്ങളുടേയും വിവിധത്വത്തെയല്ലാതെ ഏകത്വത്തെ ഇന്നത്തെ ലോകത്തിന്നു്—എന്തിന്നും മീതേ പറക്കുന്ന ആകാശവിമാനംകൊണ്ടു പുഷ്പകത്തെപ്പോലും നാണിപ്പിക്കുന്ന ഇന്നത്തെ 'പറവക'ൾക്കു്—ഒരിക്കലും കാണുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഒന്നുമേതുമറിയാതെ കൗപീനമാത്രധാരിയായി ജടാഭാരത്തോടുകൂടിയവനായി, അർദ്ധനിമീലിതങ്ങളായ നേത്രങ്ങളെ ആകാശത്തേയ്ക്കു് ഉയർത്തുന്നവനായി, ഏതാനും നിരാഹാരവ്രതനായി വല്ല ഗുഹയിലോ വനാന്തരത്തിലോ മരച്ചുവട്ടിലോ സമാധി കൊള്ളുന്ന അപരിഷ്കൃതൻ മാത്രം—ഒരു പാസ്സും ഇല്ലാത്തവനും, ഉദ്യോഗമോ പെൻഷ്യനോ ഇല്ലാത്തവനും, മോട്ടോർകാറിൽ കേറുകയോ, കമ്പികെട്ടിയ കപ്പിയിലാക്കി വൈക്കോലിൽ പൊതിഞ്ഞുകെട്ടി കപ്പൽ കയറിവരുന്ന ലഹരിയെ അനുഭവിക്കുകയോ ചെയ്തിട്ടില്ലാത്തവനും ആയ—ആ 'മൊരടൻ'മാത്രം, മൃഗപ്രായൻ മാത്രം, നാനാത്വത്തിന്റെ അടിയിൽ ഏകത്വത്തെ കാണുന്നു. മൂർത്തിത്രയത്തിന്റെ പിന്നിൽ ഒരു പരബ്രഹ്മത്തെ കാണുന്നു. അയാൾക്കു സമദൃഷ്ടിയും, സമചിത്തവും ഉള്ളതായി കാണുന്നു. അയാൾ വിചാരിച്ചതു പറയുകയും; പറഞ്ഞതു പ്രവർത്തിക്കുകയും ചെയ്യുന്നു. അയാളുടെ മനോവാക്കർമ്മങ്ങൾക്കു് ഐകരൂപ്യം കാണുന്നു.

എന്നാൽ വിദ്യുജ്ജിഹ്വനും, ഞാനും, നിങ്ങളും ഒന്നല്ല. ത്രിമൂർത്തികൾതന്നെയാണു്. നമുക്കു മൂന്നാൾക്കും തന്നേ നാനാത്വമേ ഉള്ളു. വല്ല ഏകത്വവും കണ്ടുപിടി

ക്കാമെങ്കിൽത്തന്നെ അന്യരെ അപഹസിക്കുന്നതു നമു ക്കു മൂന്നാൾക്കും പത്ഥ്യമുള്ളതാണെന്നു മാത്രമാണു്. ന മ്മുടെ വിഭിന്നതത്തെ ഇല്ലായ്മചെയ്യുന്നതിന്നു് അതുമാ ത്രം മതിയാവാത്തതുകൊണ്ടു നാം ഇപ്പോഴും പണ്ടത്തെ പ്പോലെ "മൂന്നും മൂന്നുവിധം മൂത്താലേഴവിധം"തന്നേ!

ത്രിമൂത്തികളെ ഏകരൂപത്തിൽ കാണുന്നവരായ മേല്പറഞ്ഞ 'കാടന്മാർ' ഇന്നത്തെ പരിഷ്കൃതലോകത്തി ന്റെ പ്രതിനിധികളല്ല, അങ്ങനെ പ്രതിനിധീകരിക്കു ന്നതിന്നു് അവർ അർഹന്മാരുമല്ല. തന്നിമിത്തം അവ രോ അവരുടെ ആദർശങ്ങളോ അനുഭവങ്ങളോ നമ്മെ ബാധിക്കുന്നവയല്ല. നമ്മുടെ പ്രതിനിധികൾ, പരിഷ്കൃ തലോകത്തിലെ അംഗങ്ങളായ നമ്മുടെ പ്രതിനിധികൾ നിയമനിമ്മാണസഭകളിലുണ്ടു്. അവരാണു് യഥാത്ഥമാ യ പ്രാതിനിദ്ധ്യം വഹിക്കുന്നവർ. അവരെ നോക്കുക, കാണുക, കേൾക്കുക; നാമാണു് അവർ; അവർ നാംതന്നേയാണു്. അവരാരെങ്കിലും വിചാരിച്ചതു പറയാറു ണ്ടോ,—പറഞ്ഞതു പ്രവത്തിക്കാറുണ്ടോ? ഒരിക്കൽ പ്ര വത്തിച്ച മാതിരി പിന്നെ പ്രവത്തിക്കാറുണ്ടോ? ഇല്ലേ ഇല്ല. 'ഉവ്വെങ്കിൽ' അവർ എങ്ങനെ പരിഷ്കാരികളും പ്രതിനിധികളും ആകും? ഒരു പണി മോഹിച്ചു തിര ഞ്ഞെടുപ്പിന്നു നില്ക്കുമ്പോൾ, പറയുന്നതെല്ലാം പണിയേ യും പണിക്കാരേയും കുററപ്പെടുത്തിയിട്ടായിരിക്കും. നമു ക്കു രണ്ടാൾക്കുംകൂടി ശ്രമിക്കാമെന്നു പറയുന്നു, എങ്കിലും വിചാരം ചങ്ങാതിയെ തോല്പിക്കണമെന്നായിരിക്കും. എന്തിനേറെ, ഉള്ള 'പട്ടാംഗം' പറയുകയാണെങ്കിൽ വിചാരമൊന്നു് വാക്കൊന്നു് പ്രവൃത്തി മറെറാന്നു്. ഇ ങ്ങനെയാണു് ഭൂരിപക്ഷവും. അതിന്നു നിയമസഹായമു ണ്ടു്. സാമ്രാജ്യസമ്മതമുണ്ടു്. ആ സ്ഥിതിക്കു് ഈ

ഇരുപതാംനൂറ്റാണ്ടുകാരനായ ഞാൻ, വിദ്വാനായ വിദ്യുജ്ജിഹ്വന്റെ പ്രതിനിധിയും വ്യാഖ്യാതാവും ആയ ഞാൻ, എന്റെ ഞാൻ, "ജ്ഞാനം മനസ്സിൽ പരമുള്ളമൂലം, ഞാനെന്നഹംഭാവമെഴുന്നൊരീ ഞാൻ" എനിക്കു കിട്ടീട്ടുള്ള എഴുത്തുകൾ ഉടനെ പ്രസിദ്ധപ്പെടുത്തുമെന്നു പറഞ്ഞപ്പോൾ എന്റെ വിചാരം അതായിരുന്നു എന്നു നിങ്ങൾ ധരിച്ചുവോ? ഞാൻ അതുപ്രകാരം പ്രവത്തിക്കുമെന്നു നിങ്ങൾ വിശ്വസിച്ചുവോ? അഹോ കഷ്ടം! കഷ്ടാൽ കഷ്ടതരംതന്നെ. എന്റെ സ്നേഹിതന്മാരേ!—സ്നേഹിതന്മാർ എന്നു പറഞ്ഞതുകൊണ്ടു് എനിക്കു നിങ്ങളോടു് ഒരു 'ശില്ലിക്കാശിന്റെ' സ്നേഹമുണ്ടെന്നു ധരിക്കരുതേ, 'സ്നേഹം' ഇക്കാലത്തു നിഘണ്ടുവിൽ മാത്രം കാണപ്പെടുന്ന ഒരു അദൃശ്യവും അനനുഭവയോഗ്യവും ആയ പാഴ്നിഴൽ മാത്രമാകുന്നു. ഞാൻ എന്താണു വിചാരിക്കുന്നതു്, എന്തിനാണു വിചാരിക്കുന്നതു് എന്നു് എനിക്കുതന്നെ നിശ്ചയമില്ല; എന്റെ വിചാരം—യഥാത്ഥവിചാരം, ഞാൻ വിചാരിക്കുന്ന വിചാരം, ആരോടും ഇതുവരെ പറഞ്ഞിട്ടില്ല; പറയുകയുമില്ല. പറഞ്ഞമാതിരി ഞാൻ ഇതുവരെ പ്രവത്തിച്ചിട്ടുമില്ല. അതുകൊണ്ടു് എന്റെ എഴുത്തും വാക്കും കണ്ടും കേട്ടും നിങ്ങൾ ആരും പരിഭ്രമിക്കരുതു്. "മലകളിളകിലും മഹാജനാനാം മനമിളകാ ചപലോക്തികേൾക്കിലും കേൾ" എന്നല്ലേ പ്രമാണം? എന്തിനാണു് ഇത്ര പറഞ്ഞതു് എന്നുവെച്ചാൽ, ഞാൻ ഒന്നു പറഞ്ഞു അല്ലെങ്കിൽ പറഞ്ഞില്ല എന്നു വെച്ചോ, പറഞ്ഞതു ചെയ്തില്ല അല്ലെങ്കിൽ പറയാത്തതു ചെയ്തു എന്നുവെച്ചോ ആരും പരിഭവിക്കയും വേണ്ടാ, പരിഭവിക്കാതിരിക്കയും വേണ്ടാ. ഞാൻ വിചാരിച്ചതു വിചാരിച്ചു. പറഞ്ഞതു പറഞ്ഞു. ചെയ്തതു ചെയ്തു.

ഇങ്ങനെയാണ് എന്റെ സ്ഥിതി. 'എന്തോ ഏതോ' എന്നു ചോദിച്ചാൽ അതിനെല്ലാം വഴിയും സമാധാനവും ഞാൻ കണ്ടിട്ടുണ്ടു്.

"ലോകം ഒരു നാടകരംഗമാണെന്നും, നരന്മാരെല്ലാം നടന്മാരാണെന്നും" ഒന്നാമതായി അഭിപ്രായപ്പെട്ട മഹാനുഭാവൻ ഏതു കുന്തംകുലുക്കി സായ്പായാലും വേണ്ടില്ല (Shakespear) അദ്ദേഹത്തെപ്പോലെ ലോകത്തിന്നു് ഉപകാരം ചെയ്തിട്ടുള്ള ഒരു മഹർഷി—ഇത്രയും വിശിഷ്ടമായ ഒരു ഉപനിഷത്തു വെളിപ്പെട്ടത്തിയ ദിവ്യൻ—വേറെ ഉണ്ടെന്നു തോന്നുന്നില്ല. കൃത്രിമവും അയഥാർത്ഥവും ആണു്, നാം അറിയുന്നേടത്തോളം, എല്ലാ നാടകങ്ങളും; അതായതു് എല്ലാവരും വേഷംകെട്ടി കളിക്കുന്നതായിട്ടാണു നാം കാണുന്നതു്. വേഷക്കാരുടെ വിചാരങ്ങളല്ലാ അവർ പറയുന്നതും പ്രവർത്തിക്കുന്നതും. 'കളിയിൽ ബാപ്പ മകനാകു'മെന്നു സുപ്രസിദ്ധമാണല്ലൊ. കളി കഴിഞ്ഞാൽ ബാപ്പതന്നെ ബാപ്പയും മകൻതന്നെ മകനും ആയി. ഇതാണു നാടകം കളവാണെന്നു പറയുന്നതു്. ഏതോ ഒരു തെണ്ടിച്ചെക്കനെ വില്ലുസുകുപ്പായവും കസവുതൊപ്പിയും ധരിപ്പിക്കുകയും 'അന്തവും കുന്തവും' കൂടാതെ അവൻ രംഗത്തു കടന്നുവന്നു 'ഞാൻ ലോഹിതാക്ഷനാണു്,' 'ഞാൻ പ്രഹ്ലാദനാണു്,' എന്നു നടിക്കുകയും പറയുകയും ചെയ്യുമ്പോൾ ചിരിക്കാതെകഴിക്കുന്നതിന്നു വളരെ നെഞ്ഞൂക്കുവേണം. അവൻ പറയുന്നതു 'പച്ചക്കല്ലുവെച്ച' പൊളിയായിരുന്നിട്ടും കാണികൾ അവനെ പ്രോത്സാഹിപ്പിക്കുകയും, അനുമോദിക്കുകയും ചെയ്യുന്നതു കാണുമ്പോൾ, ലോകത്തെത്തന്നെ ഒരു നാടകരംഗമാക്കിയതിൽ അത്ഭുതം തോന്നാതാകും. കുറേക്കാലം പതിവായി കടുക്ക കഴിച്ചാൽ, അതിന്റെ കയ്പു

തീൎന്നു നല്ല മധുരം തോന്നുമത്രേ! അതുപോലെതന്നെ കളവു കണ്ടും, കളവു കാണിച്ചും കളവിന്നുത്സാഹിച്ചും ലോകത്തിൽ കളവുതന്നെ 'സത്യ'മായിത്തീൎന്നു! അല്ലെങ്കിൽ 'കളവു' സത്യവും, 'സത്യം' കളവും ആയിത്തീൎന്നു. പുരാണങ്ങളിലെ ലോഹിതാക്ഷനിലും പ്രഹ്ലാദനിലും വിശ്വാസമില്ലെങ്കിലും നാടകരംഗത്തിലെ ലോഹിതാക്ഷനും പ്രഹ്ലാദനും യഥാൎത്ഥസത്വങ്ങളായിത്തീൎന്നു. നാടകം അഭിനയിക്കലാണു് ലോകത്തിന്റെ സ്വഭാവം എന്നുവന്നാൽ പിന്നെ യഥാൎത്ഥത്തിന്നു വിരുദ്ധമായ നാട്യങ്ങളും ഭാവങ്ങളും വാക്കുകളും പ്രവൃത്തികളും കൂടാതെ കഴികയില്ലല്ലോ. തന്നിമിത്തം ഇന്നു ലോകത്തിൽ കാണുന്ന ഏതൊരാളും ഒരു കപടവേഷം കെട്ടി, ഒരു പ്രത്യേകോദ്ദേശത്തോടുകൂടി, ചില ചടങ്ങുകൾ അനുസരിച്ചു് ആടുന്ന ഒരു കൃത്രിമജീവിയായിത്തീൎന്നിരിക്കുന്നു. അതു ലോകത്തിന്റെ ധൎമ്മവും ജനങ്ങളുടെ കൎത്തവ്യവും ആയി പരിണമിച്ചിരിക്കുന്നു. 'ലോകം രംഗം, നരന്മാർ നടന്മാർ'. ഇതു വളരെ വലിയ തത്വംതന്നെ. ഇതു് ഒരാൾ കണ്ടുപിടിച്ചതോ, ഉണ്ടാക്കിത്തീൎത്തതോ എന്നാണു് എന്റെ സംശയം. കണ്ടുപിടിക്കുന്നതു മുമ്പുണ്ടായിരുന്നതിനെയാണു്; ഉണ്ടാക്കിത്തീൎക്കുന്നതു പണ്ടില്ലാത്തതിനെയാണു്; വിദ്യുച്ഛക്തിയെ കണ്ടുപിടിക്കുകയും, വിമാനത്തെ ഉണ്ടാക്കുകയും ചെയ്യുന്നു.

ലോകം നാടകരംഗമെന്നു കല്പിച്ച മഹാകവേ! ഹേ! മഹാനുഭാവാ! അവിടുന്നു് ഇപ്പോൾ സ്വൎഗ്ഗരംഗത്തിലോ നരകരംഗത്തിലോ എവിടെയാണു്, എന്തുവേഷം കെട്ടിയാണു് ആടുന്നതു്? നാടകക്കാൎക്കു് അണിയറയിൽച്ചെന്നാലെങ്കിലും കൃത്രിമവേഷം മാററുവാനും

യഥാൎത്ഥസ്വരൂപം കൈക്കൊള്ളുവാനും പരസ്പരം സഹോദരഭാവത്തോടുകൂടി പെരുമാറുവാനും സാധിക്കുന്നു. ലോകം മുഴുവനും ഒരു രംഗമായതുകൊണ്ടു്—അഥവാ ലോകത്തെ ഒരു നാടകരംഗമാക്കിയതുകൊണ്ടു്—ജനനം മുതൽ മരണംവരെ മനുഷ്യർ ആ നാടകരംഗത്തിലെ വെറും ആട്ടക്കാരായിത്തീരുന്നു. അവരുടെ ജീവകാലത്തു് ഒരിക്കലെങ്കിലും ഒരുനിമിഷനേരമെങ്കിലും നാടകവേഷം മാറുന്നതിന്നു സാധിക്കാതെവരുന്നു. അവർ കൃത്രിമവേഷക്കാരായിത്തന്നെ ലോകരംഗത്തിൽനിന്നു് അന്തൎദ്ധാനംചെയ്യുന്നു; മരിച്ചുപോകുന്നു. അവരുടെ മണിയറ മരണാനന്തരം പ്രവേശിക്കുന്ന സ്ഥലമോ, ജനനത്തിന്നു മുമ്പെ ഇരുന്നിരുന്ന പ്രദേശമോ, ഏതാണാവോ? അങ്ങനെ ഒന്നുതന്നെ—അണിയറതന്നെ—അല്ലെങ്കിൽ അണയുന്ന അറതന്നെ—ഉണ്ടോ ആവോ?

ഏതായാലും നരന്മാരെല്ലാം നടന്മാരാണു്; കൃത്രിമവേഷധാരികളാണു്; അയഥാൎത്ഥനാട്യങ്ങൾ നടിക്കുന്നവരാണു്! ഉള്ളിൽ തോന്നുന്നതു പറയാത്തവരാണു്! പറഞ്ഞപ്രകാരം പ്രവൎത്തിക്കാത്തവരാണു്; പ്രവൃത്തിയുടെ ഭവിഷ്യത്തിനെ സ്വീകരിക്കാത്തവരാണു്. തന്നിമിത്തം സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു വേറെവേറെ മൂൎത്തികളും ശക്തികളും വേണ്ടിവന്നിരിക്കുന്നു. ബ്രഹ്മാവും, വിഷ്ണുവും, മഹേശ്വരനും വിരുദ്ധഭാവങ്ങളോടുകൂടിയ മൂന്നു പ്രത്യേകശക്തികളായിത്തീൎന്നിരിക്കുന്നു. ആൎക്കാണു വിചാരത്തിന്നും വാക്കിന്നും പ്രവൃത്തിക്കും ഐകരൂപ്യമുള്ളതു്? അവൎക്കു ബ്രഹ്മാവുമില്ല, വിഷ്ണുവുമില്ല, ശിവനുമില്ല; പരബ്രഹ്മം മാത്രമേ ഉള്ളു. ലോകനാടകരംഗത്തിലെ നടന്മാരല്ലാത്ത നരന്മാരെ! നിങ്ങൾക്കു് ഒന്നും വ്യത്യാസമില്ല. നിങ്ങൾതന്നേ ഭാഗ്യവാന്മാർ!

# സ്വന്തചരിത്രം ഹന്ത! പവിത്രം
# ഹന്ത! വിചിത്രം ചിത്രം ചിത്രം!

ഒരു വരിക്ക് ഇരുപത്തിയൊന്നു പൂർണ്ണാക്ഷരങ്ങളും ഏതാനും ചില്ലുകളും മററുമുള്ള സ്രഗ്ദ്ധരാവൃത്തത്തിലെ ഒരു വലിയ ശ്ലോകത്തിൻെറ നാലു വരികളിൽ ഒന്നിന്റെ ഒരു മൂലയ്ക്കൽ, ഒരു 'ഹന്ത' പ്രയോഗിച്ച പണ്ടത്തെ ഒരു 'അര'ക്കവിക്ക് 'ഹന്ത ഹന്തയ്ക്കു്' ഒരു 'ഇന്തപ്പട്ട' കിടയ്ക്കാമെങ്കിൽ നാലു പാദങ്ങളിൽപ്പോലുംകൂടി ഇരുപത്തൊന്നക്ഷരമില്ലാത്ത ഒരു ചെറിയ പദ്യത്തിൻെറ ഓരോ വരിയിലും ഓരോന്നു തീർച്ചയായും, ബുദ്ധിമുട്ടുള്ളപ്പോൾ ഈരണ്ടുതന്നെ, നിരാക്ഷേപമായും, (ഹന്ത) വെച്ചു തട്ടിമൂളിക്കുവാൻ മാത്രം സമർത്ഥന്മാരായ ഇന്നത്തെ മുഴുവൻകവികൾക്ക് എത്ര നീണ്ടതായ 'ഇന്തപ്പട്ട' (ഒരുവേള ഈന്തപ്പട്ടതന്നേ) കിട്ടണം എന്ന് ആലോചിക്കുംതോറും സമ്മാനദാനവിഷയത്തിൽ പണ്ടത്തെ ജനങ്ങളുടെ ധാരാളിത്വത്തേയും 'കഥ'യില്ലായ്മയേയും പററിയും ഉദാരന്മാരായ ഉദ്ദണ്ഡന്മാരുടെ അഭാവത്താലുള്ള ആപത്തിനെക്കുറിച്ചും ഞാൻ അധികമധികം 'വ്യസനി'ക്കാറുണ്ടു്. വ്യസനിക്കാറുണ്ടെന്നു പറഞ്ഞതുകൊണ്ടു് ഞാൻ ആരും കാണാതെ ഒരു മൂക്കിലിരുന്നു രഹസ്യമായി തേങ്ങിക്കരയാറുണ്ടെന്നോ, എല്ലാവരും കാണത്തക്കവണ്ണം പരസ്യമായി വിലപിക്കാറുണ്ടെന്നോ, എന്റെ ആഹാരവിഹാരാദികളിൽ വല്ല അംശത്തിന്നും ആ വ്യസനം നിമിത്തം ഏററക്കുറച്ചിലോ സമയനീക്കമോ ഹാനിയോ തട്ടാറുണ്ടെന്നോ ഒന്നുംതന്നെ അർത്ഥമില്ല. ഞാൻ

വ്യസനിക്കുന്നു എന്നു പറഞ്ഞാൽ 'വ്യസനിക്കുന്നു' എന്ന വാക്കു ഞാൻ ഉച്ചരിക്കുന്നു എന്നു മാത്രമേ എപ്പോഴും എന്നും അർത്ഥമുള്ളു. അങ്ങനെയുള്ള 'വ്യസനം' ഇന്നത്തെ പരിഷ്കാരത്തിന്റെ ഒഴിച്ചുകൂടാത്ത ഒരു അംശവുമാകുന്നു. ഇരിമ്പുലാടം തറച്ചിട്ടുള്ള ഒരു വലിയ ബൂട്ട്സിട്ട കാലുകൊണ്ടു് ഒരുവൻ ഒരു കിശോരന്റെ നഗ്നമായ കാലിന്മേൽ ചവിട്ടി ചോര കക്കിക്കുന്നതായാലും ആ 'ചവിട്ടുകാരൻ' ചവിട്ടപ്പെട്ടവനോടു "ഞാൻ വ്യസനിക്കുന്നു" എന്നു പറഞ്ഞാൽ രണ്ടാംകക്കും തൃപ്തിയായി. അത്ര സംതൃപ്തിക്കു നിദാനമായിട്ടുള്ള അതിപരിഷ്കൃതമായ ഒരു വ്യസനമാണു് ഞാൻ ചിലപ്പോൾ മനഃപൂർവ്വമായി കൈക്കൊള്ളാറുള്ളതു്. എന്റെ മഹാമനസ്കതയും ഭൂതദയയും നിമിത്തം എനിക്കു വ്യസനമൊഴിഞ്ഞിട്ടുള്ള സമയംതന്നെ ദുർല്ലഭമാകുന്നു. ചവിട്ടുന്നവരും ചവിട്ടപ്പെടുന്നവരും തമ്മിലുള്ള ഇന്നത്തെ ഈ ബന്ധം "വ്യസനിക്കത്തക്കതല്ലെന്നു്" ആർക്കു പറയാം?

എന്റെ മനസ്സിന്റെ 'ശുദ്ധതകൊണ്ടു' ഞാൻ നിരന്തരമായും നിരതിശയമായും വ്യസനിക്കാറുണ്ടു്. പണ്ടത്തെ പറങ്ങോടന്മാരിൽ പലരും പല ഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ടെങ്കിലും, ആ ഗ്രന്ഥങ്ങളിൽ പലതും അപ്പപ്പോഴായി നമുക്കു കണ്ടുകിട്ടീട്ടുണ്ടെങ്കിലും അതിൽനിന്നൊന്നും ആ ഗ്രന്ഥങ്ങളെക്കുറിച്ചല്ലാതെ ഗ്രന്ഥകർത്താക്കന്മാരെക്കുറിച്ചു് ഒരു വിവരവും കിട്ടാറില്ല. എന്നുമാത്രമല്ല അവനവന്റെ കൃതികളെക്കൂടി മറ്റൊരാളുടെ തലയ്ക്കു വെച്ചുകെട്ടുവാനായിരുന്നു അവരുടെ ആഗ്രഹവും ശ്രമവും. പറയുന്ന കാര്യം പരക്കെ അറിയപ്പെടണമെന്നല്ലാതെ പറഞ്ഞാളുടെ പേർ പ്രസിദ്ധപ്പെടണമെന്നു് അവരാരുംവിചാരിച്ചിരുന്നില്ല. അതനുസരിച്ചു് അന്നത്തെ

ജനങ്ങളും "അപ്പം തിന്മാനല്ലാതെ കുഴി എണ്ണുന്നതിന്നു" ഉത്സാഹിച്ചിരുന്നതുമില്ല. ഗ്രന്ഥത്തിൽനിന്നു് ആളെ അല്ലാതെ ആളിൽനിന്നു ഗ്രന്ഥത്തെ വീക്ഷണം ചെയ്തിരുന്നില്ല. ഇന്നാളുടെ ഗ്രന്ഥമെന്നല്ലാ ഇന്ന ഗ്രന്ഥത്തിന്റെ കത്താവു് എന്നായിരുന്നു, ആ വിഷയത്തിൽ വല്ലവരുടേയും ശ്രദ്ധ പതിഞ്ഞിരുന്നു എങ്കിൽത്തന്നെ, ജനങ്ങളുടെ അന്വേഷണബുദ്ധി പ്രവത്തിച്ചിരുന്നതു്. ഒരാൾ തല്ക്കാലംവെച്ചു് ഒരു സംഗതി പുതിയതായി പ്രസ്താവിക്കുന്നതായാൽക്കൂടി "പണ്ടൊരാൾ പറഞ്ഞപോലെ" എന്ന മുഖവുരയോടുകൂടി ആ പ്രസ്താവത്തിന്നുള്ള അവകാശാധികാരങ്ങളെ മറെറാരാളിൽ ഏല്പിക്കുകയാണു് പണ്ടത്തെ പതിവു്. പുതിയപുതിയ കണ്ടുപിടുത്തങ്ങളുടെ കാലമായ ഈ പരിഷ്കൃതകാലത്തു പണ്ടത്തെ രീതിയുടെ, 'ഉള്ളുപൊള്ളത്തം' കണ്ടുപിടിക്കപ്പെടുകയും, അതിന്റെ നിവാരണാത്ഥം പലപല പുതിയ പ്രസ്ഥാനങ്ങളും സ്ഥാപിതങ്ങളാകുകയും ചെയ്തു. മറെറാരാളുണ്ടെന്ന ധാരണയാണു മനുഷ്യനെ അസ്വതന്ത്രനാക്കുന്നതു്. നാം ആക്കെങ്കിലും കടപ്പെട്ടവനാണെന്നു് എപ്പോൾ നമുക്കു് ഒരു ജ്ഞാനമുണ്ടാകുന്നു, അപ്പോൾ മുതൽ നാം അജ്ഞാനികളും 'നട്ടെല്ലൊടിഞ്ഞവരും' ആയിത്തീരുന്നു. മറെറാരാളുടെ സ്വത്താണെന്നുള്ള വിശ്വാസത്തോടുകൂടി മോഷ്ടിക്കുന്നതുകൊണ്ടാണു കള്ളന്മാർ കുററക്കാരായിത്തീരുന്നതു്; അവർ അപ്പോൾ അവരുടെ മനസ്സാക്ഷിയെത്തന്നെ വഞ്ചിക്കുകയാണു ചെയ്യുന്നതു്. നേരേ മറിച്ചു 'കക്കപ്പെടുന്ന' സ്വത്തു തന്റെ തന്നെയാണെന്നോ, അല്ലെങ്കിൽ തന്റെയുംകൂടെയാണെന്നോ ആ കള്ളൻ പൂണ്ണമായി വിശ്വസിക്കട്ടെ; എന്നിട്ടു കക്കട്ടെ; എന്നാൽ കുറ്റവുമില്ല കുറവുമില്ല. ഈ പറഞ്ഞ ന്യായം നിയമകത്താ

ക്കന്മാർക്കൂടി വ്യവസ്ഥപ്പെടുത്തീട്ടുള്ളതും ന്യായാധിപതികൾ അംഗീകരിച്ച് അവലംബിച്ചിട്ടുള്ളതും ആണ്. ഏതു കളവുകേസ്സിലും 'തൊണ്ടി' അന്യന്റെയാണെന്നു വന്നാൽ പിന്നെ കള്ളൻ ശിക്ഷിക്കപ്പെടാതെ നിർവ്വാഹമില്ല. നേരേമറിച്ച് ആ സാധനം തനിക്കുകൂടി അവകാശപ്പെട്ടതാണെന്ന് ആ തസ്കരന്ന് ഒരു വാദമുണ്ടായിരിക്കട്ടെ, താൻ ഒരു കൂട്ടുടമസ്ഥനാണെന്ന് ഒന്നു ശഠിച്ചു നോക്കട്ടെ; അപ്പോൾ കളവുകുററം നില്ക്കുകയില്ലെന്നു സ്പഷ്ടമാവും. "ഈ സംഗതി തീർച്ചപ്പെടുത്തുവാൻ എനിക്കു സാധിക്കില്ല—അധികാരമില്ല" (സിവിൽകോർട്ടിൽ പോകണം)—എന്നു മജിസ്ത്രേട്ടുതന്നെ കല്പിക്കുകയായി; കള്ളൻ വിട്ടുപോകയുമായി; ഇപ്പോൾ കളവിന്റെ കള്ളി സ്പഷ്ടമായല്ലോ. ഇതൊക്കെ എന്റെ 'വ്യസനകാരണങ്ങൾ' ആണ്, കഴിഞ്ഞില്ല.

ഇതാണു നിയമത്തിന്റെ സ്ഥിതി. ഈ നിയമം സാഹിത്യകാരന്മാരെ ബാധിക്കുന്നതല്ലെന്ന് ഒരു നിയമപുസ്തകത്തിലും ഒരു വകുപ്പു കണ്ടിട്ടില്ല; ഒരു വക്കീലും പ്രസംഗിച്ചു കേട്ടിട്ടുമില്ല. പരക്കെ ഉപയോഗപ്പെടാവുന്ന ഒരു നിയമം പ്രജകളിൽ ഒരു പ്രത്യേകവർഗ്ഗത്തിന്നു മാത്രമേ ബാധകമായിരിപ്പാൻ പാടുള്ളു എന്നു നിശ്ചയിക്കത്തക്കവണ്ണമുള്ള അന്ധതയും അജ്ഞതയും അധികാരസ്ഥന്മാൎക്കില്ലെന്നു നിർവ്വിവാദമാണ്. ഈ നിയമം ഒരു പൊതുസ്വത്താണെന്നും, അതിന്റെ തണലിൽ ഏതു പാന്ഥന്നും വിശ്രമിക്കാമെന്നും വന്നപ്പോൾ സാഹിത്യചോരന്മാൎക്കും തെല്ലൊരാശ്വാസം കിട്ടിപ്പോയി! സാഹിത്യം, എന്നും ഏതു രാജ്യത്തിലും ഒരു പൊതുസ്വത്താണുതാനും. അപ്പോൾ എന്റേയും തന്റേയും കൂടി

യിട്ടുള്ള ഒരു സ്വത്തിൽനിന്നു്—ഒരു പുസ്തകത്തിൽനിന്നു്—ഞാൻ കുറച്ചു് എടുത്താൽ, തിരുടിയാൽ—അതിൽ എങ്ങനെയാണു് ഒരു 'മോശവിചാരം' ഉണ്ടായിത്തീരുന്നതും അതു് ഒരു അപരാധമായിപ്പരിണമിക്കുന്നതും? ഈ മനോഭാവത്തിന്റെ, ആദരണീയമായ ഈ പ്രപഞ്ചസാഹോദര്യത്തിന്റെ, ഈ സമചിത്തതയുടെ ഫലമായി 'എന്റെ' അല്ലാതെ 'അന്യന്റെ' അഭിപ്രായങ്ങളും വാക്കുകളും ലോകത്തിൽ ഇല്ലാതായിത്തീൎന്നിരിക്കുന്നതിനാൽ ആരും അഭിമാനപ്പെടേണ്ടതാകുന്നു. ഒരു തറവാട്ടിലെ കാരണവർ പാട്ടംപിരിവു് രൂപാ പെട്ടിയിൽവെച്ചുപൂട്ടി പുറത്തേയ്ക്കു പോയപ്പോൾ പൂൎണ്ണഉടമസ്ഥനെപ്പോലെ യാതൊരു ചാഞ്ചല്യവുംകൂടാതെ വേറെ ഒരു താക്കോലിട്ടു് ആ പെട്ടി തുറന്നു പണമെടുക്കുന്ന ഒരു അനന്തരവനെ 'കള്ളൻ' എന്നു് ആർ പറയും? അയാളുടെ സ്വത്തു് അയാൾ എടുത്തു; അവകാശവഴി ചെന്നെടുത്തു. ഞാൻ പറയുന്നതോ, എഴുതുന്നതോ എല്ലാം മുമ്പൊരാൾ പറഞ്ഞതോ എഴുതിയതോ ആണെന്നു പറയുന്നതു് എനിക്കു് ഒരു യോഗ്യതയായിത്തീരുന്നതു കൂടാതെ ഒരിക്കലും അന്യഥാഭവിക്കുന്നതല്ല. സ്വത്തും ഭൂമിയും ഒരിക്കലും വർദ്ധിക്കുന്നില്ല. ജനങ്ങൾ മാത്രമേ കൂടിക്കൂടി വരുന്നുള്ളു. ആരുടെ, ആരാൽ, എത്രയെല്ലാം സ്വത്തുക്കളുണ്ടായിരുന്നാലും അതൊക്കെ 'കൈമാററം'കൊണ്ടുണ്ടായിത്തീൎന്നവയാണു്. എല്ലാം മുമ്പുണ്ടായിരുന്നവയാണു്. പറയുവാനുള്ളതൊക്കെ ഇതിന്നു മുമ്പുള്ളവർ പറഞ്ഞുതീൎന്നിരിക്കുന്നു എന്നുവെച്ചു നാമെല്ലാമിനിമേലിൽ മൗനാവലംബികളായിരിക്കണമോ? അതു വേണമെന്നു തോന്നുന്നില്ല. അവർ എന്നേക്കാൾ മുമ്പു ജനിച്ചതിന്നു ഞാനാണോ ഉത്തരവാദി? മുമ്പു ജനിച്ചതുകൊണ്ടു

മുമ്പു പറഞ്ഞു എന്നുമാത്രം. ആരും ഒന്നും പറഞ്ഞിട്ടില്ലെന്നുള്ള ധീരവിശ്വാസത്തോടുകൂടി ആരും എന്നും പറഞ്ഞതിനെയെല്ലാം സ്വീകരിക്കുന്നതും അതിന്നെല്ലാം താൻ ഏകാവകാശിയാണെന്നു നടിക്കുന്നതും, തന്റേതന്നെയാണെന്നു് അഭിമാനപ്പെടുന്നതുംതന്നെയാണു ശരിയായ പൗരുഷം; യഥാർത്ഥമായ സമസൃഷ്ടിസ്നേഹം; പരമമായ സാഹോദര്യം; അചിന്ത്യമായ ലോകോപകാരം. അതുകൊണ്ടു് എന്റെ ഒന്നും എന്റെ അല്ലെന്നു കണ്ടുപിടിക്കുവാൻ നിങ്ങൾ ക്ലേശിക്കേണമെന്നില്ല. എന്റെ അല്ലാതെ 'ഇന്ത ഉലഹത്തിൽ ഒന്നുമേ കിടയാതു്.' എല്ലാററിലും ബ്രഹ്മത്തെക്കാണുന്നതിനേക്കാൾ എത്രയോ ഉൽകൃഷ്ടമായതാകുന്നു, ദുഷ്കരമായതാകുന്നു, അപൂർവ്വമായതാകുന്നു, എല്ലാത്തേയും എന്നിൽത്തന്നെ കാണുന്നതു്. സ്വത്തുക്കളെ സംബന്ധിച്ചേടത്തോളമെങ്കിലും എല്ലാവരും ഞാൻതന്നെയാണെന്നാണു് എന്റെ അഭിമാനം. ആ വിഷയത്തിൽക്കൂടി അപ്രകാരമുള്ള 'തന്റേട'മില്ലാത്തവർ എത്രയുണ്ടു്? ഇതിലും ഞാൻ വ്യസനിക്കുന്നു! "മാറോടുപോലെപ്പരദ്രവ്യത്തെക്കണ്ടീടേണം, മാതാവെപ്പോലെപ്പരസ്ത്രീകളെക്കരുതേണം" എന്നാണു് പഴയ പരമാദർശം. പഴമൊഴികളുടെ ശരിയായ അർത്ഥം മനസ്സിലാക്കാതെ എന്തെങ്കിലും പ്രവർത്തിക്കത്തക്ക ബുദ്ധിഹീനനല്ലാ ഞാൻ. ആരെന്തു പറഞ്ഞാലും എന്റെ ബുദ്ധികൊണ്ടു് ഒന്നു് ആലോചിച്ചുനോക്കി തൃപ്തിപ്പെടണം. അപ്രകാരം ഞാൻ മേല്പറഞ്ഞ ആദർശവാക്യാർത്ഥത്തെ തോലനം ചെയ്തിട്ടുണ്ടു്. ഉവ്വ്, തൊലച്ചുവിട്ടിട്ടുണ്ടു്. ജനങ്ങൾ സാധാരണ 'വിചാരിക്കുന്ന' വിധത്തിലല്ല, 'പ്രവർത്തിക്കുന്ന' തരത്തിൽത്തന്നെയാണു് ആ പഴമൊഴിയുടെ പരമാർത്ഥം എന്നു് എനിക്കു തൃപ്തിപ്പെട്ടിരി

ക്കുന്നു. വഴിയിൽക്കിടക്കുന്ന മാററോട്ട് ആക്കെങ്കിലും എടുക്കാം. അതിൽ ആക്ഷേപമില്ല. അതു് ഒരു കുററവുമല്ല. അതുപോലെതന്നെയാണു പരദ്രവ്യത്തേയും കരുതേണ്ടതു്, എന്നു പറയുന്നതിൽനിന്നു് അന്യന്റെ വകയായി വല്ല മുതലുണ്ടെന്നോ, ഉണ്ടെങ്കിൽത്തന്നെ അതു് ആക്കും സ്പശിക്കാൻകൂടി വയ്യാത്തതാണെന്നോ, അത്ഥം വരുന്നതു് എങ്ങനെയാണെന്നു് അത്യുഗ്രമായ എന്റെ അല്പബുദ്ധിക്കു് ഇന്നും അജ്ഞാതമാകുന്നു. അതു ചില സ്വാത്ഥികളുടെ അത്ഥവിവക്ഷയാണു്. അപ്രകാരംതന്നെ മാതാവിനെപ്പോലെയാണു് എല്ലാ സ്ത്രീകളേയും കരുത്തുള്ളവർ കരുതിവരുന്നതു്. സ്വന്തം അമ്മയെ എവിടെവെച്ചു് എപ്പോൾ കണ്ടാലും ഓടിയെത്തി ആലിംഗനം ചെയ്തു സ്നേഹപാരവശ്യം പ്രദർശിപ്പിക്കുന്നതും പാതിരിമാക്കും പതിവാണു്. എല്ലാ സ്ത്രീകളേയും അമ്മയെപ്പോലെ കരുതണമെന്നു കേട്ടമുതല്ക്കു് അബലാലോകത്തെ മുഴുവൻ ഒററയ്ക്കായാലും വേണ്ടില്ല, കൂട്ടത്തിലായാലും വേണ്ടില്ല, തുറിച്ചുനോക്കിയും തിരിഞ്ഞുനോക്കിയും അക്ഷമയോടെ ഓടിയെത്തിയും എവിടെവെച്ചു കണ്ടാലും തനിക്കുള്ള നിസ്സീമമായ സ്നേഹത്തെ—വേറിട്ടു നില്ക്കുന്നതിന്നു നിവ്വാഹമില്ലാത്ത വിധത്തിൽ നിരുപമമായിത്തീന്നിട്ടുള്ളതും ഒന്നിച്ചു ചേരുന്നതിന്നു് ഉന്തിപ്പുറപ്പെടുന്നതും ആയ ആ സ്നേഹവായ്പിനെ—അല്പമെങ്കിലും പ്രദർശിപ്പിക്കാത്തവർ ആരുണ്ടു്? സ്നേഹത്തിൽനിന്നുണ്ടാകേണ്ടതായ 'ഐക്യ'ത്തിന്നു് എപ്പോഴും എല്ലാവക്കും സാധിക്കാത്തതു് 'സവ്വംഏക'ജ്ഞാനരഹിതരായ അന്യന്മാരുടെ കുററംകൊണ്ടു മാത്രമാണു്. എല്ലാ സ്ത്രീകളേയും തന്റെ അമ്മയെപ്പോലെ, എന്തിന്നു് അമ്മയാക്കുന്നു, ഭാര്യയെപ്പോലെതന്നെ കരുതുന്നതിന്നും

പ്രവർത്തിക്കുന്നതിന്നും പലരും തയാറാണ്. തന്റേ ടമില്ലാത്ത 'തന്നിഷ്ടക്കാർ തരംതരുന്നില്ലെന്നുമാത്രം. ഞാൻ വ്യസനിക്കുന്നു! എന്നാൽ വിദ്യുജ്ജിഹ്വൻ ഒന്നു മാത്രം ചെയ്യാറില്ല. മററൊരാളുടെ പുസ്തകം അങ്ങനെ തന്നെ പകൎത്തെഴുതി തന്റേതാക്കി പ്രസിദ്ധപ്പെടുത്തു കയും അതിന്റെ മുഖവുരയിൽ 'എനിക്കു് ഇന്ന പുസ്ത കം വായിച്ചപ്പോഴാണ് ഇങ്ങനെ ഒന്ന് എഴുതണമെന്നു തോന്നിയതു്'' എന്ന ഒരു 'പാററിവെടി'വെയ്ക്കുകയും പതിവില്ല. വിദ്യുജ്ജിഹ്വൻ ആ കാൎയ്യംതന്നെ മിണ്ടി ല്ല. എന്റെ ആണെന്നുള്ള ബോധം എനിക്കുണ്ടെങ്കിൽ അന്യന്റെ അല്ലെന്നുള്ള തന്റേടവും എനിക്കുണ്ടാവ ണ്ടേ? അതുണ്ടുതാനും. അതുകൊണ്ടു് 'എന്റേതായിട്ടി ല്ലാ ഒന്നു മെല്ലാമെന്റെയാണുതാനും,' എന്നാണ് വി ദ്യുജ്ജിഹ്വമതം. ഇതും എന്റെ ഒരു 'വ്യസന'ഹേതു വാണ്. ഞാൻ കുട്ടിക്കാലത്തു സ്വന്തമായി പ്രസിദ്ധപ്പെ ടുത്തിയ 'തയിരുകലക്കൽ' എന്ന പ്രബന്ധത്തിന്നു് ഒര ഞ്ഞൂറു കൊല്ലത്തെ പഴക്കം കണ്ട പണ്ഡിതന്മാർ യഥാ ൎത്ഥത്തിൽ കണ്ടതു് എന്താണെന്ന് ആരെങ്കിലും അറി ഞ്ഞിട്ടുണ്ടോ?

കാൎയ്യം ഇപ്രകാരമെല്ലാമാണെന്നിരുന്നാലും, നേരു പറഞ്ഞാൽ 'നാട്ടീന്നുപോകണ'മെന്നാണെങ്കിലും, 'വി ദ്യുജ്ജിഹ്വന്റെ വിളയാട്ടം' എന്ന ഗ്രന്ഥത്തിന്റെ മൂലം എന്റേയുമല്ല, വിദ്യുജ്ജിഹ്വന്റേയുമല്ല; അതു് ഒരു പുരാതന ഗ്രന്ഥമാണ്, ഒരു താളിയോലഗ്രന്ഥമാണ്, ഒരു കോലെഴുത്തു ഗ്രന്ഥമാണ്. ദരിദ്രന്മാരായ ചില വി ദ്വാന്മാരെക്കൊണ്ടു സമ്പന്നന്മാരായ ചില 'വങ്കശിരോമ ണികൾ' പുസ്തകങ്ങൾ രചിപ്പിക്കുകയും, സ്വന്തംപേ രിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതു്

C. V. ... THENGANOOR

ഇക്കാലത്തും അപൂൎവ്വമല്ല. അതിൽ ഒരു കുററവും പറവാനില്ല. 'വിദ്വാൻ' പേരിനെ ആഗ്രഹിക്കുന്നില്ല; പേരു കൊണ്ടു് അയാളുടെ വയറു നിറയുന്നതുമല്ല. സമ്പന്നൻ പണത്തെ പതിരായി കരുതുന്നു; പണം അയാൾക്കു പേരുണ്ടാക്കുന്നില്ല; പേരിൽ താൻ അത്യന്തം ആഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള വിഷമഘട്ടങ്ങളിൽ ഒരു വിദ്വാനും ഒരു ധനവാനും ഒന്നിച്ചുകൂടുന്നതായാൽ വിദ്വാന്റെ ദാരിദ്ര്യവും, ധനവാന്റെ 'പേരിന്നു'ള്ള പരിഭ്രമവും ഭാഷയുടെ ഗ്രന്ഥദൗർലഭ്യവും ഒരേ അവസരത്തിൽത്തന്നെ അവസാനിക്കുന്നതാകുന്നു. അടുത്ത കാലത്തും, മലയാളത്തിൽക്കൂടിയും അങ്ങനെ സംഭവിച്ചിട്ടുണ്ടെന്നു് ഒന്നുരണ്ടു കൊല്ലങ്ങൾക്കുള്ളിൽ 'കൈരളീപാണിയിൽ പ്രസിദ്ധീകൃതങ്ങളായ' ഗ്രന്ഥപരമ്പരകൾ പരിശോധിച്ചാൽ ആൎക്കും അറിയാവുന്നതാണു്. ആവട്ടെ. ഒരു വെടിക്കു മൂന്നു പക്ഷി.

എന്നാൽ വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങൾ അങ്ങനെ തട്ടിപ്പറിച്ചതോ, വിലയ്ക്കു വാങ്ങിച്ചതോ, ഉപായത്തിൽ കയ്യിലാക്കിയതോ ആയ ഒരു ഗ്രന്ഥമല്ല. കൊല്ലവർഷം 656-ാമാണ്ടിൽ തിരുവനന്തപുരത്തുവെച്ചു നടന്ന ലോകപ്രസിദ്ധമായ മുറജപക്കാലത്തു തിക്കിത്തിരക്കി കൂടിയിരുന്ന ബ്രഹ്മണോത്തമന്മാരുടെ 'ഉച്ചയുറക്ക'ത്തിന്നുശേഷമുള്ള 'എടനേരത്തെ'രസകരമാക്കിത്തീൎക്കുന്നതിന്നുവേണ്ടി അന്നു വിശ്വവിശ്രുതനായിരുന്ന 'കോപ്രാട്ടി' ഇല്ലത്തു 'ജാതവേദൻ' എന്നു തിരുനാമമായ 'ഇട്ടിക്കണ്ടപ്പൻ' എന്ന നമ്പൂരിരസികൻ ചാപ്പാൻപുകയില മുറുക്കിക്കൊണ്ടും ശക്കരപെരട്ടി ഉപ്പേരി തിന്നുകൊണ്ടും 'വെടിപറഞ്ഞ' സംഗതികളെ അദ്ദേഹത്തിന്റെ 'കിടപ്പിന്റെ വട്ടം' സ്ഥാപിച്ചിരുന്ന മംഗലത്തു

മാരാത്തെ മാധവമാരാരു് പതിവായി കേഠംക്കുകയും അ ന്നന്നത്തെ വിനോദങ്ങളെ അന്നന്നു രാത്രിതന്നെ രേഖ പ്പെടുത്തി വെയ്ക്കുകയും ചെയ്തിരുന്നു. അതാണു് ഈ മ ഹൽഗ്രന്ഥത്തിൻെറ മൂലം. അമ്പത്താറുദിവസത്തെ മുറ ജപമുണ്ടായിരുന്നതുകൊണ്ടും അന്നെല്ലാം 'ഇട്ടിക്കണ്ട പ്പൻ' പുറപ്പെട്ടിരുന്നതുകൊണ്ടും ആ ഗ്രന്ഥത്തിന്നു സ്വന്ത മായും സ്വതന്ത്രമായുംതന്നെ അമ്പത്താറു് അദ്ധ്യായ ങ്ങഠം ഉള്ളതാകുന്നു. ഒരു ദിവസത്തെ വിളയാട്ടം ഒരദ്ധ്യാ യം. വിനോദത്തിന്നുവേണ്ടി താൻ പ്രകടിപ്പിച്ചിരുന്ന 'പൊടിക്കയ്യുകഠം' മറ്റൊരാളുടെ കയ്യിൽപെട്ടു പോ ന്നിരുന്ന വിവരംതന്നെ നമ്മുടെ 'ഇട്ടിക്കണ്ടപ്പ'ന്നുണ്ടാ യിരുന്നില്ല. തക്കകാലത്തു് അറിഞ്ഞിരുന്നു എങ്കിൽ— അറിയാതെപോയതു കൈരളിയുടെ മഹാഭാഗ്യം ത ന്നെ—കണ്ടപ്പൻെറ കോലാഹലങ്ങഠം ഉടനെ അവസാ നിക്കുമായിരുന്നു. അബ്രാഹ്മണച്ചെവികളിൽ പതിക്കു ന്നില്ലെന്നുള്ള പൂൎണ്ണബോദ്ധ്യംകൊണ്ടുമാത്രമാണു് അവ സാനംവരെ 'വിളയാട്ടങ്ങഠം' വളൎന്നുവന്നതു്. ഒടുവുവെ ച്ചെങ്ങാനും അറിഞ്ഞിട്ടുണ്ടായിരുന്നു എങ്കിൽ—ഉണ്ടെ ന്നുതോന്നുന്നില്ല—'ക്ഷ! മാരാത്തെ മാച്ചനല്ലേ!' എന്നു് അദ്ദേഹം സമാധാനപ്പെട്ടിട്ടുമുണ്ടായിരിക്കാം. മാധവി യുടെ ഉടപ്പിറന്നവനായിരുന്നു ആ മാധവൻ! മാധവിയോ ബഹുരസികത്തി.

മേൽപ്രകാരം 'ഇട്ടിക്കണ്ടപ്പ'നാൽ സുവിദിതവും മാധവമാരാരാൽ സുഗ്രഹിതവും, മാരാരുടെ ശിഷ്യഗ ണങ്ങളിൽ ഒരു 'ചെക്കനാൽ' സുലിഖിതവും ആയ ഈ മഹൽഗ്രന്ഥം ആ മുറജപത്തിന്നുശേഷം അധികംകാലം തിരുവനന്തപുരവാസം അനുഭവിച്ചിട്ടില്ലെന്നു തോന്നു ന്നു. 'അരീപ്പാട്ടു്' ഒരു 'ബന്ധു ഏൎപ്പാടു്' ഉണ്ടായതു

നിമിത്തം മാധവമാരാരുടെ 'ചെണ്ടകൊട്ടൽ' അവിടെയുള്ള മഹാക്ഷേത്രത്തിന്നു തൊട്ടുള്ള ഒരു ഭവനത്തിലാകയും അതോടുകൂടി 'വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങൾ' ഹരിപ്പാട്ടമ്പലത്തിൽ നിക്ഷേപിക്കപ്പെടുകയും ചെയ്തു. ബ്രാഹ്മണശാപത്തെ ഭയന്നും, പേരും പെരുമയും മററന്നുംതന്നെയായിരിക്കണം ആ 'നിഷ്കാമകർമ്മി'യായ മാരാരു് ആ മൂലഗ്രന്ഥത്തെ ദേവസന്നിധിയിൽ സമർപ്പിച്ചതു്. ഓരോ മഹാക്ഷേത്രങ്ങളിലെ 'ഈട്ടുവെപ്പിൽ' കിടക്കുന്ന "സാരാനർഘപ്രകാശപ്രചുരിമപുരളും ദിവ്യരത്നങ്ങളെ" ആർ കണ്ടിരിക്കുന്നു! ആര് അറിഞ്ഞിരിക്കുന്നു! ആ കൂട്ടത്തിൽ "ചിതലിന്നു മുതലായും പാററയ്ക്കു തീറ്റയായും" ഈ അമൂല്യഗ്രന്ഥവും ആ ക്ഷേത്രഭണ്ഡാരത്തിൽ ശ്രീരാമപാദസമ്പൎക്കത്തെ കാത്തുംകൊണ്ടു് അഹല്യ എന്നപോലെ നിൎജ്ജീവമായി കിടന്നിരുന്നു.

"അമ്പലം കത്തുന്നതുകൊണ്ടു് അഞ്ചു ഗുണങ്ങൾ ഉണ്ടു്" എന്നു് ഇയ്യിടെ ഒരാൾ പ്രസംഗിക്കുകയുണ്ടായി. ദൂരെനിന്നു നോക്കിയാലും ഉള്ളിലുള്ളതു് എന്താണെന്നു് അറിയാമല്ലോ എന്നാണു് ആ മഹാൻ പ്രധാനമായി സമാധാനപ്പെട്ടതു്. 'ഉള്ളിലുള്ളതു്' അറിയുന്നതു വലിയ സമാധാനംതന്നെയാണെന്നു് എനിക്കും തോന്നി. ഉള്ളറിയായ്കയും ഉള്ളതറിയായ്കയും ആണു് ഈ ലോകത്തിലെ നാശകാരണങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണം, എന്തായാലും "കാടുകത്തുമ്പോൾ കാട്ടുജന്തുക്കൾ പുറത്തുചാടുന്നതുപോലെ" അല്ലെങ്കിൽ മറേറതെങ്കിലും ഒന്നുപോലെ—ഇതിലും നല്ല ഉപമ എന്റെ വായനക്കാൎക്കു തോന്നുന്നുണ്ടെങ്കിൽ അവരവരുടെ ഇഷ്ടംപോലെ മാറ്റിവെച്ചു വായിക്കുന്നതിന്നു വിരോധമില്ല. അതിന്നുള്ള പകർപ്പവകാശം പ്രതിഫലേച്ഛകൂടാതെതന്നെ പരസ്യ

മായും പരക്കെയായും തന്നിരിക്കുന്നു. ഒരു ഉപമ പ്രയോഗിക്കേണ്ടുന്ന ഘട്ടമാണു് ഇതു് എന്നു വായനക്കാരെ ഓമ്മപ്പെടുത്തുവാൻവേണ്ടിമാത്രം ഞാൻ ഒന്നു പ്രയോഗിച്ചു എന്നു വരുത്തിയതാണു്—ഹരിപ്പാട്ടമ്പലം തീപ്പിടിച്ചപ്പോഠം അവിടെനിന്നു പലരും പലതും തട്ടിക്കൊണ്ടുപോയകൂട്ടത്തിൽ 'വിദ്യജ്ജിഹ്വന്റെ വിളയാട്ട'ത്തിന്റെ മൂലഗ്രന്ഥം നമ്മുടെ പഴയ മാധവമാരാരുടെ പുത്രപൗത്രീപരമ്പരയിൽപ്പെട്ട കോമാളിമാരാര് എന്നൊരു വിദ്വാൻ—ഇവിടെ വിദ്വാൻപദത്തിന്നു സംസ്കൃതകോളേജുകളിൽനിന്നോ മറേറാ പുറപ്പെടുന്ന 'വിദ്വാൻ' എന്നത്ഥമില്ലെന്നും, നാടൻഭാഷയിലെ 'ഒരു വിദ്വാൻ' എന്നു മാത്രമേ പൊരുളുള്ളൂ എന്നും പ്രത്യേകം ഓമ്മപ്പെടുത്തിക്കൊള്ളുന്നു. അതിന്നുതക്ക കാരണവും ഉണ്ടു്. സാക്ഷാൽ വിദ്വാൻ ഗോവസൂരിപ്രയോഗക്കാരനെപ്പോലെയാണു്. തന്റെ കൈയിലുള്ള മരുന്നു കണ്ടവരുടെ ദേഹത്തിലെല്ലാം കുത്തിവെയ്ക്കുന്നതിന്നു് ഇഷ്ടപ്പെടുന്നവനും, അതിന്നനുവദിക്കാത്തവരോടു് എതിക്കുന്നവനും ആണു്. സപ്പത്തിന്നു കോപംവന്നാൽ ദംശനത്തിൽ വിഷപ്പകർച്ച കൂട്ടുന്നതുകൊണ്ടു് ആ 'വിദ്വാ'ന്മാരെ ആരും കോപിപ്പിക്കാറില്ല. ഗോവസൂരിക്കാക്ക് സക്കാർകല്പനയും രക്ഷാമുദ്രയും നല്കപ്പെട്ടിട്ടുള്ളതുപോലെ ഈ വിദ്വാന്മാക്കും പല മുദ്രകളും അധികാരപത്രങ്ങളും സിദ്ധിച്ചിട്ടുണ്ടു്. തന്നിമിത്തം ആക്കും അവരെ അനാദരിക്കാനും തരമില്ല. അങ്ങനെയൊന്നുമുള്ള ഒരു വിദ്വാനല്ലാ നമ്മുടെ കോമാളിവിദ്വാൻ എന്നു പ്രത്യേകം പറഞ്ഞുവെയ്ക്കാഞ്ഞാൽ വന്നേക്കാവുന്ന ആപത്തുകഠം അനേകങ്ങളും അവിചാരിതങ്ങളും അനല്പങ്ങളും ആയിരിക്കും—മോഷ്ടിച്ചുംകൊണ്ടുപോകയും, 'തട്ടിപ്പറിച്ചാൽ പൊട്ടി

ത്തെറിക്കും' എന്ന പഴമൊഴിപ്രകാരം അതു വഴിക്കു വെച്ചു കൈമോശംവന്നുപോകയും ചെയ്തു. അതിന്നു ശേഷം തണ്ണീർമുക്കത്തു കായലിൽ വലവീശിയിരുന്ന ഒരു മുക്കുവന്റെ വലയിൽപ്പെട്ട 'നീരാട്ടുകുളി കഴിഞ്ഞു്' പുറത്തുവന്ന നമ്മുടെ സൽഗ്രന്ഥത്തെ ചെമ്പിന്റെ ആവശ്യത്തിന്നുവേണ്ടി (എടാ വിഡ്ഢിയായ മുക്കുവാ! വെറും ചെമ്പല്ല സാക്ഷാൽ വിദ്യുജ്ജിഹ്വന്റെ വിളയാട്ടമാണു നീ വെറുതെ വില്ക്കുവാൻ പോകുന്നതു്. നിന്റെ കുടുംബം കഴിയാനുള്ള സ്വത്തു സമ്പാദിക്കാൻ മതിയായ ഒരു മഹാഗ്രന്ഥമാണു നീ ചെമ്പിന്നു വില്ക്കുന്നതു്. ക്ഷമിക്കു. ഗുണദോഷജ്ഞാനമുള്ള ആരെയെങ്കിലും കാണിച്ചുകൊടുക്കു്.) വൈക്കത്തുള്ള ഒരു 'ചെമ്പോട്ടിക്കു്' മൂന്നു ഉറുപ്പിക വിലയ്ക്കു വിറ്റു് അടുത്ത ഒരവസരത്തിൽ 1098 കുംഭമാസത്തിലെ അഷ്ടമിക്കു ഞാൻ വൈക്കത്തു ചെന്നപ്പോൾ ഒരു മരുന്നിന്റെ ആവശ്യത്തിന്നു പഴയ ചെമ്പു് അന്വേഷിച്ചതിൽ ഒരു ഷാപ്പിൽനിന്നു് ഈ ഗ്രന്ഥത്തിന്റെ ഒരു ഏടു കണ്ടുകിട്ടുകയും കാര്യസ്വഭാവം ധരിച്ചിട്ടില്ലാതിരുന്ന ആ കച്ചവടക്കാരനോടു് ആ ഗ്രന്ഥത്തിന്റെ കിട്ടിയേടത്തോളം ഏടുകൾ എല്ലാം അഞ്ചേകാൽ ഉറുപ്പികയ്ക്കു വിലയ്ക്കു വാങ്ങിച്ചു കൊണ്ടുപോരികയും, കച്ചവടക്കാരൻ എന്നേയും ഞാൻ കച്ചവടക്കാരനേയും പററിച്ചതായി ഇരുക്കൂട്ടരും സന്തുഷ്ടരാകയും ചെയ്തു. ഇവിടെവന്നു പരിശോധിച്ചു വെടിപ്പുവരുത്തി ക്രമപ്പെടുത്തിയതിൽ ആ മഹാഗ്രന്ഥത്തിന്റെ മുക്കാലേഅരയ്ക്കാലും ശരിപ്പെട്ടുകിട്ടുകയും അതു കണ്ടപ്പോൾ അതിന്റെ ഒരു പരിഭാഷ പൂർവ്വഭാഷാഭിജ്ഞരല്ലാത്ത വായനക്കാരുടെ പ്രത്യേകാവശ്യത്തിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുവാൻ ആഗ്രഹിക്കുകയും അതിലേയ്ക്കു്

എന്റെ ചില മാന്യസുഹൃത്തുക്കൾ എന്നെ ഇടവിടാതെ നിർബ്ബന്ധിക്കുകയും ചെയ്തു. ഈ അത്യാഗ്രഹത്തിന്റേയും നിർബ്ബന്ധത്തിന്റേയും ഫലമാണ്—ആ ഗ്രന്ഥത്തിന്റെ ഒരു ഏകദേശതർജ്ജമയാണ്—ഈ 'വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങൾ.' ഇതു് എന്റേയും അല്ല; വിദ്യുജ്ജിഹ്വന്റേയും അല്ല; മൂലത്തിലെ കുറവുകൾക്കു ഞാനോ, തർജ്ജമയിലെ കുറ്റങ്ങൾക്കു മൂലകാരനോ ഉത്തരവാദികളല്ലാത്തതുകൊണ്ടു് ഈ ഗ്രന്ഥത്തിന്നു് ആരും ഉത്തരവാദപ്പെട്ടവരില്ലെന്നു പറയേണ്ടതില്ലല്ലോ. ഇപ്പോൾ തർജ്ജമകളുടെ കാലമാണല്ലൊ. ഇംഗ്ലീഷുതർജ്ജമ ബങ്കാളിതർജ്ജമ, ടാഗ്രർതർജ്ജമ, ചാററർജി തർജ്ജമ ഇങ്ങനെയൊക്കെയുള്ള ഇക്കാലത്തു ശരിയായി വേണ്ട തർജ്ജമ 'വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങൾ' ആണെന്നാണ് എന്റെ വിശ്വാസം. ആ ഗ്രന്ഥത്തിലെ അമ്പത്താറദ്ധ്യായങ്ങളെക്കുറിച്ചും മററും അടുത്ത അവസരത്തിൽ പ്രതിവാദിച്ചുകൊള്ളാം—മനസ്സുണ്ടെങ്കിൽ.

## "അഞ്ജനമെന്നതു ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും"

പഞ്ചപാണ്ഡവന്മാർ കട്ടിലിൻെറ കാലുകൾപോലെ മൂന്നുപേരു് എന്നുപറഞ്ഞു വലത്തേ കൈയിന്റെ രണ്ടു വിരലുകൾ പ്രത്യേകം വിറപ്പിച്ചുംകൊണ്ടു് എടത്തേ കാലിൻെറ പെരുവിരൽകൊണ്ടു നിലത്തു് 'ഒന്നു്' എന്നു വരച്ചു് ആദ്യന്തമില്ലാത്ത തന്റെ അഗാധമായ അജ്ഞാനത്തെക്കുറിച്ചുള്ള വിജ്ഞാനം മററുള്ളവക്കു് ഉണ്ടാക്കിക്കൊടുക്കുന്ന 'സദാരത്തിലെ അഴഹു'വിനേയോ രാമായണം ആറു കാണ്ഡവും വായിച്ചു കഴിഞ്ഞശേഷം 'അന്തരാമനുക്കു സീത എപ്പിടി?' എന്നു 'കേട്ട'പ്പോൾ 'പുള്ളേയ്' എന്നു നിർവ്വിശങ്കം സമാധാനം പറഞ്ഞ പഴഞ്ചൊല്ലി ശാപ്പാട്ടുരാമനേയോ, ആരേയാണു് അധികം ബഹുമാനിക്കേണ്ടതു്, അല്ലെങ്കിൽ അവരിൽ ആരുടെ സൃഷ്ടിയിലാണു് ബ്രഹ്മാവു് അധികം മനസ്സിരുത്തീട്ടുള്ളതു് എന്നു് ആലോചിച്ചുംകൊണ്ടിരിക്കുമ്പോഴാണു്, എന്നെ സമാധാനപ്പെടുത്തുവാനോ എന്നു തോന്നുമാറു്, അവർ രണ്ടാളേക്കാൾ തുലോം ശ്രേഷ്ഠന്മാരായവർ ഇപ്പോഴും അപൂർവ്വമല്ലെന്നും അവർ 'വിദ്യുജ്ജിഹ്വൻ' ആരാണെന്നു് ആരാഞ്ഞു നടക്കുന്നുണ്ടെന്നും എനിക്കു മനസ്സിലായതു്. ഒന്നുരണ്ടു 'മാന്യന്മാർ' എന്നോടു നേരിട്ടുതന്നെ അന്വേഷണം ചെയ്കയുണ്ടായി. 'കൃഷ്ണാ! നിൻെറ പേരെന്താണു്?' എന്നു കൃഷ്ണനോടുതന്നെ ചോദിച്ചാൽ തീർച്ചയായിട്ടും ആ കുട്ടി 'ഗോവിന്ദൻ' എന്നു മറുപടിപറയും! 'അപ്പം തിന്നാൽ പോരാ കുഴി എണ്ണുകയും വേണം'

എന്നു ശഠിക്കുന്നതിനെപ്പററി മാത്രമേ പഴഞ്ചൊല്ല് കേട്ടിട്ടുള്ളു. എന്നാൽ ഇന്നത്തെ കേരളജിജ്ഞാസുക്കൾക്ക് അതുമാത്രം പോരാ, ആ അപ്പക്കാര വാർത്തു് ആരാണെന്നും അതു നിർമ്മിച്ച മൂശാരിയുടെ അച്ഛൻ ആരാണെന്നുംകൂടി അറിയണം. അതുവരെ അപ്പം കൈയിൽ വെച്ചുകൊണ്ടിരിക്കുന്നതല്ലാതെ അവരാരും അതു മണത്തുനോക്കുകയുംകൂടി ചെയ്കയില്ല.

ഈശ്വരൻ സർവ്വവ്യാപിയായിരുന്നിട്ടും സർവ്വജ്ഞനും സർവ്വശക്തനും ആയിരുന്നിട്ടും അദ്ദേഹത്തിന്റെ ലീലാസൃഷ്ടികളിലെ പരമാണുക്കൾ മാത്രമായ മനുഷ്യർ അന്നും ഇന്നും ഒരുപോലെ ഈശ്വരനെ തിരഞ്ഞുകൊണ്ടിരിക്കുന്നു. എന്നിട്ടും ഇതുവരെ കണ്ടെത്തീട്ടമില്ല! എവിടെ നോക്കിയാലും കാണുന്നതിനെ, തിരയുന്നതിനുള്ള കാരണം ദൃഷ്ടികൾക്കുള്ള അന്ധതതന്നെ ആയിരിക്കണമല്ലൊ. 'കണ്ണുള്ളവർ കാണട്ടെ ചെവിയുള്ളവർ കേൾക്കട്ടെ' എന്നു പരമാത്മാവായ ക്രിസ്തുയേശു പ്രസംഗിച്ചിട്ടുള്ളതു ശരിയായ കാഴ്ചയേയും കേൾവിയേയും സംബന്ധിച്ചാണു്. പൂരം കാണുന്ന കണ്ണോ 'തെറി' കേൾക്കുന്ന കാതോ, കണ്ണുമല്ല കാതുമല്ല. "ഞാനാരാണു് എങ്ങുനിന്നാണിഹ വരവു്, എവിടെയ്ക്കാണിനി പോക്കു്, സ്ഥാനം പാർത്താലിതേതാണു്" എന്നുതുടങ്ങി എന്നെ സംബന്ധിക്കുന്ന സകല കാര്യങ്ങളും ഞാൻ ആദ്യംതന്നെ വിശദമായും വിവരമായും വർണ്ണിച്ചുകഴിഞ്ഞിരിക്കുന്നു. എന്നെ കാണുന്നതിനുള്ള എളുപ്പത്തേയും എന്റെ ഓരോരോ അവസരത്തിലെ വേഷപ്പകർച്ചകളേയും മററും കുറിച്ചു് ഇനി ആർക്കും ഒരു സംശയവും ഉണ്ടാകുവാൻ ന്യായമില്ല. എന്നിട്ടും ജനങ്ങൾക്കു് എന്നെ മനസ്സിലായിട്ടില്ലെന്നു വരുമ്പോൾ വായനക്കാരുടെ

'അഴഹ്ഹത്വ'ത്തിൽ അത്ഭുതപ്പെടുകയും പരിതപിക്കുകയും അല്ലാതെ അഹിംസയിൽ വിശ്വസിക്കുന്നവനും ഭൂതദയയിൽ ആസക്തിയുള്ളവനും ആയ വിദ്യുജ്ജിഹ്വൻ എന്തുതന്നെ ചെയ്യട്ടെ.

'നിരൂപണം' എന്നു പറയുന്നതു് ഒരു കണ്ണാടിയാണെന്നും, എന്നാൽ നോക്കുന്നവരുടെ പ്രതിച്ഛായ ഒഴിച്ചു ബാക്കി എല്ലാവരുടേയും ഛായ മാത്രമേ അതിൽ പ്രതിഫലിച്ചു കാണപ്പെടുകയുള്ളു എന്നു് അതിന്നൊരു വിശേഷമുണ്ടെന്നും ഒരു പാശ്ചാത്യപണ്ഡിതൻ—സ്വിഫ്ററ് ആണെന്നു തോന്നുന്നു—ഒരിക്കൽ പറഞ്ഞിട്ടുള്ളതായി ഓർമ്മ തോന്നുന്നുണ്ടു്. അതു വളരെ ശരിയാണെന്നു് എനിക്കു് അനുഭവമായിരിക്കുന്നു. വിദ്യുജ്ജിഹ്വന്റെ നിരൂപണങ്ങൾ എല്ലാവരും, അന്യന്മാർക്കു പററുന്നതായിട്ടാണു കാണുന്നതു് എന്നു തോന്നുന്നുണ്ടു്. അതു് ആ കണ്ണാടിയുടെ ഒരു വിശേഷമാണെന്നു സമാധാനിക്കുക. നോട്ടക്കാരുടെ 'ദ്രഷ്ടിദോഷ'മാണെന്നു പറഞ്ഞു വെറുതെ ആപത്തുണ്ടാക്കേണ്ടതില്ലല്ലോ. സൗകര്യത്തിന്നു സ്വിഫ്ററിന്റെ 'അതോററ്റിയും' കിട്ടീട്ടുണ്ടു്. 'അതോററ്റി' എന്നുവെച്ചാൽ വെറും കോതമ്പുറൊട്ടിയാണെന്നു ധരിക്കരുതു്. അതു വക്കീലന്മാർ പറയുന്നതും നാട്ടുകാര്യസ്ഥന്മാർ ഉപയോഗിക്കുന്നതും കക്ഷികൾ പേടിക്കുന്നതും ജഡ്ജി അവലംബിക്കുന്നതും ആയ ഒരു മഹാശക്തിയാണു്. ഒരു വലിയ ശബ്ദമാണു്. ആ വാക്കിന്നു ശബ്ദമല്ലാതെ അർത്ഥമില്ലെന്നല്ല. അതും ഉണ്ടു്.

വിദ്യുജ്ജിഹ്വനെക്കുറിച്ചു് ആരും അന്വേഷിക്കേണ്ട. ആ നേരം തുളസി നനച്ചാൽ സുകൃതം കിട്ടും; വഴതനയ്ക്കു ചാണംവെച്ചാൽ ഉപ്പേരിക്കൂട്ടി ശാപ്പാടു കിട്ടും.

എനിക്കു സ്വജനദ്രോഹബുദ്ധി അശേഷം ഇല്ലെന്നുമാത്ര മല്ല സഹോദരസ്നേഹം പൂർത്തിയായിട്ടുണ്ടുതാനും. വിദ്യുജ്ജിഹ്വൻ എന്തെങ്കിലും പറഞ്ഞതിൽനിന്നോ പറയാൻ പോകുന്നതിൽനിന്നോ വല്ലവർക്കും വല്ല പരിഭവവും തോന്നുന്നുണ്ടെങ്കിൽ, തോന്നീട്ടുണ്ടെങ്കിൽ, തോന്നുവാൻ ഭാവമുണ്ടെങ്കിൽ—അതുതന്നെയാണു വിളയാട്ടത്തിന്റെ വിശിഷ്ടോദ്ദേശമെന്നിരുന്നാലും അതിൽ ഞാൻ—അല്ലെങ്കിൽ വിദ്യുജ്ജിഹ്വൻ (ഞങ്ങൾ രണ്ടാളും ഒന്നുതന്നെയാണ്; പ്രകൃതിയും പുരുഷനുംപോലെയാണ്. രണ്ടാളും കൂടിച്ചേൎന്നല്ലാതെ സൃഷ്ടി നടക്കുന്നതല്ല.) അശേഷം അപരാധിയല്ലെന്നു പ്രത്യേകം പരസ്യംചെയ്തുകൊള്ളുന്നു. അല്ലെങ്കിൽ രഹസ്യമായി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഞാൻ എല്ലാവരേയും അല്ലാതെ പ്രത്യേകം ആരെയും ഉദ്ദേശിച്ചിട്ടില്ല; ഉദ്ദേശിക്കയുമില്ല. എന്റെ ബുദ്ധി അത്ര സങ്കുചിതവുമല്ല, എന്റെ അന്തരംഗം അത്ര സ്വാൎത്ഥപരവുമല്ല. ഓരോരുത്തരെ പ്രത്യേകം പ്രത്യേകം തുലനം ചെയ്യുന്നതിന്നു എനിക്കു സൗകൎയ്യവുമില്ല; അവൎക്ക് അതിന്നു അൎഹതയില്ല. എല്ലാവൎക്കും കണക്കുപ്രകാരം കൊടുക്കണമെന്നല്ലാതെ, ഒരാൾക്കെങ്കിലും അധികം കൊടുക്കണമെന്നോ, ചിലൎക്കു കൊടുക്കാതിരിക്കണമെന്നോ മോഹമില്ല. ചിലൎക്ക് ഒന്നുംകൂടാതെ പോകുന്നുണ്ടെങ്കിൽ അതു് എന്റെ കുററവുമല്ല. തലപ്പാവിന്റെ വലിപ്പമോ കുപ്പായത്തിന്റെ നിറമോ, കാറോ, കുറോ, പാസ്സോ, പാപ്പാസോ ഒന്നും എന്നെ ഭയപ്പെടുത്തുന്നതുമല്ല; ആകൎഷിക്കുന്നതുമല്ല.

ഒരു കച്ചവടക്കാരൻ നൂൽതൊപ്പികൾ തുന്നിച്ചു വില്പനയ്ക്കു വെയ്ക്കുന്നതു പ്രത്യേകം ഒരാളുടെ തലയേ

ഉദ്ദേശിച്ചിട്ടല്ലെന്നു തീർച്ചയാണു്. എന്നാൽ ഒരാളുടെ തലയെയല്ലെങ്കിലും ആളുകളുടെ തലയേ ഉദ്ദേശിച്ചിട്ടാണെന്നും നിർവിവാദമാണു്. ആവശ്യക്കാർ ഷാപ്പിൽ കയറിച്ചെല്ലുന്നു; തൊപ്പികൾ ഓരോന്നോരോന്നായി എടുത്തു തലയിൽവെച്ചു പാകം നോക്കുന്നു; പാകമായതിനു വില തീർച്ചപ്പെടുത്തി വാങ്ങിക്കൊണ്ടുപോകുന്നു. "എന്റെ തലയ്ക്കു് ഇത്ര പാകത്തിൽ ഈ തൊപ്പി തുന്നി ഉണ്ടാക്കിയ ആ രസികൻ ആരാണു്?" എന്നു് ആരും അന്വേഷിക്കാറുമില്ല; അത്ഭുതപ്പെടാറുമില്ല. ആ തുന്നക്കാരനെ അന്വേഷിച്ചറിഞ്ഞു് അവനു് ഒരു സമ്മാനം കൊടുക്കുവാനോ, അഥവാ അന്യന്റെ 'തലമണ്ട'യുടെ കണക്കു് ഇത്ര കൃത്യമായി കണ്ടുപിടിച്ചു് അതിന്നു പാകത്തിൽ ഒരു തൊപ്പിയുണ്ടാക്കിയ ആ അധികപ്രസംഗിയെ 'രണ്ടു പൊട്ടിക്കു'വാനോ ആരും ആലോചിക്കാറില്ല. അഥവാ ആ കൂട്ടത്തിലും ആളുകൾ ഉണ്ടെങ്കിൽ അവർ സദാരത്തിലെ 'അഴഹ്ഹു'വിന്റെ സഹോദരിയുടെ ഉടപ്പിറന്നവൻ ആണെന്നല്ലാതെ ഒന്നും പറവാൻ തോന്നുന്നില്ല. ഷാപ്പിലെ തൊപ്പികൾപോലെയാണു് വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങളും. അതിൽ ചിലതു ചിലരെക്കുറിക്കുകൊള്ളുമെങ്കിൽ "പാകമാണെങ്കിൽ എടുക്കാം" എന്നു പറയുന്ന തൊപ്പിക്കച്ചവടക്കാരനെപ്പോലെതന്നെ നിങ്ങളെക്കുറിച്ചാണെന്നു ബോദ്ധ്യമുണ്ടെങ്കിൽ നിങ്ങൾക്കുതന്നെ ഇരിക്കട്ടെ എന്നു പറയുവാനേ നിർവ്വാഹമുള്ളു. ഇന്ന ആൾ വാങ്ങിക്കുമെന്നു കാലേക്കൂട്ടി തീർച്ചപ്പെടുത്തി തൊപ്പി തുന്നിവെക്കാത്തതുപോലെ പ്രത്യേകം ഒരാളെ ഉദ്ദേശിച്ചിട്ടല്ല ഞാൻ ചില ചിത്രങ്ങൾ വരച്ചുവിടുന്നതു്. പാമ്പിഴയുമ്പോൾ ചില അക്ഷരച്ഛായകൾ ഉണ്ടാകുന്നതു കണ്ടിട്ടു്, പാമ്പിന്നു് അക്ഷരജ്ഞാ

നമുണ്ടെന്നു സംശയിക്കയും അതിനെ പഠിപ്പിച്ച മാസ്റ്ററെ അന്വേഷിക്കുകയും ചെയ്യുന്ന വിദ്ധ്യാന്മാൎക്കുള്ള സ്ഥാനം 'സാമ്രാജ്യപ്രദൎശന'പ്പന്തലിൽ ആയിരിക്കും. എന്റെ അസ്ത്രങ്ങൾ കൃത്യത്തിന്നു വല്ലവരുടേയും ദേഹത്തിൽ കൊള്ളുമെങ്കിൽ അറിയാത്ത എന്റെ ഉന്നത്തിൽ ഞാൻ അത്ഭുതപ്പെടുകയും അതേറ്റിട്ടുള്ളവൎക്കു് എന്നെ അറിവാനുള്ള പരിഭ്രമത്തിലും 'പരക്കംപാച്ചിലിലും' ഞാൻ രസിക്കുകയും ചെയ്യുമെങ്കിലും—അതിൽ എനിക്കു, ക്രിമിനൽവക്കീലന്മാരുടെ ഭാഷയിൽ—അശേഷം 'മോശവിചാര'മില്ലെന്നു സത്യം ചെയ്യാം. എന്റെ അമ്പുകൾക്കു് അശേഷം വിഷസമ്പൎക്കമില്ല; ഇല്ലേ ഇല്ല. ഞാൻ 'വിഷംകെട്ടവ'നല്ലെങ്കിലും എനിക്കു 'വിഷം' തീരെ ഇല്ല. സത്യം ചെയ്യാനും കാണാനും സമ്മതമാണു്. 'ചെയ്യൽ' പിന്നെയും ആവാം; അതിന്നു ഞാൻ മാത്രം മനസ്സുവെച്ചാൽ മതിയാകും. കാണലാണു് ഇക്കാലത്തു വളരെ അപൂൎവ്വമായിരിക്കുന്നതു്. അതിന്നു മറ്റൊരു സത്യവാനെക്കൂടി കണ്ടുകിട്ടണമല്ലോ. പ്രവൎത്തിച്ചതല്ലാ പ്രവൃത്തി, അഥവാ പ്രവൎത്തിച്ചതു മാത്രമല്ലാ പ്രവൃത്തി, വിചാരിച്ചതുംകൂടിപ്രവൃത്തിയാണു് എന്നല്ലേപ്രമാണം. അതുകൊണ്ടു പ്രവൃത്തിയിൽ ദ്രോഹമുണ്ടെങ്കിലും ഉദ്ദേശത്തിൽ അതു് അശേഷമില്ലാത്തതുകൊണ്ടു്, ദ്രോഹം ഒന്നിലുമില്ലെന്നു സ്പഷ്ടമാണു്. തന്നിമിത്തം എന്നേയും ആരും ദ്രോഹിക്കയില്ലെന്നാണു് എന്റെ ഉറപ്പു്. എന്റെ ഈ ഉറപ്പു് 'കുറപ്പിന്റെ ഉറപ്പാ'ക്കരുതെന്നു് അപേക്ഷിക്കുന്നു.

വായനക്കാരൊക്കെ 'പഠിച്ചുപഠിച്ചു പണിക്കരാ'യി എന്നു തോന്നുന്നു. ഞാൻ എന്നെക്കുറിച്ചു് എത്ര അധികം വിവരിക്കുന്നുവോ എത്ര അധികം തെററിദ്ധാരണ

കഠം കഴിക്കുവാൻ ശ്രമിക്കുന്നുവോ, അത്ര അധികം എന്നെക്കുറിച്ചു ജനങ്ങഠംക്കു ശങ്കയും, അറിവില്ലായ്മയും വർദ്ധിച്ചുവരികയാണു ചെയ്യുന്നതു്. എല്ലാ 'മഹാന്മാരുടെ കാൎയ്യത്തിലും ലോകം അങ്ങനെതന്നെയാണു പെരുമാറീട്ടുള്ളതു്' എന്നു മാത്രമാണു് എന്റെ സമാധാനം. അല്ലാത്തപക്ഷം എനിക്കുണ്ടാകുമായിരുന്ന ഇച്ഛാഭംഗത്തിന്നും നിരുത്സാഹത്തിന്നും 'കയ്യുംകണക്കു'മില്ലാതായിത്തീരുമായിരുന്നു. 'ഞാനൊന്നും അറിഞ്ഞില്ലാ എന്റെ നാരായണാ' എന്നു ഞാൻ എത്രതവണ പറഞ്ഞിട്ടും 'അവനെല്ലാം അറിഞ്ഞിട്ടുണ്ടു് എന്റെ പരമേശ്വരാ' എന്നല്ലാതെ ജനങ്ങഠം വിചാരിക്കാറില്ല. എന്റെ താഴ്മയിൽ അഥവാ വിനയത്തിൽ അവൎക്കുള്ള വിശ്വാസമായിരിക്കണം അതിന്നു കാരണം.

"എന്നെക്കണ്ടാൽ കിണ്ണം കട്ടു എന്നു തോന്നുമോ?" എന്നു ചോദിക്കുന്നവർ ഇക്കാലത്തും ഉണ്ടു്. മറപ്പുരയിൽ വച്ചു് എലന്തപ്പഴം തിന്ന ശേട്ടുവിന്നു ഭാഗവതരുടെ സദിരുസമയത്തു വല്ലാത്ത ഒരു പരിഭ്രമമുണ്ടായതായി കേട്ടിട്ടുണ്ടു്. ഭാഗവതരുടെ ആംഗ്യങ്ങളും ചേഷ്ടകളും ഗോഷ്ഠികളും എല്ലാം 'ഒരു എലന്തപ്പഴംതീനി'യുടെ നിലയിൽനിന്നു നിരീക്ഷിച്ച ശേട്ടുവിന്നു് അതു മുഴുവനും തന്നെ ഉദ്ദേശിച്ചാണെന്നു ബോദ്ധ്യംവന്നു. യഥാൎത്ഥത്തിൽ ആ സാധുഭാഗവതർ ശേട്ടുവിനെത്തന്നെ മുമ്പറിയില്ലെന്നും, അയാഠം മറപ്പുരയ്ക്കു പോയതോ അവിടെ ഇരുന്നുംകൊണ്ടു് ഒരു എലന്തപ്പഴം തിന്നതോ ആരുംതന്നെ അറിഞ്ഞിട്ടില്ലെന്നും ആ വിഡ്ഢ്യാൻശേട്ടു വെറുതെ പരിഭ്രമിച്ചതാണെന്നും എനിക്കും നിങ്ങഠംക്കും അറിവുള്ളതാണു്. അതുപോലെതന്നെയാണു വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങളുടേയും സ്ഥിതി. പണ്ടൊരു ദിക്കിൽനിന്നു്

ഒരു കോഴിയെ ആരോ കട്ടുകൊണ്ടുപോയത്രേ അതു് അവിടത്തെ പണിക്കാർ ആരെങ്കിലും തന്നെ പറ്റിച്ചതായിരിക്കണമെന്നു് ഉടമസ്ഥൻ സംശയിക്കുകയും വേലക്കാരെ മുഴുവൻ ഒന്നിച്ചു വിളിച്ചുവരുത്തി അവരോടു് അതിനെപ്പററി ചോദിപ്പാൻ തീൎച്ചപ്പെടുത്തുകയും ചെയ്തു. പണിക്കാരെല്ലാം വന്നശേഷം ഉടമസ്ഥൻ അവരോടു് "കോഴിയെക്കട്ടുകൊണ്ടുപോകുന്നതു പലരുംപതിവുണ്ടു്; എന്നാൽ അതിന്റെ തൂവലുകൾ ആരും തലയിൽ തിരുകി നടക്കാറില്ലാ" എന്നു പറഞ്ഞു. അതു കേട്ട ഉടനെ ഒരുത്തൻ പരിഭ്രമിച്ചു തലമുടി തട്ടിക്കുടഞ്ഞു കെട്ടുകയും അതോടുകൂടി യജമാനനു കുററക്കാരനെ കണ്ടുകിട്ടുകയും ചെയ്തു. ഏതാണ്ടു് അതുപോലെയാണു് എന്റെ നേരെ ഓരോരുത്തൎക്കും തോന്നുന്ന പരിഭവത്തിന്റേയും നിദാനം. അതുകൊണ്ടു വിശുദ്ധനും വിദ്വാനും ആയ വിദ്യുജ്ജിഹ്വന്റെ വിവിധങ്ങളായ വിലാസങ്ങളെ വിദ്ധ്വാന്മാരായ വായനക്കാർ വെറുതേ വിശ്വസിച്ചു് വിനോദത്തിന്നു വിഘ്നംവരുത്തുകയോ വല്ലവിധത്തിലും വിദ്വേഷം വൎദ്ധിപ്പിക്കുകയോ ചെയ്യില്ലെന്നു വിശ്വസിക്കുന്നു.

'നൎമ്മബുദ്ധി' (Sense of humour) മനുഷ്യജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒരു സാധനമാണു്. "അതില്ലായിരുന്നു എങ്കിൽ ഞാൻ ഇതിന്നു് എത്രയോ മുമ്പുതന്നെ ആത്മഹത്യചെയ്യുമായിരുന്നു" എന്നു് ഒരു മഹാമഹാൻ അടുത്തകാലത്തുതന്നെ പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ പലരും അറിഞ്ഞിട്ടുണ്ടായിരിക്കും. ഒരുത്തൻ വഴിയിൽ വഴുക്കിമറിഞ്ഞുവീഴുന്നതു കാണുമ്പോൾ അടുത്തുള്ളവർ എല്ലാവരും പൊട്ടിച്ചിരിക്കുന്നതു സൎവ്വസാധാരണമാണു്. അതു് അവൎക്കു് അയാളോടു പൂൎവ്വവൈരമുള്ളതുകൊണ്ടല്ല. ആ ചിരിക്കുന്നവർതന്നേ

അയാളെ പിടിച്ചെഴുനേല്പിക്കുവാനും സഹായിക്കുവാനും ഉടനെ ഓടി എത്തുകയും ചെയ്യും. എന്നാലും, കണ്ട ഉടനെ ചിരിക്കാതെകഴിപ്പാൻ അവൎക്കു സാധിക്കുന്നില്ല. ചിരിച്ചതു വിരോധംകൊണ്ടാണെന്നു വിശ്വസിച്ചു് അവരുടെ സഹായം സ്വീകരിക്കാതെ വീണേടത്തുതന്നെ കിടന്നുരുളുന്ന 'മാന്യ'നോടു നമുക്കു സഹതാപമല്ലാതെ വെറുപ്പു തോന്നുന്നതല്ല. പരിഹാസം പരമപുരുഷാൎത്ഥമാണു്. ചിരി മനുഷ്യനു സഹജവുമാണു്.

പക്ഷേ, വീഴുമ്പോൾ ചിരിക്കുന്നതുകൊണ്ടു പിന്നീടു വലിയ ദോഷം സംഭവിക്കാവുന്നതാണെന്നു പുരാണപരിചയമുള്ള വിദ്യുജ്ജിഹ്വനു ബോധമില്ലായ്കയില്ല. സഭാപ്രവേശത്തിൽ ദുൎയ്യോധനൻ വീണപ്പോൾ പാഞ്ചാലി ചിരിച്ചതുകൊണ്ടാണു് ഭാരതയുദ്ധത്തിന്നുതന്നേ കാരണമായതു്. എന്തെല്ലാം നാശങ്ങളും ദോഷങ്ങളും തന്നിമിത്തം സംഭവിച്ചു! എന്നാൽ വിദ്യുജ്ജിഹ്വൻ അതിന്നടിയിലും; ആ നാശത്തിന്നുള്ളിലും, ഒരു 'രസം'തന്നെയാണു പ്രധാനമായി കാണുന്നതു്. ഭാരതയുദ്ധം എന്നൊന്നു് ഉണ്ടായില്ലെങ്കിൽ—പാഞ്ചാലി ചിരിച്ചില്ലെങ്കിൽ —വ്യാസർ 'ഭാരതം' എങ്ങനെ നിൎമ്മിക്കും? ഭാരതമാണു് ഇന്ത്യയുടെ സൎവ്വസ്വവും. "ഇന്ത്യയുടെ സകല കാൎയ്യവും അടങ്ങീട്ടുള്ള ഒരു മഹൽഗ്രന്ഥമാണു്ഭാരതം" എന്നാണു് ആ മഹാപണ്ഡിതനായ വിന്റർനിറ്റ്സ് (Dr. M· Winternitz) കഴിഞ്ഞ 'വിശ്വഭാരതി'യിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു്. അപ്പോൾ ഭാരതത്തെത്തന്നെ പാഞ്ചാലിയുടെ ചിരിയെ എങ്ങനെ നിന്ദിക്കും? ഇന്ത്യയുടെ ജീവനാഡിയായ പാഞ്ചാലിയുടെ പരിഹാ

സച്ചിരിയെ എങ്ങനെ തിരസ്കരിക്കും? അനാദരിക്കും? ആകയാൽ വിദ്യുജ്ജിഹ്വൻ ചിരിക്കുകതന്നെ ചെയ്യും. ആരു വീണാലും ചിരിക്കും, എപ്പോഴും വീണാലും ചിരിക്കും. എവിടെവെച്ചും ചിരിക്കും. കൈകൊട്ടി ചിരിക്കും. അതിൽനിന്ന് ഒടുവിൽ എന്തെങ്കിലും ഒരു വലിയ നന്മ വന്നുചേരാതിരിക്കയില്ല.

## "തജ്ജ്ജമക്കാരുടെ തജ്ജ്ജനം തേടുന്ന ദുജ്ജ്ജനവ്യൂഹത്തിൻ ഗജ്ജ്ജനം കേൾക്കുന്നു!"

"അന്യഥാചിന്തിതം കാൎയ്യം ദൈവമന്യത്ര ചിന്ത യേൽ" എന്ന പ്രമാണം സകലൎക്കും അനുഭവവേദ്യമായ ഒന്നാണു്. വിദ്യുജ്ജിഹ്വന്റെ വിളയാട്ടത്തിലെ സുപ്രസി ദ്ധങ്ങളും, ആപാദമധുരങ്ങളും, ആലോചനാമൃതങ്ങളും സുഖസുഷുപ്തിപ്രദങ്ങളുംസകലരോഗസംഹാരപ്രാപ്തങ്ങ ളും, മുക്തിദായകങ്ങളും ആയ അമ്പത്താറു് അദ്ധ്യായ ങ്ങളുടെ ഒരു സംക്ഷിപ്തവിവരണംകൊണ്ടു് ഒരു ലേഖന സത്രം പൊടിപൊടിക്കണമെന്നുതന്നെയായിരുന്നു, കഴി ഞ്ഞ അദ്ധ്യായം അവസാനിപ്പിച്ച സമയം എനിക്കുണ്ടാ യിരുന്ന ആന്തരമായ ആഗ്രഹം. കാൎയ്യങ്ങൾ എല്ലാം അവ രവരുടെ ഇഷ്ടംപോലെതന്നെ നടക്കുകയാണെങ്കിൽ ഈ പ്രപഞ്ചത്തിന്റെസ്ഥിതിഇപ്രകാരമായിരിക്കുന്നതല്ലല്ലോ! എന്നു മാത്രമല്ല, പ്രപഞ്ചകൎത്താവുതന്നെ നന്നേ കുഴങ്ങി വശാവുകയും ചെയ്യും. എന്റെ അയൽവക്കക്കാരൻ നശി ക്കണമെന്നു ഞാനും, എന്റെ അധഃപതനമുണ്ടാകണമെ ന്നു് അയാളും ഒരേസമയത്തുതന്നെ അത്യന്തം ആഗ്രഹി ക്കുന്നതായാൽ, എല്ലാവരുടേയും എല്ലാ ആഗ്രഹങ്ങളും ഫലപ്രദങ്ങളാക്കുന്നതിന്നു് ഓരോരുത്തൎക്കും ശക്തിയു ണ്ടായിരിക്കുന്നപക്ഷം, പരസ്പരവിരുദ്ധങ്ങളായ ഇത്തരം വിചാരപരമ്പരകളുടെ പൎയ്യവസാനം എന്തായിരിക്കു മെന്നു് അല്പമൊന്നാലോചിച്ചാൽ ആൎക്കും അറിയാവു ന്നതാണു്. അതുകൊണ്ടുതന്നെയായിരിക്കാം, സൎവ്വജ്ഞ

നായ ജഗദീശ്വരൻ, ആഗ്രഹിക്കുവാനുള്ള അവകാശം മനുഷ്യൎക്കും, ആഗ്രഹനിവൃത്തിവരുത്തുന്നതിനുള്ള അധികാരം തന്നിൽത്തന്നെയും വേർതിരിച്ചു നിലനിൎത്തി ലോകഭരണം നടത്തിപ്പോരുന്നതു്. ഹാ! മനുഷ്യൻെറ മനോഗതികളുടെ വക്രത കാലേക്കൂട്ടിക്കണ്ടു പരിഹാരം നിശ്ചയിച്ചവനായ ദൈവത്തെ വെറുതെയാണോ നാം 'സൎവ്വജ്ഞ'നെന്നു പറയുന്നതു്. അപ്രകാരമായിരുന്നു എങ്കിൽ, ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൻെറ സ്ഥിതി എന്തായിരുന്നേനേ! ജഗദീശ്വരാ! അവിടുന്നു സൎവ്വോല്കൎഷേണ വൎത്തിച്ചാലും! ഭൂതക്കണ്ണാടിയിലും ദൂരദൎശിനിയിലും കണ്ടുകിട്ടാത്തവനും വിമാനത്തിന്നും മുങ്ങിക്കപ്പലിന്നും പിടികിട്ടാത്തവനും ആയ അവിടുന്നു സൎവ്വോല്കൎഷേണ വൎത്തിച്ചാലും! ഈ വേർതിരിച്ചുള്ള ഭരണനയത്തെ—ബ്രിട്ടീഷുഗവൎമ്മേണ്ടിന്റെ ഇന്ത്യാക്കാരെ വേർതിരിച്ചുള്ള ഭരണമല്ല—അവിടുന്നു പൂൎവ്വാധികം ശക്തിയോടുകൂടിത്തന്നെ നടപ്പിൽ വരുത്തിയാലും. മനുഷ്യരുടെ ആഗ്രഹങ്ങളെ അവിടുന്നു നിയന്ത്രിക്കുവാൻ ഭാവമില്ലെങ്കിൽ വേണ്ടാ, ആഗ്രഹിക്കുന്നതിന്നുള്ള സ്വാതന്ത്ര്യം കൂടി നശിപ്പിക്കുന്നതു് ഇന്നത്തെ സ്ഥിതിക്കു കുറേ 'കടന്നകൈയാ'യിരിക്കും—ആഗ്രഹങ്ങൾ സാധിക്കുന്നതു മുഴുവനും അവിടത്തെ ഇഷ്ടത്തിന്നും ശക്തിക്കും അനുസരിച്ചിരിക്കട്ടെ.

കഴിഞ്ഞ അദ്ധ്യായത്തോടുകൂടി വിദ്യുജ്ജിഹ്വന്റെ 'ചെമ്പു പുറത്തായി' എന്നാണു ചിലരുടെ പക്ഷം; അഥവാ ഉടനെ പുറത്താക്കണമെന്നാണു പലരും ആഗ്രഹം. ആ സംഗതി അവർ ആരും അത്ര വലിയ ഒരു 'കണ്ടുപിടുത്ത'മായി ഘോഷിക്കണമെന്നില്ല. 'വിദ്യുജ്ജിഹ്വൻെറ വിളയാട്ടം' ചെമ്പോലയിൽ ആണെന്നും,

അതു കണ്ടുകിട്ടിയതിന്റെ ഫലമായിട്ടാണു് ഈ ഗ്രന്ഥത്തിന്റെ ആവിർഭാവമെന്നും ഞാൻതന്നെ പറഞ്ഞുകഴിഞ്ഞാൽ, ചെമ്പു പുറത്തായ സംഗതി പ്രസ്പഷ്ടമായിത്തീൎന്നില്ലേ? എന്റെ വായനക്കാരെ! എന്നിട്ടും നിങ്ങൾ ഒന്നും അറിയാത്ത ഭാവത്തിൽ, എന്റെ ചെമ്പു പുറത്താക്കാൻ എന്തിന്നുത്സാഹിക്കുന്നു? അതുകൊണ്ടു പുറത്തുചാടുന്നതു് എന്റെയല്ല നിങ്ങളുടെതന്നെ ചെമ്പാണെന്നു് ഓൎമ്മവെയ്ക്കൂ. അകത്തും പുറത്തും ചെമ്പാണെങ്കിൽ പിന്നെ ചെമ്പു പുറത്താവലുണ്ടോ? എന്തൊ കഥ! നിങ്ങൾ നിങ്ങളുടെ കാലിന്റെ ചുവട്ടിൽത്തന്നെയാണു് അന്യന്മാൎക്കുള്ള കുഴികൾ കുഴിക്കുന്നതു്! നിങ്ങളുടെ എല്ലാം കാൎയ്യം നന്നാ പരുങ്ങലിൽ ആയിരിക്കുന്നു. അകത്തു ചെമ്പില്ലാതെ ഈ ലോകത്തിൽ ഒന്നും ഇല്ലെന്നാണു നിങ്ങളുടെ ധാരണ; അഥവാ, നിങ്ങളെപ്പോലെതന്നെയാണു് ലോകം മുഴുവനും എന്നായിരിക്കാം നിങ്ങളുടെ അഭിപ്രായം. ഞാൻ, മുമ്പും ചെമ്പാണു് ഇപ്പോഴും ചെമ്പാണു്. എന്റെ ചെമ്പു പുറത്താക്കുവാൻ ആവശ്യമില്ല. അതു് അകത്താക്കുവാൻ ഞാൻ ശ്രമിച്ചിട്ടില്ല; ശ്രമിക്കയുമില്ല—ചെമ്പിനെ—ചെമ്പെന്നു പറയുന്നതിൽ നിങ്ങൾക്കു മിടുക്കുമില്ല. ചെമ്പിന്നു മാനക്കേടുമില്ല.

തജ്ജ്ഞിമയാണെന്നു കേട്ടപ്പോഴേയ്ക്കും ഓരോരുത്തരുടെ മുഖഭാവങ്ങളും അഭിപ്രായപ്രകടനങ്ങളും ഓരോതരത്തിലായി. "അങ്ങനെ വരട്ടേ! അല്ലാതെ ഇത്ര രസം പിടിക്കാൻ കാരണമില്ല. എനിക്കു് അതു വായിച്ചപ്പോൾത്തന്നെ നല്ല പഴക്കം തോന്നി" എന്നുള്ള കൃതാൎത്ഥതയോടുകൂടിയ ഒരുക്കൂട്ടം വായനക്കാർ തന്നെത്താൻ അഭിമാനപ്പെടുന്നു. മററു ചിലർ പുരികം ചുളിച്ചു,

"കേട്ടില്ലടോ; വെറും തർജ്ജിമയാണത്രേ! ശുദ്ധകമ്പം! ഇതുവരെ വായിച്ചതുതന്നെ അബദ്ധമായിപ്പോയി." എന്നു് ഒരു മഹാപുച്ഛത്തിന്റെ മഹനീയഭാവത്തെ 'മനംപെരട്ടി'രാഗത്തിൽ മൂളി പാടുന്നു. എന്തായാലും 'പാമ്പും നല്ലതു പഴയതുതന്നെ'യാണെന്നുള്ള വ്യാമോഹത്തോടുകൂടിയ മററുചിലർ മഹാശ്രദ്ധാലുക്കളായിത്തീന്നിരിക്കുന്നു. "ഒത്തതു പറഞ്ഞാൽ ഉറിയും ചിരിക്കും" എന്ന തത്ത്വത്തിൽപ്പോലും വിശ്വാസമില്ലാത്തവരായ ചില 'സംശയമൂർത്തികൾ' അതൊരു തർജ്ജമയല്ല, കിർജ്ജമയുമല്ല; വല്ല വിഡ്ഢിത്തവും പറഞ്ഞു് അതൊക്കെ വല്ലവരുടെ തലയ്ക്കും വെച്ചുകെട്ടുകതന്നെ; "ആരാന്റെ അപരാധം വാരിയന്റെ പുരപ്പുറത്തു്" എന്നില്ലേ. ഇയ്യാൾ, അതു മാരാന്റെ വാരിപ്പുറത്താക്കി എന്നുമാത്രം. എന്നെല്ലാം ജല്പിച്ചുംകൊണ്ടു തങ്ങളുടെ കോടിയ ചിറിയുടെ എടത്തേ മൂലകൊണ്ടു മന്ദംമന്ദം ഒന്നു 'പുഞ്ചിരിക്കുന്നു.' "ഭാഷയായാലും വേണ്ടില്ല പരിഭാഷയായാലും വേണ്ടില്ല, ഭേഷാകുന്നുണ്ടു്" എന്നൊരുകൂട്ടം നിരുപദ്രവികളായ 'നല്ല ക്ഷക്കാർ' മനംതെളിഞ്ഞു മാനിക്കുന്നു. എന്തിനു പറയുന്നു, എങ്ങനെ പറയുന്നു, ആരു പറയുന്നു, ആരോടു പറയുന്നു! വിദ്യുജ്ജിഹ്വന്റെ വിളയാട്ടം ഒരു സ്വതന്ത്രകൃതിയല്ല, ഒരു തർജ്ജമയാണെന്നുള്ള നേരു പറഞ്ഞതേ ആപത്തായി. ലൈസൻസ്സോ പാസ്സോ കൂടാതെ നേരുപറഞ്ഞാലത്തെ വൈഷമ്യം ഇപ്പോൾ അനുഭവമായി. അതു പുറത്തായപ്പോഴേയ്ക്കും ചിലർ നെററിചുളിക്കുന്നു; ചിലർ വായ പിളക്കുന്നു, ചിലർ മന്ദഹസിക്കുന്നു, ചിലർ നിന്നു ഹസിക്കുന്നു! ചിലർ വായന നിർത്തുന്നു; ചിലർ രോദനം തുടങ്ങുന്നു; ചിലർ പിമ്പുമറിഞ്ഞു നോക്കുന്നു; ചിലർ മുമ്പു നോക്കിയതു മറക്കുന്നു.

എന്റപ്പാ! ഇത്രവലിയ 'പൊല്ലാപ്പാണോ' ഈ തജ്ജമ എന്നു പറയുന്നതു്.

തർജ്ജമക്കാരൻ ഒരു വലിയ 'പെറുക്കി'മാത്രമാണെന്നാണു് ചിലരുടെ അഭിപ്രായം. അച്ചുക്കൂടത്തിലെ 'ശുദ്ധ പെറുക്കികൾ'—അക്ഷരംപെറുക്കികൾ, (Compositors) എന്നപോലെ ആയാൾ ഒരു ഇംഗ്ലീഷു കടലാസ്സ്—അല്ലെങ്കിൽ വേറെ ഏതെങ്കിലും ഭാഷയിലുള്ള ഒരു ലേഖനം—നോക്കിക്കൊണ്ടു് ഇംഗ്ലീഷ് അക്ഷരങ്ങൾക്കു പകരം അതിന്നു യോജിച്ച മലയാള അക്ഷരങ്ങളെ—അല്ലെങ്കിൽ തജ്ജമചെയ്യപ്പെടുന്ന ഭാഷയിലെ അക്ഷരങ്ങളെ—പെറുക്കിയെടുത്തു നിരത്തുന്നു. ആദ്യത്തെ പെറുക്കൽ മനംകൊണ്ടും രണ്ടാമത്തെ പെറുക്കൽ കയ്യുകൊണ്ടും നടത്തുന്നു. അത്രമാത്രം! അയാൾ ഒരു 'എരട്ടിപ്പെറുക്കി' അല്ലെങ്കിൽ 'എക്സ്പെർട്ടു് പെറുക്കി' (Expert Perukki). ആരുടെ ആയാലും വേണ്ടില്ല, എങ്ങനെ ആയാലും വേണ്ടില്ല, എന്തിനായാലുംവേണ്ടില്ല, കണ്ടതെല്ലാം 'പെറുക്കി'ക്കൊണ്ടു നടക്കുന്ന ഈ വർഗ്ഗക്കാരുടെ—തർജ്ജമക്കാരുടെ മുഷ്ക്കു് സഹിക്കവയ്യാതെയായിരിക്കുന്നു. പെറുക്കിത്തരം അതിന്റെ പരമകാഷ്ഠയിൽ എത്തിച്ചിട്ടുള്ളവരാണു് തർജ്ജമക്കാർ. ഹാ! വിവേകശൂന്യന്മാരായ തജ്ജമക്കാരിൽനിന്നു്, ജഗദീശ്വരാ! മലയാളഭാഷയെ രക്ഷിക്കേണമേ? എന്നു ചിലർ ബുദ്ധിപൂർവ്വം പ്രാർത്ഥിക്കുന്നു. "വല്ലാത്ത ബാലപ്രഭവത്തിനേക്കാൾ, ഇല്ലാത്ത ബാലപ്രഭവം സുഖംപോൽ." അതേ അതേ, അവരുടെ ആ പ്രാർത്ഥന കേവലം അസ്ഥാനത്തിലാണെന്നും അനാവശ്യമാണെന്നും പറഞ്ഞുകൂടാ. പതിനാറാംനൂററാണ്ടിൽ ഇംഗ്ലണ്ടിലെ പരിഷ്കൃതമായ ഒരു നാട്ടുംപുറത്തുവെച്ചു നടന്നതായ ചില സംഭവങ്ങളേയും

അവിടത്തെ സാമുദായികജീവിതത്തേയും വിവരിക്കുന്ന ഒരു ഇംഗ്ലീഷുനോവലിനെ അങ്ങനെതന്നെ ഇന്നത്തെ മരുമക്കത്തായസമുദായത്തിന്റെ ഒരു കഥയെന്നമട്ടിൽ ഊരും പേരും മാത്രം മാററിയും, മതാമ്മമാരെ എല്ലാം ഒന്നരമുണ്ടുടുപ്പിച്ചും 'ഘടികാരട്ടി' അണിയിച്ചും സായ്പ്പ മാരെയെല്ലാം മലമല്വമുണ്ടുടുപ്പിച്ചും മുറിയൻഷർട്ടു ധരിപ്പിച്ചും മററും രംഗപ്രവേശം ചെയ്യിക്കയും അതും പോരെങ്കിൽ, കഥയ്ക്കു നവീനതാവും തന്മയതാവും ഒരുസമയം യാഥാൎത്ഥ്യവുംകൂടി വരുത്തുവാൻവേണ്ടി, ഇന്നു ജീവിച്ചിരിക്കുന്ന മലയാളത്തിൽത്തന്നെ ജീവിച്ചിരിക്കുന്ന ചില യഥാൎത്ഥസ്ത്രീപുരുഷന്മാരുടെ നാമങ്ങളും കേമത്തരങ്ങളും കൂട്ടിച്ചേൎത്തു, മലയാളത്തിലേയ്ക്കു തർജ്ജമചെയ്തു്, "ഇല്ലത്തുനിന്നു പോരികയുംചെയ്തു, അമ്മാത്തൊട്ടെത്തിയതുമില്ല" എന്ന മട്ടിൽ മനുഷ്യക്കരങ്ങന്മാരെപ്പോലുള്ള ഗ്രന്ഥങ്ങളെ നിൎമ്മിക്കുന്ന "അന്തവും കുന്തവും ഇല്ലാത്ത'' അസംപ്രേക്ഷ്യകാരികളേയും കാരിച്ചികളേയും 'പെറുക്കികൾ' എന്നു പറഞ്ഞാൽ പോരാ, അവരേയും അവരുടെ പുസ്തകങ്ങളേയും സാഹിത്യലോകത്തിൽനിന്നു പെറുക്കിയെടുത്തു ദൂരെ എറിഞ്ഞുകളയുകയുംകൂടി വേണം. എന്നാൽ "ഒരുത്തൻ പാപകൎമ്മം ചെയ്തീടിലതിൻഫലം, പരക്കേയുള്ള മഹാജനങ്ങൾ കൊക്കെത്തെട്ടും" എന്ന വചനപ്രകാരം മാത്രം തൎജ്ജമക്കാർ എല്ലാവരും അപരാധികളായിത്തീരുന്നതാണു്. അല്ലാതെ തൎജ്ജമകൾ മുഴുവൻ നിന്ദ്യങ്ങളാണെന്നോ ആകുമെന്നോ ഇയ്യുള്ളവൎക്കഭിപ്രായമില്ല; ഇല്ല, ആൎക്കും അഭിപ്രായമില്ല.

ഇനി ഒരുതരം വായനക്കാൎക്കു തൎജ്ജമയല്ലാതെ യാതൊന്നുംതന്നെ പത്ഥ്യമല്ല. വിവേകവും ബുദ്ധിയും,

വാസനയും സാമൎത്ഥ്യവും എല്ലാം പണ്ടത്തെ ആളുകളുടെ ജന്മസ്വത്തായിരുന്നു എന്നും ഇന്നുള്ളവൎക്കും അതിൽ ഒരു വെറുമ്പാട്ടക്കുടിയാന്റെ അവകാശംകൂടി സിദ്ധിച്ചിട്ടില്ലെന്നും, ഒരു വേള സിദ്ധിപ്പാൻ പാടില്ലെന്നും ഈ വക സ്ഥിതിസ്ഥാപകന്മാൎക്കു സിദ്ധാന്തമുണ്ടു്. അതുകൊണ്ടു, വല്ലതും എഴുതണമെങ്കിൽ—ഒന്നുംകൂടാതെ കഴിക്കുന്നതാണു് ഉത്തമം—പണ്ടുള്ള വല്ല മൂലകൃതികളും തൎജ്ജിമ ചെയ്യുന്നതാണു ഭേദമെന്നാണു് ഇവരുടെ ശാഠ്യം. അവർ തൎജ്ജിമക്കാരെ ആരാധിക്കുകയും 'സ്വകപോലകല്പിതങ്ങ'ളായ ഗ്രന്ഥങ്ങൾ നിൎമ്മിക്കുന്നവരെ നിരാകരിക്കുകയും ചെയ്യുന്നു! സ്വന്തമായി ഒന്നും ചിന്തിപ്പാനും എഴുതുവാനും ശക്തിയില്ലാത്തവർ മിണ്ടാതിരിക്കുന്നതുതന്നെയാണുത്തമമെന്നാണു് അവർ പറയുന്നതു്.

വിജ്ഞാനം വൎദ്ധിപ്പിക്കുന്നതിന്നും ജ്ഞാനശകലങ്ങളെ നാട്ടിൽ പ്രചരിപ്പിക്കുന്നതിനും ജനങ്ങൾ അശ്രാന്തപരിശ്രമം ചെയ്തുവരുന്ന ഇക്കാലത്തു്, അതുപോലെതന്നെയും, അതിലധികവും ഉപകാരപ്രദവും അത്യാവശ്യകവും ആണു് പലതരം അജ്ഞാനത്തെ രാജ്യം മുഴുവൻ പരത്തുന്നതെന്നു പറഞ്ഞാൽ ചിലർപക്ഷേ, ചിരിക്കുമായിരിക്കും. ചിലർ കരയ്യുമായിരിക്കും. ചിലർ പൊരിക്കുമായിരിക്കാം. എന്നുവെച്ചു മിണ്ടാതിരിപ്പാൻ ഭാവമില്ല. ചിറിയുള്ളവർ ചിരിക്കട്ടെ, കരയുള്ളവർ മരുന്നു സേവിക്കട്ടെ, പൊരിയുള്ളവർ വാരിത്തിന്നട്ടെ, എന്നേ ആ കാൎയ്യത്തിൽ എനിക്കു പറവാനുള്ളു. ആ അജ്ഞാനത്തിന്നു ഞാൻ 'ആനന്ദകരമായ അജ്ഞാനം' എന്നാണു പേരു കൊടുത്തിട്ടുള്ളതു്. ഒന്നാലോചിച്ചുനോക്കുക! നാം 'അറിവു് അറിവു്' എന്നു പറയുന്നതു വാസ്തവത്തിൽ എന്തിനെയാണു കുറിക്കുന്നതു്. നമ്മുടെ യഥാ

ത്തമായ അറിവില്ലായ്മയെ—അഗാധമായ അജ്ഞാന ത്തെക്കുറിച്ചുള്ള ഒരു ജ്ഞാനത്തെ നമ്മിൽനിന്നു മാററി ക്കളയുന്ന—നമുക്കില്ലാതാക്കുന്ന ഒരു വെറും അഹങ്കാ രാസ്പദമായ അറിവിനെയല്ലയോ നാം സാധാരണ അറി വെന്നുപറയുന്നതു്. നമുക്കൊന്നും അറിവില്ലെന്നറിയാ ത്തവർ അറിയുന്നവരാണോ, അറിവുള്ളവരാണോ? ഇല്ലായ്മയെക്കുറിച്ചുള്ള ജ്ഞാനത്തെ ഇല്ലാതാക്കുന്നതല്ല, ഇല്ലായ്മയെത്തന്നെ ഇല്ലാതാക്കുന്നതാണു് ശരിയായ 'ഉ ള്ളതു്.' അതുപോലെതന്നെ നമുക്കുള്ള 'അറിവില്ലായ്മ' യെക്കുറിച്ചുള്ള അറിവിനെ ഇല്ലാതാക്കുന്നതിനെയല്ലാ, അറിവില്ലായ്മയെത്തന്നെ ഇല്ലാതാക്കുന്നതിനെയാണു് അറിവെന്നു് അറിവുള്ളവർ പറയുന്നതു്. നമ്മുടെ അജ്ഞാനംതന്നെയാണു മിക്കപ്പോഴും നമ്മുടെ അറിവു്.

ഒരുത്തന്റെ അറിവില്ലായ്മ ചിലപ്പോൾ അതി സുന്ദരവും, അറിവു പലപ്പോഴും തീരെ അസുന്ദരവും ആയിത്തീൎന്നേക്കാം. ഒരു വിഷയത്തെക്കുറിച്ചു് ഒന്നും അറിവില്ലാത്തവനും, തനിക്കു് ഒന്നും അറിവില്ലെന്നുള്ള ബോധമുള്ളവനും ആയ ഒരാളേയോ, ഏതാനും അറിവു ണ്ടെങ്കിലും എല്ലാം അറിയുന്നുണ്ടെന്നു ഭാവിക്കുന്ന ഒരുത്ത നേയോ, ആരെയാണു പഠിപ്പിക്കുവാൻ എളുപ്പവും, ആവശ്യവും. ആദ്യത്തേവന്റെ അജ്ഞാനം എത്ര സുന്ദ രവും ഉപകാരപ്രദവും, രണ്ടാമത്തേവന്റെ വിജ്ഞാനം എത്ര അസുന്ദരവും ആപത്കരവും ആണെന്നു നോ ക്കുക. അജ്ഞാനമാകുന്നു ജ്ഞാനത്തിന്റെ ആരംഭം എന്നു മഹാജ്ഞാനിയായ ശലമോൻ രാജാവും പറഞ്ഞി രിക്കുന്നു. ശരിയായ ജ്ഞാനം അജ്ഞാനത്തെക്കുറിച്ചുള്ള അറിവുണ്ടാക്കുന്നതാണു്.

ഇത്രയും പറഞ്ഞതു് അത്രയും അസ്ഥാനത്തിലായി

എന്നു പലരും ശങ്കിക്കുന്നുണ്ടായിരിക്കും. ശങ്കിച്ചോട്ടേ, ആൎക്കു ചേതം? പക്ഷേ, ശങ്കാവിഷമാണു വലിയ വിഷം എന്നു് ആ 'ശങ്കികൾ' ഓൎമ്മവെച്ചാൽ നന്നു്. തജ്ജമയായതുകൊണ്ടു നിന്ദ്യമാണെന്നോ, അല്ലാത്തതുകൊണ്ടു വന്ദ്യമായി എന്നോ, ഒന്നും നിങ്ങൾ കരുതേണ്ടാ. നിങ്ങൾക്കാൎക്കും ഒന്നും അറിഞ്ഞുകൂടാ എന്നു് ഈ മഹൽഗ്രന്ഥം വായിക്കുന്ന അവസരത്തിലെങ്കിലും വിശ്വസിക്കുവിൻ. എനിക്കും നിങ്ങൾക്കും ലോകത്തിന്നുംവേണ്ടി വിശ്വസിക്കുവിൻ. നിങ്ങളുടെ ഹൃദയകവാടങ്ങളെ തുറന്നിടുവിൻ. നിങ്ങളുടെ ജ്ഞാനം വൎദ്ധിക്കുന്നതോടുകൂടി നിങ്ങളുടെ അജ്ഞാനത്തെക്കുറിച്ചുള്ള വിജ്ഞാനവും വൎദ്ധിക്കുന്നതിന്നു സംഗതിയാക്കുവിൻ. പ്രപഞ്ചത്തിലെ ഒരു പരമാണു മാത്രമായ—ഈ ലോകത്തിലെ ഒരു വെറും അണുക്രിമിയായ—മനുഷ്യനാണോ വിശേഷാത്തരമായ വിജ്ഞാനത്തെ വിലമതിക്കുവാൻ; പരിമിതമാക്കുവാൻ; മുഴുവൻ അട്ടിപ്പേറെടുക്കുവാൻ! കൂപമണ്ഡൂകമെവിടെ? അപരിമിതമായ ആകാശമെവിടെ? കടലാസ്സുകപ്പൽ കയറി കടൽകടക്കുവാൻ കാംക്ഷിക്കുന്ന കണ്ടപ്പന്മാർ!!

ഉള്ള 'പട്ടാംഗം' പറയുകയാണെങ്കിൽ 'പരിഭാഷ' സാമാന്യേന പരിതോഷത്തിന്നു ഹേതുവാകേണ്ട ഒരു വിഷയമാണു 'താനും.' താനും എന്നു പറഞ്ഞതുകൊണ്ടു് 'ഞാനും' അതിൽ പെട്ടിട്ടില്ലെന്നു വിചാരിക്കരുതു്. മനുഷ്യന്റെ ഛായ എടുത്തതു് ഒരു മൎക്കടന്റെ രൂപത്തിലാക്കിത്തീൎത്ത 'ഫോട്ടോഗ്രാഫർ' ഛായ എടുക്കുന്ന കലാവിദ്യയുടെ ഘാതകനായേക്കാമെങ്കിലും, ആ കലാവിദ്യ ത്യാജ്യമോ നിന്ദ്യമോ ആയിത്തീരുന്നില്ല. മരുന്നുകളുടെ സമ്പൎക്കത്താലും വ്യാളവെയിലിന്റെ സഹായ

ത്താലും മാത്രം 'ഛായ എടുക്കൽ' നടത്തുന്ന ഒരു വെറും യന്ത്രയുടമസ്ഥനാണ് ഫോട്ടോഗ്രാഫർ എന്നു പറയുന്നവർ, അങ്ങനെ അഭിപ്രായപ്പെടുന്നതു്, തങ്ങളുടെ ഭാൎയ്യമാൎക്കു കോങ്കണ്ണും കുട്ടികൾക്കു കൊന്ത്രപ്പല്ലും, തങ്ങൾക്കു കുണ്ടൻകവിളും ഉണ്ടാക്കിത്തീൎത്ത ഒരു ഛായാലേഖകനെ ഓൎത്തുംകൊണ്ടു് അവനോടുള്ള, ഒരുസമയം ന്യായമായതും ക്ഷന്തവ്യമായതും ആയ ഈൎഷ്യാകോപങ്ങളുടെ ആവേശത്താലായിരിക്കണം. അതു മുഴുവൻ അയാളുടെ അപരാധമാണോ എന്നു് ആലോചിച്ചുതീൎച്ചപ്പെടുത്തേണ്ടതാണു്. ഉത്തമനായ ഒരു ഫോട്ടോഗ്രാഫർ ശ്രേഷ്ഠനായ ഒരു കലാവിദഗ്ദ്ധൻതന്നെയാണു്. മൂലത്തേക്കാൾ മഹത്തരമായ തൎജ്ജമയെപ്പോലെ, ഉടമസ്ഥനേക്കാൾ നന്നായിട്ടുള്ള ഛായയെ നാം പലപ്പോഴും ആഹ്ലാദത്തോടുംകൂടി അഭിനന്ദിച്ചിട്ടുണ്ടായിരിക്കും. സ്വന്തമായ ഒരു ചിത്രം വരച്ചിട്ടില്ലെന്നോ വരയ്ക്കുന്നതിന്നു പാടവമില്ലെന്നോ കരുതി നാമാരും ആ മാന്യനും വാസനക്കാരനും ആയ ഫോട്ടോഗ്രാഫറെ ആക്ഷേപിക്കാറും അകററിക്കളയാറും പതിവില്ല. ഉള്ളതിന്റെ ഛായയെ മാത്രം എടുക്കുന്നതുകൊണ്ടു ഫോട്ടോ എടുക്കുന്ന വിദ്യ വിലയില്ലാത്തതും ആവശ്യമില്ലാത്തതും ആകുന്നതുമില്ല.

"ഞാൻ പറയാൻ ആലോചിച്ചുംകൊണ്ടിരുന്നതിനെ, അല്ലെങ്കിൽ എങ്ങനെയാണു പറയേണ്ടതെന്നറിയാതെ എന്റെ മനസ്സിൽ തിങ്ങിവിങ്ങിക്കൊണ്ടിരുന്ന ഒരു സംഗതിയെ അദ്ദേഹം ഇതാ പറഞ്ഞിരിക്കുന്നു" എന്നു തോന്നുമ്പോഴാണു് ഒരുവൻ തൎജ്ജമയ്ക്കു പുറപ്പെടുന്നതു്; അഥവാ പുറപ്പെടേണ്ടതു്. അപ്പോൾ അയാളുടെ തൎജ്ജമ പരിഭാഷയല്ല, മൂലംതന്നെയായിരിക്കയും, മൂലകവിക്കുകൂടി അതിൽ അസൂയ ജനിപ്പിക്കുകയും ചെയ്യും.

"ഞാൻ പറഞ്ഞതുതന്നെയാണെങ്കിലും അയാൾ അതിനെ വളരെ പ്രസ്ഫുടവും ഉജ്ജ്വലവും ആക്കിയിരിക്കുന്നു. അങ്ങനെതന്നെയാണു പറയേണ്ടിയിരുന്നതു്" എന്നായിരിക്കും തർജ്ജമക്കാരന്റെ പരിഭാഷ നോക്കി രസിക്കുന്ന മൂലകാരന്റെ അന്തർഗ്ഗതം.

"എന്നേക്കാൾ നന്നായിരിക്കുന്നു എന്റെ ഛായ" എന്നു പറയുവാൻ ഇടവരുന്നതുപോലെ "മൂലത്തേക്കാൾ നന്നായിരിക്കുന്നു തർജ്ജമ" എന്നു് അഭിപ്രായപ്പെടുന്നതിന്നു സംഗതി വരുത്തുന്ന തർജ്ജമകൾ കാൎയ്യത്തിൽ പരിഭാഷകളാണെങ്കിലും വീൎയ്യത്തിൽ മൂലങ്ങൾതന്നെയാണു്. ഒരേ പക്ഷിയെ ഉന്നംവെച്ചുകൊണ്ടു് അന്യോന്യം അറിയപ്പെടാതെ രണ്ടു ദിക്കിൽ കാത്തുനില്ക്കുന്ന വേടന്മാരിൽ ഒരുത്തന്റെ വെടിമുമ്പു പൊട്ടുകയും പക്ഷി വീഴുകയും ചെയ്യുന്നതുപോലെ, മനോഭാവത്തിന്നു് ഐകരൂപ്യമുണ്ടായിരുന്ന അന്യോന്യം അറിയപ്പെടാത്ത രണ്ടു ചിന്താശാലികളിൽ ഒരാൾ ഗ്രന്ഥനിൎമ്മാണം ഒന്നാമതായി സമാപ്തമാക്കുകയും മറേറ ആൾ അതുതന്നെ സ്വീകരിക്കുകയും ചെയ്യുന്നു. യഥാൎത്ഥത്തിൽ, കിരാതത്തിലെ കാട്ടാളനും അർജ്ജുനനും ഒരേ പന്നിക്കുവേണ്ടി ശണ്ഠപിണഞ്ഞതുപോലെയാണു മൂലകാരനും തർജ്ജമക്കാരനും തമ്മിലുള്ള മത്സരം. ഒടുവിൽ അന്യോന്യം അറിയപ്പെടുമ്പോൾ പരസ്പരം അഭിനന്ദിക്കുന്നു. ഉന്നംവെച്ചിരുന്നവരിൽ ഒരുവൻ ഒരു മഹാരഥനോ, സാമ്രാജ്യാധിപതിയോ, മറേറവൻ ഒരു വെറും വേടനോ ഒരു കുറുംകാടനോ ആയിരുന്നാലും, ആ പക്ഷിയെ ഉന്നംവെയ്ക്കുന്ന വിഷയത്തിൽ അവൎക്കു രണ്ടാൾക്കും മനോഭാവവും ഏകാഗ്രതയും ഒന്നുപോലെത്തന്നെ—ഒന്നുതന്നെ—ആയിരുന്നു എന്നമട്ടിൽ മൂലകാരൻ മഹാകവിയും തൎജ്ജമ

ക്കാരൻ കണ്ടപ്പനും ആ തർജ്ജമാവസരത്തിൽ, ആ പരിശ്രമത്തിൽ രണ്ടുപേരും യഥാൎത്ഥത്തിൽ തമ്മിൽ ഒരു വ്യത്യാസവുമില്ലാ; ശരിയായ ഒരു തർജ്ജമയുടെ കാൎയ്യത്തിൽ ഉണ്ടാവാൻ പാടില്ല. അങ്ങനെ അല്ലെങ്കിൽ അയാൾക്കു് ആ തർജ്ജമയ്ക്കു് ആഗ്രഹമോ ആ തൎജ്ജമയിൽ ഏകാഗ്രതയോ, ആ തർജ്ജമയ്ക്കു് ഓജസ്സോ, മൂലകാരനുകൂടി ആഹ്ലാദവും അഭിമാനവും ജനിപ്പിക്കത്തക്ക തേജസ്സോ ഒരിക്കലും ഉണ്ടായിത്തീരുന്നതുമല്ല.

എന്നാൽ "അമ്മായിയും കുടിച്ചു പാല്ക്കഞ്ഞി" എന്നു പറയിപ്പിക്കുവാൻമാത്രമായി, 'ഞാനും ഒരു പുസ്തകകൎത്താ'വാകുന്നതിന്നുവേണ്ടിയ ഒരു എളുപ്പവഴി കണ്ടുപിടിച്ചു. 'കണ്ണും കരളുമില്ലാതെ' കണ്ടതെല്ലാം വാരിവലിച്ചു തൎജ്ജമചെയ്തു മനുഷ്യച്ഛായയെ മൎക്കടച്ഛായയാക്കിത്തീൎത്തു. മൎക്കടന്മാരുടേയും ഇടയിൽ ഒരുപോലെ അപഹാസ്യരായിത്തീരുന്ന പരിഭാഷകന്മാരെ 'ഹനുമാ'ൻെറ വാലുകൊണ്ടു വരിഞ്ഞുകെട്ടി 'ഭീമ'ൻെറ ഗദകൊണ്ടു തല്ലുകതന്നെ വേണം. തർജ്ജമയും—യഥാൎത്ഥമായ തൎജ്ജമ—മൂലകൃതിയെപ്പോലെ തൽകൎത്താവിൻെറ മനോഭാവത്തിൻെറ അനിവാൎയ്യമായ ഒരു പൎയ്യവസാനമായിരിക്കണം. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കു് 'ചരകസംഹിത'യോ 'ഹോര'യോ തൎജ്ജമ ചെയ്യാൻ 'ശേഷിയും ശേമുഷിയും' ഇല്ലാഞ്ഞിട്ടാണോ അവിടന്നു 'ശാകുന്തളം' പരിഭാഷപ്പെടുത്തിയതു്? ശാകുന്തളത്തിന്നു് ഒരു പരിഭാഷയുണ്ടാക്കിയതുകൊണ്ടുമാത്രമാണോ അദ്ദേഹം 'കേരളകാളിദാസ'നായിത്തീൎന്നതു്? അതേ, എന്നാണെങ്കിൽ, അല്ലാ എന്നാണു് വിദ്യുജ്ജിഹ്വൻെറ വിശ്വാസം. പരിഭാഷപ്പെടുത്തുന്നതിന്നു്

ഈ ലോകത്തിൽ ലക്ഷോപലക്ഷം ഗ്രന്ഥങ്ങളുള്ള സ്ഥിതിക്ക് താൻ ഒന്നുംകൂടാതെയാണോ 'വിദ്യുജ്ജിഹ്വൻ്റെ വിളയാട്ടങ്ങൾ' കടന്നുപിടിച്ചതു്? അല്ലതന്നെ. 'റെയിനോൾഡ്സി'ൻെറ നോവലുകൾ മുഴുവൻ എനിക്കു തർജ്ജമയ്യേണ്ടുകാമായിരുന്നു. എന്നാൽ, എനിക്കും എൻ്റെ സന്താനങ്ങൾക്കും പരമ്പരയായി ഒരു ഉദ്യോഗവും അതുതന്നെയാകുമായിരുന്നു. എന്നു മാത്രമല്ല, അച്ചുകൂടക്കാർക്ക് ഒരു വിടാജോലിയും, കടലാസ്സുകച്ചവടക്കാർക്ക് ഒരു നല്ല കോളും, എനിക്ക് 'കോളും പിശറും' ഒന്നിച്ചു സിദ്ധിക്കുമായിരുന്നു. എനിക്കു വിദ്യുജ്ജിഹ്വനായിട്ടാണ് ഐക്യം. ഞാൻ ഒരുവിധത്തിൽ വിദ്യുജ്ജിഹ്വൻതന്നെയാണ്. അയാൾ ആദ്യം ജനിച്ചു; ആദ്യം എഴുതി. ഞാൻ ഒടുവിൽ ജനിച്ചു. അതുതന്നെ എഴുതാൻ നിനച്ചു. അപ്പോൾ ഈ മൂലം കണ്ടെത്തി. അപ്പോൾ തർജ്ജമയ്ക്കും മൂലമായി. ഇങ്ങനെ മൂലവും പൂരാടവും കൂടി ചേൎന്നപ്പോൾ അടുത്തു് ഒരു ഉത്രാടവും ഉടനെ വായനക്കാർക്ക് ഒരു 'തിരുവോണ'വും വന്നുചേൎന്നു. നാലുദിവസമെങ്കിലും നാട്ടിലെല്ലാം ആഹ്ലാദത്തിന്നു വഴിയായി. ഇത്ര ലോകോപകാരമുള്ള ഈ 'തർജ്ജമക്കാരൻെറ തർജ്ജനം തേടുന്ന ദുർജ്ജനന്മാരടാ, പോരടാ പോരിന്ന്.'

## വിചാരിക്കാത്ത വിജൃംഭണം

"പഴഞ്ചൊല്ലിൽ പതിരുണ്ടെങ്കിൽ പശുവിൻപാലു കയ്ക്കു"മെന്നു പഴമക്കാർ പറയുന്നതു പച്ചപ്പരമാർത്ഥമാണ്. "ആരുമില്ലെങ്കിൽ പ—ര്, ഏതുമില്ലെങ്കിൽ താള്" എന്ന നാടോടിവാക്യത്തിൻെറ നാനാമുഖങ്ങളും നമുക്കിപ്പോൾ നല്ലപോലെ 'തിരുവുള്ളത്തിൽ ഏറിയിരിക്കുന്നു.' താളും തകരയും തിന്നു നാൾ നയിക്കുന്ന നാട്ടുകാരും, ഓണം വരുമ്പോൾ ഒന്നും ഓർക്കാതെ ഓളംകൊള്ളുന്നതു കൊള്ളരുതാത്തവരായിട്ടല്ല. പിമ്പു നോക്കിയാൽ മുമ്പു ചാടുവാൻ ഏതു വമ്പനും ഇമ്പമുണ്ടാകുന്നതല്ല 'ഉണ്ട ചോററിൽ കല്ലിടുന്നതു്' കൃതഘ്നതയാണെങ്കിലും തിരുവോണസ്സദ്യയുടെ തിരുതകൃതിയിൽ തകിടംമറിഞ്ഞു തലേന്നാളത്തെ തഞ്ചവും തരവും തന്റേടവുംകൂടാതെ മറക്കുന്ന ഉണ്ണാമന്മാർ ഉണ്ടായിട്ടില്ലെന്നില്ല. കാലത്തിനടുത്ത കോലം നല്ലതാണെങ്കിലും കോലം മാററുന്നതുതന്നെ ഒരു കോലാഹലമെന്നു കല്പിച്ചുകൂട്ടി കാലുറയ്ക്കാതെ കളിക്കുന്നവരുടെ കള്ളി കൗതുകകരമാകുമെന്നു കരുതുന്നില്ല. "ആനപ്പുറത്തിരിക്കുമ്പോൾ വേലിപൊളിക്കു"വാൻ നല്ല രസമുണ്ടെങ്കിലും അല്പം കഴിഞ്ഞാൽ ആനയും താനും വേലിയും വേറെവേറെയാകുമെന്നു മനസ്സിലാകാത്ത മണ്ടന്മാരുടെ മണ്ട മരാശാരിക്കു കൊടുത്തു മാററിപ്പണിയിക്കേണ്ടതാണ്. വിഷുവിനു കൈനേട്ടം കിട്ടിയ 'ഓറൈക്കെയ്യന്മാർ' പൂർവ്വം മറന്നു് അഹങ്കരിക്കുന്നതു് ആരാലും ആദരണീയമല്ല. 'പുതുവത്സരാരംഭം' എല്ലാ മാസത്തിലുമുണ്ടായാൽ നന്നെന്നാഗ്രഹമുണ്ടായാലും വർഷത്തിനു മാസം പന്ത്രണ്ടാണെന്നു പണ്ടത്തെ

'രാശികർത്താക്കന്മാർ' പറഞ്ഞുപോയില്ലേ. ആ പന്ത്രണ്ടു രാശിയിലും നില്ക്കാൻകഴിയില്ലെന്നു കണ്ടു മതി 'രാശി'ക്കുപോയിട്ടും 'മധുരാശിഭ്രമം'കൊണ്ടു മതിമറന്ന 'മഹാന്മാർ' ഇപ്പോൾ മങ്കരയിലും മലമൂട്ടിലുംകൂടി ഇല്ലാതായി.

പറഞ്ഞുപറഞ്ഞു് ഏറുന്നതത്ര നന്നല്ല. ആറേഴുമാസമായിട്ടു വിദ്യുജ്ജിഹ്വനെ കൂടാതെ ഒരു തവണയെങ്കിലും പുറത്തിറങ്ങീട്ടില്ലാത്ത് 'കൈരളി'യുടെ പുതുവത്സരാരംഭപ്രതിയിൽ അയാൾക്കു വിജ്ഞാപനത്തിന്റെ ചുവട്ടിൽ ഒരു ചൂണ്ടാണിവിരലാണു് വിട്ടുകിട്ടിയതു്. ദൂരസ്ഥനേയും അപരിചിതനേയും ആണു് ആളുകൾ ചൂണ്ടിക്കാണിക്കുക. അതിനും പുറമേ ചൂണ്ടിക്കാണിക്കുന്നതുതന്നെ മാന്യതയ്ക്കു കുറവും 'എട്ടികെട്ടി'ന്നു വിരുദ്ധവും, ആചാരത്തിന്നു് അനർഹവും ആണു്. എന്നു മാത്രമല്ല, 'ചൂണ്ടിയതു' നശിക്കുമെന്നു മുത്തശ്ശിമാരുടെ എടയിൽ ഒരു വാക്കുമുണ്ടു്. മററത്തെ പുലാവിന്മേൽ പുതിയ ചക്ക പൊട്ടുകയോ, മത്തപ്പന്തലിൽ ഒരു ആൺപൂ ചായുകയോ ചെയ്യുതിനെ ഉണ്ണിക്കിടാങ്ങൾ "അമ്മൂമ്മേ! ദാ ഒരു ചക്ക—ഒരു മത്തങ്ങ" എന്നു പറഞ്ഞു ചൂണ്ടിക്കാണിക്കുമ്പോൾ "അയ്യോ അരുതു മോനേ! ചൂണ്ടിക്കാണിക്കരുതു്; ചൂണ്ടിക്കാണിച്ചാലേ, ചൂണ്ടിയതു ചുട്ടെരിഞ്ഞുപോകും" എന്നു പറയുന്നതു വിദ്യുജ്ജിഹ്വന്റെ വിസ്താരമുള്ള കർണ്ണരന്ധ്രങ്ങളിൽ പ്രവേശംചെയ്യിട്ടുള്ള നാദബിന്ദുക്കളാണു്. ഇപ്രകാരം ഏതുകൊണ്ടും വേണ്ടിയിരുന്നില്ലാത്ത ഒരു ചൂണ്ടാണിവിരലാണു് വിദ്യുജ്ജിഹ്വന്നു മേടമാസത്തിൽ കിട്ടിയതു്. ചോറൂണിന്നും ആദ്യത്തെ ആണ്ടുപിറന്നാളിന്നും വരുന്ന ബന്ധുക്കളും കിട്ടുന്ന സംഭാവനകളും എടയിലെ പുറനാൾക്കും കിട്ടുമെന്നു

കരുതീട്ടാണു് ഇപ്രകാരം പിന്നാക്കം നോക്കാതെ പൂൎവ്വന്മാരെ പുറത്താക്കിയതെങ്കിൽ, പരമവിഡ്ഢിത്തമായി. ഏതുരാജ്യത്തും പ്രമാണം, വന്ന വെള്ളമൊക്കെ പോകും, നിന്നിരുന്ന വെള്ളം നില്ക്കുമെന്നാണു്. അതാണ "നിലയ്ക്കു നിന്നാൽ മലയ്ക്കു തുല്യം" എന്നു പറയപ്പെടുന്നതും. "സന്താപം വരുന്നേരം സന്തപിക്കയും വേണ്ടാ, സന്തോഷം വരുംകാലം സന്തോഷിക്കയും വേണ്ടാ" എന്നു പുരാണകൎത്താക്കന്മാർ പുകഴ്ത്തുന്നതും മറെറാന്നുമോൎത്തിട്ടല്ല. 'പുതുപ്പെണ്ണു പെരപ്പുറമടിക്കുന്ന'തിൽ ആരും പരിഭ്രമിക്കാറില്ല. അതു് അചിരേണ 'ഉമ്മം'കൂടി അടിക്കാതാകുന്നതിലേയ്ക്കുള്ള യാത്രയുടെ ആരംഭമാണെന്നു മതിമാന്മാർ മനസ്സിലാക്കീട്ടുണ്ടു്. ഏഴമാസത്തെ അടുത്തു പരിചയമുണ്ടായിട്ടും ചൂണ്ടിക്കാണിക്കുന്ന ഒരു സ്ഥാനവും സ്ഥിതിയും നിലയും വിലയും, മാത്രമല്ലേ വിദ്യുജ്ജിഹ്വനു ലബ്ധമായുള്ളു എന്നു വിചാരിക്കുമ്പോൾ, ഗുരുനാഥനാണു്! എനിക്കു ഭാവിയിൽ വിശ്വാസമില്ലായ്കയും, ഭൂതത്തിൽ ദയയും, വൎത്തമാനത്തിൽ അതിശ്രദ്ധയും താനേ ഉണ്ടായിത്തീരുന്നു. ഒരുസമയം നന്നെ അടുത്തിരിക്കുന്നതിനെ തിരിച്ചുകാണുവാൻ ആൎക്കും സാധിക്കുന്നതല്ലാ; കാഴ്ച ശരിപ്പെടേണമെങ്കിൽ അതാതിന്റെ തരംപോലെ ഏതാനും അകലത്തുതന്നെ ആയിരിക്കണം—"ദൂരം കാഴ്ചയ്ക്കു മനോഹരത കൂട്ടുന്നു" എന്നല്ലേ ആംഗ്ലേയകവി പാടീട്ടുള്ളതും—എന്ന ന്യായപ്രകാരമായിരിക്കുമോ, ആവോ, ആവോ, എന്റെ യോഗ്യത അവൾ പൂൎണ്ണമായും കണ്ടറിയുവാൻ കഴിയാഞ്ഞതു്. പക്ഷേ, "കൂടെക്കിടക്കുന്നവനല്ലെ രാപ്പനി അറി"യേണ്ടതെന്നു് ആലോചിക്കുമ്പോൾ അല്പം ഇച്ഛാഭംഗവുമില്ലായ്കയില്ല. "സത്തുക്കൾ തങ്ങളിൽ ചേരുവാനേകദാ—സന്ദൎശനം മാത്രമേ

വേണ്ട, കൈരളീ!" എന്നു പഞ്ചതന്ത്രവുമുണ്ട്. ഏതായാലും "ക്ഷമാബലമശക്താനാം ശക്താനാം ഭൂഷണം ക്ഷമ"യെന്നുമുണ്ടല്ലോ. ഞാൻ ശക്തനാണെന്ന് എനിക്കും അശക്തനാണെന്നു മററുള്ളവക്കും എന്നെക്കുറിച്ച് വിരുദ്ധാഭിപ്രായങ്ങഠം ഉണ്ടായിരുന്നാലും ഏതുനിലയ്ക്കും ക്ഷമ അത്യാവശ്യമായതുകൊണ്ട് ഇത്തവണ ഞാനെല്ലാം ക്ഷമിച്ചിരിക്കുന്നു. ഒരിക്കൽ ക്ഷമിക്കാത്ത പുരുഷൻ 'മഹാദോഷൻ' എന്നാണ് എന്റെ പ്രമാണം. "തെററു പററുന്നതു ജന്തുധമ്മം" എന്നൊരുവൻ 'കവിച്ചിട്ടു'മുണ്ട്, 'ഈശ്വര'ന്റെ ജീവകാരുണ്യമില്ലാത്തവനോ, 'പരമേശ്വ'രന്റെ ഗിരിജാവല്ലഭത്വം മനസ്സിലാക്കാത്തവനോ, 'പുതുവാളി'ന്റെ മൂച്ച്യില്ലാത്തവനോ, 'ലക്ഷ്മീദേവി' കടാക്ഷിക്കാത്തവനോ, ബി. എ., ബി. എൽ. തറവാട്ടിൽനിന്നും ഒററയ്ക്കു ഭാഗം പിരിഞ്ഞു് അവിടത്തെ അല്ലാതായിട്ടുള്ളവനോ, 'കൗമാര്യം' നശിച്ചിട്ടുള്ളവനോ, 'രഥയാത്ര'യിൽ സാരഥ്യം വഹിപ്പാനറിയാത്തവനോ, ഒന്നുമല്ല ഹേ! നിങ്ങളുടെ വിദ്യുജ്ജിഹ്വൻ എന്നു വിശ്വസിപ്പാൻ വിരോധമില്ലാത്തതാണ്. എന്നാൽ ഒരു കാൎയ്യം ഇപ്പോഠംതന്നെ പറഞ്ഞേക്കാം. വിദ്യുജ്ജിഹ്വൻ 'മുൻഷി' ആയിട്ടില്ല. ആകയുമില്ല. (മുൻ=മുമ്പ്; ഷി=She, അവഠം). അയാഠം മുമ്പും 'ഹി' (he=അവൻ) യാണ്. ഇനി കുറെ കഴിഞ്ഞാലും 'ഹി'തന്നെയായിരിക്കും. 'ഹി-ഷി' വ്യത്യാസമില്ലാതെ നടിക്കുന്നവരേയും, 'ഹി'ക്കു 'ഷി'യും, 'ഷി'ക്കു 'ഹി'യും ആവാമെന്നു വിചാരിക്കുന്നവരേയും 'ഹി'യും 'ഷി'യും അല്ലാത്തവരേയും—വിദ്യുജ്ജിഹ്വന്റെ ഭാഷയിൽ 'ആണും പെണ്ണും കെട്ടവർ' എന്നാണു പറയാറു്. അങ്ങനത്തവരെ വിദ്യു

ജ്ജിഹ്വന്നു ബഹുമാനവുമില്ല വിശ്വാസവുമില്ല. "വെട്ടൊന്നു മുറി രണ്ടു്" എന്ന തരക്കാരാണു് പഞ്ചാരവാക്കു പറഞ്ഞു മിരട്ടുന്ന "അകത്തു കത്തിയും പുറത്തു പത്തി"യും ആയ ജനങ്ങളേക്കാൾ നല്ല ബന്ധുക്കൾ. പിന്നിൽ വാലു കണ്ടില്ലെന്നുവച്ചു വിദ്യുജ്ജിഹ്വൻ 'പുച്ഛവിഹീനൻ' ആണെന്നു തെററിദ്ധരിക്കരുതു്. നാലംഗുലം നീളത്തിൽ വാലു്—നാലക്ഷരത്തിലുള്ള സ്ഥാനമാനം—വിദ്യുജ്ജിഹ്വന്നുമുണ്ടു്. പൂർവ്വസ്വത്തുക്കൾ മേൽകീഴില്ലാതെ ദുർവ്യയംചെയ്യുന്നവരുടെ കൂട്ടത്തിലല്ല, അവരവർ പ്രയത്നിച്ചുണ്ടാക്കിയ സ്വത്തുക്കൾ വ്യയംചെയ്യുന്നവരുടെ സ്ഥിതി. രണ്ടാംതരക്കാർക്കു കുറെ പിശുക്കുണ്ടാകാതെ തരമില്ല. വേണ്ടടിക്കിലും വേണ്ടിടത്തോളം മാത്രവും അവർ എന്തും ചെലവിടും. അതുപോലെതന്നെ വിദ്യുജ്ജിഹ്വന്റെ സമ്പത്തു പാരമ്പര്യസ്വത്തല്ല. സ്വപ്രയത്നംകൊണ്ടുണ്ടായതാണു്. അതു വെലയ്ക്കും വെറുതെയും കൊടുക്കാറില്ല. എന്നാൽ വയനാട്ടിലെ മോരുപോലെയല്ലതാനും. കാലുറക്കീശയിൽ കിടക്കുന്ന കൈത്തോക്കുപോലെ അതു് ആവശ്യം നേരിടുമ്പോൾ മാത്രമെ പുറത്തു കാണുകയുള്ളു. അല്ലാതെ 'മലേങ്ങാട്ടു'കാരന്റെ 'കുന്തത്തോക്കു'പോലെ അതിനെ ചുമലിലേററിക്കൊണ്ടുനടന്നു കാണികളുടെ കണ്ണിളക്കാറില്ല. എന്നാൽ മലേങ്ങാട്ടിന്റെ തോക്കിൽ ഒരുസമയം ഉണ്ടയില്ലെന്നും, ഉണ്ടെങ്കിൽക്കൂടി ചിലപ്പോൾ അയാൾ വെടിക്കാരൻതന്നെയല്ലെന്നും വരാം. വിദ്യുജ്ജിഹ്വന്റെ കൈത്തോക്കു് അഞ്ചു പൊട്ടുന്നതും, അഞ്ചും നിറച്ചതും, വിദ്യുജ്ജിഹ്വൻ അഞ്ചാത്ത 'ആസാമി'യുമാണു്—അതു് ഓർമ്മവേണം.

അല്പരസക്കാരും അഭിമാനക്കുടുക്കകളുമായ ചില

നാട്ടേമാന്മാരുടെ കൂട്ടത്തിലെങ്ങാനും പെട്ടുപോകയോ പെടുത്തിക്കളകയോ ചെയ്താലോ എന്നു ഭയപ്പെട്ടിട്ടു മാത്രം വിദ്യുജ്ജിഹ്വൻ വീണ്ടും പുറപ്പെടുന്നതാണു്. അല്ലാഞ്ഞാൽ വിഷുസദ്യയിൽനിന്നു പുറത്താക്കിയ ദേഷ്യത്തിന്നു വേണ്ടതെന്താണെന്നറിയാം. ഒരരിശത്തിന്നു കിണററിൽ ചാടിയാൽ പിന്നെ അരിശം തീന്നാൽ കയറാൻ പ്രയാസമാകുമല്ലോ. പണ്ടൊരേമാനൻ ഇരുട്ടത്തു ചൂട്ടുംവീശി പോകുമ്പോൾ ആ വഴിക്കു പോകേണ്ടിവന്ന ഒരു ഗജപോക്കിരിച്ചെക്കൻ പിന്നാലെ പററിക്കൂടി "ഇശ്ശിനാളായി ഏമാന്നെക്കൊണ്ടു് ഒരു ചൂട്ടുപിടിപ്പിച്ചു സഞ്ചരിക്കണമെന്നു് ഇയ്യുള്ളവൻ വിചാരിക്കുന്നു. ദൈവം സഹായിച്ചിട്ടു് ഇന്നു സാധിച്ചു" എന്നു 'കിന്നരം പാടി.' അതു കേട്ടപ്പോൾ ഏമാനൻ ഏമാനൻതന്നെയായി. പറങ്ങോടമ്മാമന്റെ മരുമകനാണെന്നും, വസ്തുക്കളെല്ലാം 'അട്ടിപ്പേറു' പോയാലും 'പട്ടയം' മാറീട്ടില്ലാത്തതുകൊണ്ടു് ആയിരത്തിൽ ചിലപാനം ഉരുപ്പികയുടെ 'ജമ' ഇപ്പോഴും പേരിലുണ്ടെന്നും 'ഗമ' വിടരുതെന്നും ഓർമ്മവന്നു. ചൂട്ടു കുത്തിക്കെടുത്തി ഇരുട്ടത്തു തപ്പിത്തടഞ്ഞു് ഏമാനൻ കാനയിലേയ്ക്കു 'നീങ്ങി', 'നിലം പൊത്തി'. ചങ്ങാതി ചിരിച്ചുംകൊണ്ടു പോകയും ചെയ്തു. അതുപോലെ ഞാൻ പ്രവൃത്തിക്കയില്ല. 'എന്റെ കണ്ണു രണ്ടും തെളിഞ്ഞാലും വേണ്ടില്ല അവന്റെ ഒരു കണ്ണെങ്കിലും പൊട്ടണേ' എന്നല്ലാതെ ഞാൻ ആഗ്രഹിക്കാറില്ല. 'ഭേദ' ക്കാർ വരുമ്പോൾ 'വഴിമാറാ'നും, എണീററുനിന്നു് 'ആസനം കാട്ടാനും' ആശാൻ പഠിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് മേടത്തിൽനിന്നു വിദ്യുജ്ജിഹ്വനെ പുറത്താക്കിയതിൽ അയാൾക്കു തേമാനവും ഇല്ല; മാനവും ഇല്ല; അപകടവും ഇല്ല; തടവും ഇല്ല. "സങ്കടേ രക്ഷിക്കുന്ന

മാനുഷനല്ലോ ബന്ധു." വിഷുവും പൂരവും കഴിഞ്ഞു 'പണ്ടത്തെ പാച്ച'നാവുമ്പോൾ ആരെല്ലാം ഉണ്ടാകുമെന്നറിയാമല്ലോ. ആരുമില്ലാത്തവനു വിദ്യുജ്ജിഹ്വൻ തുണ. "മറ്റുള്ള ബന്ധുക്കളിദ്ദേഹമുള്ളന്നേയുള്ളൂ, മററുമീ വിദ്യുജ്ജിഹ്വൻ ചത്താലും കൂടെപ്പോരും." "പയ്യു ചത്താലും മോരിലെ പുളി മാറീട്ടില്ലെ"ന്നു പറയുന്നതു വിദ്യുജ്ജിഹ്വന്മാരെപ്പോലെയുള്ള "തനിക്കു താൻ പോന്ന ജനങ്ങളുമെല്ലാം, തനിക്കു വേണ്ടുകിലെളിയതും ചെയ്യും" (കുഞ്ഞൻ പവ്വരീതി), എന്ന തരക്കാരെക്കുറിച്ചാണു്. "ലേഖന ദൗർലഭ്യത്താൽ വിശന്നു ദാഹിക്കുന്ന പത്രാധിപന്മാർ, ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ വിദ്യുജ്ജിഹ്വനെ ശരണം പ്രാപിക്കും." ഞാൻ അവക്ക്് ഒരു 'കൊട്ട' നിറച്ചു ലേഖനവും കൊടുക്കും. ഇന്നാൾ ഒരു ക്രിസ്ത്യാനിപ്രാസംഗികൻെറ പ്രസംഗത്തിൽ 'പാഞ്ചാലിയുടെ കല'ത്തിനെപ്പോലെ എന്നൊരു പ്രയോഗം കേട്ടു. ഭീമസേനൻ 'ഒന്നുടയാതെ വലിച്ചെടുത്ത' കലത്തിനെപ്പററിയായിരിക്കാം മൂപ്പർ പറയുന്നതു്. ഭീമനുപകരം പാഞ്ചാലിയായതാവണം എന്നു് ആദ്യത്തിൽ സംശയിച്ചുപോയി. അല്ലല്ല, എനിക്കുതന്നെയാണു തെററിയതു്. 'അക്ഷയപാത്ര'ത്തെ ഉദ്ദേശിച്ചാണു് ആ പുരാണധുരന്ധരൻ 'പാഞ്ചാലിയുടെ കല'മെന്നു പറഞ്ഞതു്. 'ചോറു വെയ്ക്കുന്നതു കലത്തിലല്ലേ' എന്നു് ആലോചിച്ചാൽ 'കലപ്രയോഗ'ത്തിൽ കലശ്ശലായ കലഹംകൂടാതെ കലാശിക്കും. പറഞ്ഞുപറഞ്ഞു വിഷയം പോണു. 'പാമ്പു പോണപോലെ' ഒരു തോടു കുത്താൻ 'ചെറോട്ടിയമ്മ'യാൽ ഏല്പിക്കപ്പെട്ട 'തോല'നാൽ കുത്തിക്കപ്പെട്ടതായി 'ഇടപ്പിള്ളി'ക്കു സമീപം കാണപ്പെടുന്ന'തോലൻതോടി' ൻെറ വളവും 'പുളവും' പോലെ ചിലപ്പോൾ എൻെറ

എഴത്തും നന്നെ വളഞ്ഞു് എഴഞ്ഞുപോകുന്നു. പത്തുനാഴിക സഞ്ചരിച്ചശേഷം, "ഇപ്പോൾവഴിയെത്രപോന്നു?" എന്നു ചോദിച്ചപ്പോൾ കഷ്ടിച്ചു് ഒരു "തീണ്ടാപ്പാടു്" (ആരുടെ?) എന്നു പറഞ്ഞുകേട്ട സമയത്താണു 'തോടി'ന്റെ 'ഞളിവും പിരിവും' പുറത്തായതു്. അതുപോലെ തന്നെ, ഒരു മണിക്കൂറുനേരം ലേഖനസഞ്ചാരം ചെയ്തിട്ടും വഴി വളരെ പിന്നിട്ടിട്ടും, "ഇപ്പോൾ എന്തായി" എന്നു ചോദിച്ചാൽ, പിന്നേയും, "മേട ലക്കത്തിൽനിന്നു പുറത്താക്കി," എന്നുള്ളേടത്തോളംതന്നെ ആയിട്ടുള്ളു എന്നു് അഭിമാനപുരസ്സരം പ്രസ്താവിക്കാം എന്താണു് ഒടുവിൽ പറഞ്ഞിരുന്നതെന്നുവെച്ചാൽ, 'പാഞ്ചാലിയുടെ കലം'പോലെ ഒരു കലം—ഒരു ലേഖനക്കലം, ചോററുകലമല്ല—ഉള്ള ഒരാളാണു്, ആണാണേ!—വിദ്യുജ്ജിഹ്വൻ. എത്രതവണ പുറത്താക്കിയാലും ഒന്നുമില്ല. വീണ്ടും ആവശ്യപ്പെട്ടാൽ വീണ്ടും സഹായിക്കും. വിദ്യുജ്ജിഹ്വനോടു് ആവശ്യപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവരുടെ ആവശ്യം നിറവേററപ്പെടും.

# ചിരിക്കാൻ മറന്നാൽ മരിക്കാൻ മടിക്കും

"മനുഷ്യർ ചിരിക്കുവാൻ അറിയാവുന്ന ജീവികളാകുന്നു" എന്നാണു് ഒരു പഴയ തത്വജ്ഞാനി അഭിപ്രായപ്പെട്ടിരിക്കുന്നതു്. മൃഗങ്ങൾക്കു ചിരിക്കുവാൻ അറിയില്ലെന്നു പറയുന്നതു നേരാണോ എന്നു ചിലർ സംശയിക്കുന്നുണ്ടു്. തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെ 'മനുഷ്യക്കുരങ്ങൻ' ചിരിക്കുമത്രേ. ഉവ്വു്, ആരാണു് ഇല്ലെന്നു പറഞ്ഞതു്. അതുകൊണ്ടുതന്നെയാണു് ആ കുരങ്ങൻ മനുഷ്യക്കുരങ്ങനായതും; അല്ലെങ്കിൽ വെറും കുരങ്ങനാകുമായിരുന്നു. എന്നാൽ, ചിരിക്കുന്ന കുരങ്ങന്മാരൊക്കെ മനുഷ്യക്കുരങ്ങന്മാരും, ചിരിക്കാത്ത മനുഷ്യരൊക്കെ വെറും കുരങ്ങന്മാരും ആണെന്നു പറയുവാൻ എനിക്കു ലവലേശം ധൈര്യമില്ല. "ദുർവ്വാസസ്സു പൊട്ടിച്ചിരിച്ചാലും ഞങ്ങൾ പല്ലു പുറത്തു കാണിക്കില്ലെ"ന്നു ശഠിക്കുന്ന ചില 'ധീരന്മാരെ' എനിക്കു പരിചയമുണ്ടു്. അവരെ കുരങ്ങന്മാരെന്നു പറഞ്ഞാൽ അവരുടെ പരിഭവത്തിനേക്കാൾ അധികം കുരങ്ങന്മാരുടെ മുഷിച്ചിലായിരിക്കും എനിക്കു ലഭിക്കുന്നതു്. അതുകൊണ്ടു് ഞാൻ ഒന്നും പറയുന്നില്ല. എങ്കിലും മനുഷ്യരിൽ കുരങ്ങന്മാരും കുരങ്ങന്മാരിൽ മനുഷ്യരും മനുഷ്യക്കുരങ്ങന്മാരും ഉണ്ടെന്നു നിർവ്വിവാദമാണു്.

'ചിരിവരായ്ക' ഒരു മഹാരോഗമാണു്; അതു് ഒറ്റയ്ക്കു് ഓരോരുത്തർക്കും സമുദായത്തിന്നു പരക്കേയും ഹാനികരമായ ഒരു വ്യാധിയാണു്. മറ്റെല്ലാ രോഗികളേയും ധർമ്മമായി ചികിത്സിക്കുന്നതിന്നു് ആസ്പത്രി

കളും പണംപിടുങ്ങി ചികിത്സിക്കുന്നതിന്നു് വൈദ്യന്മാരും 'മുഴത്തിന്നു മുപ്പതു്' വീതം ഉള്ള സ്ഥിതിക്കു ചിരിക്കാത്തതുകൊണ്ടു മരിക്കാറായവരെ സുഖപ്പെടുത്തുന്നതിന്നു് ഒരു സ്ഥാപനവും ആളും എങ്ങും ഇല്ലാത്തതു് ഇന്നത്തെ 'കാര്യത്തിരക്കി'ന്റെ വലിപ്പംകൊണ്ടായിരിക്കണം. "കല്യാണത്തിരക്കിൽ പെണ്ണിനെ കെട്ടുവാൻ മറന്നതു"പോലെയാണു് ഈ 'കാര്യവിചാരത്തി'ന്റേയും യഥാൎത്ഥസ്ഥിതി എന്നേ എനിക്കു പറയുവാനുള്ളു.

ഒരു മിനിട്ടുനേരത്തെ ചിരിക്കു് ഒരു 'പിഴിച്ചലും ധാരയും' കഴിക്കുന്നതിനേക്കാൾ അധികം ഫലമുണ്ടെന്നാണു വൈദ്യസിദ്ധാന്തം. എത്രനേരം പൊട്ടിച്ചിരിക്കുന്നുവോ അത്രനേരത്തെ കൂടുതൽ ആയുസ്സിന്നു സംശയമില്ല. കോടിയവായയുടെ എടത്തേഭാഗം ഒന്നു ചലിപ്പിക്കുന്നതല്ലാ ചിരിയെന്നു പറയുന്നതു്. ചിരിച്ചു മണ്ണുകപ്പണം, പള്ളകൾ രണ്ടും വേദനപ്പെടണം; കണ്ണിൽനിന്നും മൂക്കിൽനിന്നും വെള്ളം വരണം; അല്പനേരത്തേയ്ക്കു ശ്വാസം മുട്ടണം; അതാണു നല്ല ചിരിയുടെ ലക്ഷണം; രസംപിടിച്ച ചിരിയുടെ സ്വഭാവം. തന്നെത്താൻ മറന്നുള്ള ഒരവസ്ഥയാണു്, തന്റെ സകല 'പ്രാരബ്ധ'ങ്ങളും ക്ലേശങ്ങളും വിസ്മരിച്ചുള്ള ഒരു ആനന്ദമാണു്, ആ കുറച്ചുനേരം 'ചിരിക്കാരൻ' അനുഭവിക്കുന്നതു്. അപ്പോഴത്തെ ആ മനസ്ഥിതിക്കും യോഗീശ്വരന്റെ സമാധിക്കും തമ്മിൽ വലിയ വ്യത്യാസമില്ലത്രെ.

ലോകോപകാരികളിൽ പ്രധാനികൾ ആരാണെന്നുള്ള തത്വവിചിന്തനത്തിന്നു പുറപ്പെടുന്നപക്ഷം, അവർ ഏററവും അധികം ജനങ്ങളെ ഏററവും അധികം സമയം ചിരിപ്പിച്ചിട്ടുള്ളവരാണെന്നുള്ള പരമാൎത്ഥം

നിമ്മത്സരബുദ്ധികൾക്കു ബോധപ്പെടാതിരിക്കയില്ല. നാടകത്തിലെ വിദൂഷകനും, കൊട്ടാരത്തിലെ 'സേവകനും' സാമ്രാജ്യാധിപതികളേക്കാൾ ലോകത്തിന്നു് ഉപകരിക്കപ്പെട്ടിട്ടുള്ളവരാണു്.

"ചെമ്മീനുപ്പുള്ളി ഗാന്ധാരി" എന്നും മററുമുള്ള ശാസ്ത്രസിദ്ധാന്തങ്ങളെ ഉത്സാഹത്തോടുകൂടി ഉദീരണം ചെയ്തുംകൊണ്ടു രംഗപ്രവേശം ചെയ്യുന്ന 'സംഘക്കളി'യിലെ 'ഇട്ടിക്കണ്ടപ്പൻ' കാണികളിൽ ആബാലവൃദ്ധത്തിന്നു് ആദ്യവസാനം ആഹ്ലാദകരനാകുന്നു. ഇട്ടിക്കണ്ടപ്പനെ സൃഷ്ടിച്ച നമ്പൂതിരിമാർ 'രസികശിരോമണിക'ളാണെന്നതിന്നു സംശയമില്ല. 'ക്ഷ' എന്ന അക്ഷരത്തിന്നു ലക്ഷം അർത്ഥം ജനിപ്പിക്കുന്നവൎക്കല്ലാതെ ഇട്ടിക്കണ്ടപ്പസൃഷ്ടി സുസാദ്ധ്യവുമല്ല.

പ്രപഞ്ചം ഈശ്വരന്റെ 'ലീല'യാകുന്നു. കുട്ടികൾ മണ്ണുവാരി അപ്പം ഉണ്ടാക്കിയും, കല്ലും കട്ടയും എടുത്തു് അമ്പലംവെച്ചും കളിക്കുന്നതുപോലെ, ആനന്ദസ്വരൂപനായ ഈശ്വരൻ ലീലാതല്പരനായിത്തീരുന്നതിന്റെ ഫലമാണു് ഈ ചരാചരങ്ങൾ മുഴുവനും. കുറച്ചു കളിച്ചു കഴിഞ്ഞാൽ കുട്ടികൾ അപ്പവും അമ്പലവുമെല്ലാം തട്ടിക്കളഞ്ഞു് അകത്തുചെന്നു നിൎവ്വിചാരന്മാരായി, ആനന്ദഭരിതരായി സുഷുപ്തികൊള്ളുന്നതുപോലെ, ജഗദീശ്വരനും പ്രളയവേളയിൽ അദ്ദേഹത്തിന്റെ 'പ്രപഞ്ചക്കളി' മതിയാക്കി വടപത്രശായിയായി ദീർഘനിദ്രയെ പ്രാപിക്കുന്നു. ആ സ്ഥിതിക്കു ചിരിക്കാനല്ലാതെ മറെറാന്നിന്നും ഈ ലോകത്തിൽ നമുക്കു് ആവശ്യമില്ല. കളിയിൽ കരയുന്നതു് അയുക്തവും അനാവശ്യവുമാകുന്നു. "എല്ലാം കളിയാണു്. എപ്പോഴും ചിരിക്കുവാനല്ലാതെ വഴിയില്ല" എന്നായിരിക്കും യഥാർത്ഥസാരവേധികളുടെ അഭി

പ്രായം. ആ അഭിപ്രായക്കാരുടെ മഹാസഭയിലെ സ്ഥിരം പ്രസിദ്ധണ്ടാകുന്ന നിങ്ങളുടെ വിദ്യുജ്ജിഹ്വൻ.

പൊക്കത്തിലിരിക്കയും, കനത്തവാക്കു പറകയും, തിന്നാൻതരുന്നതു വേണ്ടെന്നു പറകയും ആകുന്ന 'ഗൗരവപുരുഷ'ന്റെ ലക്ഷണം എന്നു ധരിച്ചിരുന്ന നമ്മുടെ 'കണിയാരപ്പണിക്ക'രുടെ കഥ പ്രസിദ്ധമാണല്ലോ. താൻ എല്ലാവരേക്കാളും മീതെയാണെന്നും മററുള്ളവരുടെ കൂട്ടത്തിൽ കൂടുന്നതും ആഹ്ലാദിക്കുന്നതും അയുക്തവും അന്തസ്സിന്നു കുറവും ആണെന്നും ആലോചിച്ചു് 'ഉന്നതസ്ഥ'നാകുവാൻവേണ്ടി പത്തായപ്പുറത്തു 'പൊത്തിപ്പിടിച്ചു' കയറിയിരുന്നു സഗൗരവം 'അമ്മിക്കല്ലു്' 'ആലാസ്സുകയറു്' എന്നെല്ലാം 'കനത്തവാക്കുകൾ'മാത്രം ഉച്ചരിച്ചു്, ഭക്ഷണത്തിന്നുവെച്ചുകൊടുത്ത ചക്കപ്പഴവും മാമ്പഴവും വേണ്ടെന്നുപറഞ്ഞു് ഞെളിഞ്ഞിളിഞ്ഞു രാത്രിയായപ്പോൾ വിശപ്പടക്കാൻവയ്യാതെ പതുക്കെ തൊഴുത്തുംപുറത്തേയ്ക്കു 'നീങ്ങി' പശുക്കളോടു മല്ലടിച്ചു 'പുല്ലുകൂട്ടിലെ' ചവണിയും മടലും കരസ്ഥപ്പെടുത്തിയ പണ്ടത്തെ പണിക്കരുടെ ആലോചനാമൃതമായ അവസ്ഥ അന്തസ്സോടുകൂടി അംഗീകരിച്ചിട്ടുള്ളവരെ ആളുകൾ അന്യോന്യം കണ്ടു് ഇന്നും ആഹ്ലാദിക്കുന്നുണ്ടു്.

ലോകം മുഴുവൻ 'മായ'യാണെന്നു നമ്മുടെ പ്രപൂർവ്വികർ പറഞ്ഞിട്ടുള്ളതു നമ്മെ കരയിപ്പിക്കുവാനാണെന്നാണു ചിലരുടെ ഭാവം. യഥാർത്ഥം നേരേമറിച്ചാണു്. ഇല്ലാത്തതിനെ ഉള്ളപോലെ കണ്ടു് ലോകം അതിൽ പരിഭ്രമിക്കുമ്പോൾ, ഉള്ളതിനെ അറിയുന്നവർ ഉള്ളഴിഞ്ഞു ചിരിക്കും; തീർച്ചതന്നെ. പണ്ടു ദുര്യോധനവധം കഥകളി കണ്ടുകൊണ്ടിരുന്ന ഒരു മുഹമ്മദീയപ്രഭുവിന്നു ശ്രീകൃഷ്ണനെ സുയോധനപ്രഭൃതികൾ പിടിച്ചുകെട്ടുവാൻ

തുടങ്ങിയപ്പോൾ കോപം സഹിക്കവെയ്യാതായി എന്നും "ഒരു വീടും കൂടി ചോദിച്ചിട്ടു കൊടുക്കാത്ത ഓനാണു് അറാംപറപ്പു്" എന്നു ജല്പിച്ചുംകൊണ്ടു രംഗത്തിലേയ്ക്കു ചാടിക്കയറി; ദുര്യോധനവേഷക്കാരൻെറ പെരടിക്കു 'രണ്ടുകുമച്ചു' എന്നും ഒരു കഥയുണ്ടു്. ആ കാണുന്നതു് 'ഒരു കളിയാണു്' അശേഷം 'കാര്യ'മല്ലെന്നു് അറിയാൻ സാധിച്ചിരുന്നുവെങ്കിൽ അയാളും മററുള്ളവരെപ്പോലെ ആ ലീലാരസത്തിൽ മഗ്നനായി മനസ്സറച്ചു ചിരിക്കുമായിരുന്നു. അതുപോലെതന്നെയാണു പ്രപഞ്ചാവസ്ഥയും. കാണുന്നതു മുഴുവനും കളിയാണു്; കാര്യമല്ല. അതിലൊക്കെ രസവും വിനോദവും അല്ലാതെ ഒന്നുമില്ല. കണ്ണുനിറയ്ക്കുവാനും മനസ്സുരുക്കുവാനും കണ്ണുരുട്ടുവാനും കയ്യോങ്ങുവാനും ഒന്നും ആവശ്യമില്ല. ചിരിക്കുക! ചിരിക്കുക! കളികണ്ടു രസിക്കുക! ആനന്ദിക്കുക! ഇതേ നാം വേണ്ടതുള്ളു. അതാണു നമ്മുടെ കത്തവ്യം. അതുകൊണ്ടാണു പ്രപഞ്ചം മായയാണെന്നു പറയുന്നതു്. അയഥാത്ഥത്തിനെക്കുറിച്ചു യഥാത്ഥബോധം ഉണ്ടാകുമ്പോഴാണു കരച്ചിലും പിഴിച്ചലും വന്നുചേരുന്നതു്. വെടിക്കെട്ടു കത്തുന്നതു കാണുമ്പോൾ നാമാരും കരയാറില്ല. കഷ്ടമേ! ആ അവുട്ടു കത്തിപ്പോയല്ലോ, ആ ചീനവെടി പൊട്ടിപ്പോയല്ലോ എന്നൊന്നും ആരും ആവലാതിപ്പെടാറില്ല. അതെല്ലാം വെടിക്കെട്ടിൻെറ ധമ്മമാണെന്നറിയുന്നതുകൊണ്ടു നാമെല്ലാം അതിൽ രസിക്കുകയേ ചെയ്യുന്നുള്ളു. നാം കാണുന്നതെല്ലാം സംഭവ്യങ്ങളും സംഭവിക്കേണ്ടവയും ആണെന്നറിഞ്ഞാൽ ആക്കും ആനന്ദത്തിനല്ലാതെ അവസരമില്ല. ഈ ജ്ഞാനം, ഈ തത്വബോധം ആകുന്നു ചിരിയുടെ അടിസ്ഥാനം. അതുണ്ടാകുന്നതിന്നു് അതുള്ളവരുടെ സാഹ

ചയ്യും തന്നെവേണം. അതിന്നു വിദ്യുജ്ജിഹ്വനെപ്പോലുള്ള പരമരസികന്മാരോടുകൂടി സഹചരിക്കണം. അയാൾ നിങ്ങളെയെല്ലാം ധൎമ്മമായി ചികിത്സിച്ചു ചിരിക്കുന്നവരാക്കും. 'പുത്തനും കാശും' വിദ്യുജ്ജിഹ്വൻ ആവശ്യപ്പെടുന്നില്ല. അയാൾക്കു് അതിൽ വിശ്വാസവും ഇല്ല. ലക്ഷം പവൻ സമ്പാദിച്ചിട്ടും ലക്ഷണംപോലെ ഒന്നു ചിരിക്കാൻ സാധിക്കാതെ വെറും മൃഗങ്ങളെപ്പോലെ ചത്തു മണ്ണടിഞ്ഞിട്ടുള്ള മണ്ടന്മാർ എത്രയുണ്ടു്. ഒരു കാശിനു ഗതിയില്ലെങ്കിലും എപ്പോഴും ചിരിച്ചുകഴിക്കുന്നവർ എത്രയുണ്ടു്! 'ചിരി' കാശുകൊടുത്താൽ കിട്ടുന്ന ഒരു അങ്ങാടിസ്സാമാനമല്ല. നിങ്ങൾ കേട്ടിട്ടില്ലേ, ഗ്രാമഫോണിലെ സായ്പു് 'ഹാ ഹാ' എന്നു് അത്യുച്ചത്തിൽ ചിരിക്കുന്നതു്. അതു കേൾക്കുവാൻ എത്രവളരെ പണം ചിലവിടുന്നു. എന്നിട്ടും കേൾക്കാനല്ലാതെ ചിരിക്കാൻ തരപ്പെടുന്നില്ലല്ലോ. അതുകൊണ്ടു് അറിഞ്ഞുകൂടേ, ചിരി വിലയുള്ളതും സമ്പാദിപ്പാൻ പ്രയസമുള്ളതുമായ ഒരു വലിയ സ്വത്താണെന്നു്.

ചിരിക്കാൻ പഠിക്കണം. അതു പഠിക്കേണ്ടുന്ന ഒരു വിഷയവുമാണു്. ചില അരസികന്മാർ ഫലിതം കേൾക്കുമ്പോൾ 'വെട്ടുപോത്തിനെപ്പോലെ' തലയുയൎത്തി ചെവി വട്ടംപിടിക്കുന്നതു കാണാം. അതു് അവരുടെ കുററമല്ല. അവരെ സൃഷ്ടിച്ച 'കൂട്ടിന്റെ' വ്യത്യാസമാണു്. മററു ചിലൎക്കു് അന്യന്മാരെ സംബന്ധിക്കുന്ന പരിഹാസങ്ങളിൽ ബഹുരസമാണു്. എന്നാൽ അതു് അല്പമെങ്കിലും അവരവരെത്തന്നെ സ്പൎശിക്കുന്നതായാൽ അവർ തേളുകുത്തിയപോലെ കിടന്നുപിടയുന്നതായിരിക്കും. ചിലരുടെ മണ്ടകളിൽ രസികത്വം കുത്തിക്കയററിയാലും കേറുകയില്ല. മുമ്പൊരിക്കൽ ഞാനും എന്റെ

സ്നേഹിതനുംകൂടി ഒരു ദിക്സഞ്ചാരത്തിന്നു പോയി. വഴിമദ്ധ്യത്തിൽ ഒരു ദിക്കിൽ ഒരു 'വഴിക്കാട്ടിബോർഡു' കണ്ടു. അതിന്മേൽ 'ആലിന്മൂട്ടിലേയ്ക്കു് ആറുനാഴിക' എന്നു് എഴുതിയിട്ടുണ്ടായിരുന്നു. അതു കൂടാതെ ആ പലകയുടെ ചുവട്ടിലായിട്ടു വേറെ ഒരു സ്ഥിരം നോട്ടീസ്സുകൂടി ഉള്ളതായി കാണപ്പെട്ടു. അതിപ്രകാരമായിരുന്നു: "ബോർഡിലുള്ളതു വായിക്കാനറിയാത്തവരുണ്ടെങ്കിൽ അടുത്ത വീട്ടിൽ ചെന്നാൽ അവിടെയുള്ളവർ വിവരം പറഞ്ഞുകൊടുക്കുന്നതാണു്." ഞാൻ ഇതു കണ്ടമാത്രയിൽ പൊട്ടിച്ചിരിച്ചു. ചിരിച്ചു ചിരിച്ചു ചിരി അടക്കാൻവയ്യാതായി. എന്തായിട്ടും ചിരി അവസാനിക്കുന്നില്ല. എന്റെ സ്നേഹിതനാവട്ടെ, ഞാൻ ചിരിക്കുന്നതുംകണ്ടു് മിഴിച്ചുകൊണ്ടു നിന്നതേയുള്ളു. അയാൾക്കും എന്റെ ഒപ്പം ചിരിച്ചാൽക്കൊള്ളാമെന്നുണ്ടായിരുന്നു. കൂടിച്ചിരിക്കാത്തതുകൊണ്ടു ഞാൻ പരിഭവിച്ചാലോ എന്നു് അയാൾ ഭയപ്പെട്ടു. പക്ഷേ, എന്തായിട്ടും എന്തിനാണു ചിരിക്കുന്നതു് എന്നോ, എന്താണു ചിരിക്കാൻമാത്രം ഒന്നുണ്ടായതെന്നോ ഒന്നും അയാൾക്കു് അശേഷംപോലും മനസ്സിലായില്ല. അയാൾ തല ചൊറിയുകയും മൂക്കുചീററുകയും മററും ചെയ്തു; ഒരു ഫലവുമുണ്ടായില്ല. കുറെ കഴിഞ്ഞപ്പോൾ "എന്താ ചിരിക്കുന്നതു്?" എന്നു ഗത്യന്തരമില്ലാതെ അയാൾ എന്നോടുതന്നെ ചോദിച്ചു. "ഒന്നുമില്ല. ആ പരസ്യം കണ്ടിട്ടു ചിരിച്ചതാണു്" എന്നു ഞാൻ സമാധാനം പറഞ്ഞു. അപ്പോൾ അയാൾക്കു സംശയം അധികമായി. "ആ പരസ്യത്തിലെന്താ ചിരിക്കാനുള്ളതു്" എന്നു് അയാൾ വീണ്ടും ചോദിച്ചു. "വിശേഷിച്ചു ഒന്നും ഉണ്ടായിട്ടല്ല; ചിരി വന്നപ്പോൾ ചിരിച്ചു എന്നു മാത്രം." എന്നു ഞാനും സമാധാനം പറഞ്ഞു.

ഞങ്ങറം രണ്ടുപേരും യാത്ര തുടന്ന. എൻെറ ചിരിയുടെ കാരണത്തെക്കുറിച്ചു മാത്രമായിരുന്നു സ്നേഹിതൻെറ ആലോചന മുഴുവനും. അതു താൻതന്നെ കണ്ടുപിടിക്കുമെന്നു് ആ ബുദ്ധിമാൻ തീർച്ചപ്പെടുത്തിയിരുന്നു. വഴിക്കൊന്നും ഒരക്ഷരംപോലും 'മൂപ്പർ' മിണ്ടിയില്ല. തീരെ ആലോചനാമഗ്നനായി വഴി നടന്നു. രാത്രിയായപ്പോറം ഞങ്ങറം ഒരു ഹോട്ടലിൽ ചെന്നു ഭക്ഷണം കഴിച്ചു് ഉറങ്ങാൻ കിടന്നു. വഴിയാത്രയിലെ ക്ലേശംകൊണ്ടു ഞാൻ പെട്ടെന്നു് ഉറങ്ങിപ്പോയി. എൻെറ സ്നേഹിതൻെറ തലച്ചോറു മുഴുവനും ഞാൻ പരസ്യം കണ്ടു ചിരിച്ചതിന്നുള്ള കാരണത്തെക്കുറിച്ചുള്ള അന്വേഷണംകൊണ്ടു ചൂടുപിടിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിന്നു് അശേഷം ഉറക്കം വന്നില്ല. ഏതാണ്ടു പാതിരയായപ്പോറം മൂപ്പർ പെട്ടെന്നു് എണീററിരുന്നു് വിളക്കു കത്തിച്ചു "ഹാ! ഹാ! എനിക്കു മനസ്സിലായി" എന്നു പറഞ്ഞുകൊണ്ടു് അത്യുച്ചത്തിൽ തന്നെത്താൻ ചിരിക്കുവാൻ തുടങ്ങി. ചിരികേട്ടു് ഞെട്ടിയുണൎന്ന ഞാൻ "എന്താ കഥ?" എന്നു ചോദിച്ചപ്പോറം നിങ്ങറം പരസ്യംകണ്ടു ചിരിച്ചതിന്നുള്ള കാരണം എനിക്കിപ്പോറം മനസ്സിലായി എന്നു പറഞ്ഞു—വീണ്ടും ചിരിച്ചു. ഞാൻ ചിരിച്ചേടത്തോളംതന്നെ ചിരിക്കേണമെന്നു് അയാളും തീർച്ചപ്പെടുത്തിയിട്ടുണ്ടായിരുന്നു. "എന്താ കാരണം—കേറക്കട്ടെ" എന്നു ഞാൻ ചോദിച്ചപ്പോറം ആ മഹാനുഭാവൻ ഇപ്രകാരം പറഞ്ഞു: "ആ പരസ്യംകണ്ടു് അടുത്ത വീട്ടിൽ ചെല്ലുമ്പോറം അവിടെ ആരും ഉണ്ടായിരുന്നില്ലെങ്കിലോ—" ചങ്ങാതി വീണ്ടും ചിരിക്കാൻ തുടങ്ങി. ഇത്തവണ ഞാനും കൂട്ടത്തിൽ കൂടി. പക്ഷേ, ഞാൻ അപ്പോറം ചിരിച്ചതു കൂട്ടുകാരൻെറ വിഡ്ഢിത്വം ഓൎത്തി

ട്ടാണെന്നമാത്രം ആ ഗംഭീരാശയൻ അറിഞ്ഞില്ല. ഇങ്ങ നെയിരിക്കുന്ന ഓരോരുത്തരുടെ ബുദ്ധിയുടെ രസികത്വവും വേഗതയും.

ഈ 'നമ്മബുദ്ധി' (Sense of humour) യുടെ മമ്മമെന്താണെന്നു് ആലോചിക്കുക. അഥവാ വിദൃജ്ജിഹ്വന്റെ രഹസ്യം എന്താണെന്നു് ഓൎത്തുനോക്കുക. "കരയാനും ചിരിക്കാനും മനുഷ്യന്നു മാത്രമേ അറിവുള്ളൂ" എന്നു് ഹാസ്സ്ലിററ് (Hazlitt) എന്ന ആംഗ്ലേയപണ്ഡിതർ പറഞ്ഞുകാണുന്നുണ്ടു്. കാരണം, സംഗതികളുടെ യാഥാൎത്ഥ്യത്തേയും ശരിയായി ഇരിക്കേണ്ട രീതിയേയും തമ്മിൽ താരതമ്യപ്പെടുത്തുന്നതിന്നു (to compare and contrast the real and the ideal) മനുഷ്യന്നു മാത്രമേ ശക്തിയുള്ളൂ. ഇന്നിന്നവിധം വേണ്ടതാണെന്നുള്ള ബോധവും ഇന്നിന്നവിധത്തിലാണു് വാസ്തവത്തിൽ ഇപ്പോൾ ഇരിക്കുന്നതു് എന്നുള്ള ജ്ഞാനവും കൂടുമ്പോൾ, ആ രണ്ടു സ്ഥിതികളുടേയും പരസ്പരവ്യത്യാസത്തെക്കുറിച്ചുള്ള ആ താരതമ്യബുദ്ധി ഉണ്ടായിത്തീരും. അതാണു നമ്മബുദ്ധിയുടെ അടിസ്ഥാനം. നാം ഉദ്ദേശിക്കുന്ന വിധത്തിലല്ലാതെ വല്ല സംഗതിയോ സംഭവമോ ഉണ്ടായാൽ നമ്മുടെ 'നില തെററുന്നു.' അപ്രകാരമുള്ള സന്ദർഭവും സംഭവവും നമ്മുടെ പരിഹാസബുദ്ധിയെ ഉദ്ദീപിപ്പിക്കുന്നു. നാം ആശിച്ചവിധത്തിലല്ല ഉണ്ടായതു് എന്നുള്ള ഏക സംഗതികൊണ്ടുതന്നെ ആ കാൎയ്യം നമുക്കു നേരമ്പോക്കിന്നു വിഷയമായിത്തീരുന്നു. ഒരു ഉദാഹരണം പറയാം. ഒരു വേലക്കാരൻ വലിയ ഒരമ്മിയിൽ നാളികേരം അരയ്ക്കുന്നു. അരച്ചരച്ചു നാളികേരമെല്ലാം അമ്മിയുടെ മറേറ അററത്തായി. ഇനി എന്തുവേണമെന്നു് ആലോചിച്ചു് ആ അരവുകാരൻ ഉടനെ വളരെ പണി

പ്പെട്ടു് അമ്മിയുടെ തല തിരിച്ചിടുന്നു! അതുപോലെയുള്ള ഘട്ടത്തിൽ അന്യനൊരുത്തൻ അമ്മിയുടെ മറുതലയ്ക്കലേയ്ക്കു് ഇരിപ്പടംമാററി അരവു തുടങ്ങുന്നു. രണ്ടവസരത്തിലും നാം ചിരിക്കുന്നു. കാരണം, അരവുകാരൻ അങ്ങനെ ചെയ്യുമെന്നല്ല നാം ഉദ്ദേശിച്ചിരുന്നതു്.

മുൻപറഞ്ഞ അരവുകാരൻ വളരെ ബുദ്ധിമുട്ടു് അനുഭവിക്കേണ്ടിവന്നു. അങ്ങനെയുള്ള അവസരത്തിൽ ചിരിക്കുന്നതു സാഹസമല്ലേ, സഹോദരസ്നേഹമില്ലാഞ്ഞിട്ടല്ലേ, എന്നു സംശയിക്കാം, ആ സങ്കടാനുഭവങ്ങളിൽ വിഡ്ഢിത്വവും വിചാരഹീനതയും കൂടികലൎന്നിട്ടുള്ളതുകൊണ്ടു്, പഞ്ചസാരയിൽ പൊതിഞ്ഞു് 'ചെന്നിനായകഗുളിക'പോലെ സേവിക്കുന്നവൎക്കു മധുരമുള്ളതായിത്തീരുന്നു. എന്നാൽ ആ ഗുളികകളെ ഒന്നു കടിച്ചുടക്കുന്നതായാൽ അപ്പോൾ അതിന്റെ കയ്പു പുറത്തുവരുന്നതായിരിക്കും. അതുപോലെതന്നെ മേല്പറഞ്ഞവരുടെ കാൎയ്യത്തിലും നമുക്കു തല്ക്കാലം തോന്നുന്ന നേരമ്പോക്കും ചിരിയും, അവരുടെ ബുദ്ധിശൂന്യതയേയും കഷ്ടാവസ്ഥയേയുംകുറിച്ചു നാം ഗാഢമായി ആലോചിക്കുമ്പോൾ, ഒരുവേള വ്യസനവും കരച്ചിലുംതന്നെ ആയിപ്പരിണമിക്കുമായിരിക്കാം. ആ കാൎയ്യം വേറെ. അതു വിദ്യുജ്ജിഹ്വന്റെ ഡിപ്പാർട്ടുമെണ്ടേ അല്ല.

'നൎമ്മബുദ്ധി' എന്നൊരു സമ്പാദ്യം മനുഷ്യൎക്കു് ഉണ്ടായിരുന്നെങ്കിൽ ഈ ലോകത്തിന്റെ ഇന്നത്തെ സ്ഥിതി എന്തായിരുന്നേനെ എന്നു് ഊഹിക്കുവാൻകൂടി പ്രയാസമാകുന്നു. ചുരുക്കത്തിൽ വിദ്യുജ്ജിഹ്വനും കൂട്ടുകാരും ഇല്ലാത്ത ലോകം അശേഷം സുഖപ്രദമായിരിക്കുന്നതല്ലതന്നെ. എന്തായിട്ടും, നാം നമ്മുടെ പ്രവൃത്തികളേയും അനുഭവങ്ങളേയും പറ്റി വേണ്ടതിൽ അധികം കാൎയ്യ

മായി കരുതുന്നുണ്ടെന്നു നിർവ്വിവാദമാണ്. അതിന്നിട യ്ക്കു ചിരിക്കുന്നതു മനുഷ്യസഹജമായ ഒരു സ്വഭാവമാ ണെന്നുള്ള സംഗതികൂടി, നാം മറന്നുപോകുന്നു. വിദ്യു ജ്ജിഹ്വന്റെ വിളയാട്ടം, വിദ്വാന്മാർ അഭിനന്ദിക്കുന്ന വിനോദം, ചിലക്കു ദുസ്സഹമായിത്തീരുന്നു. തന്നിമിത്തം കാര്യഗൗരവം നമുക്കു വലിയ ഭാരമായിത്തീരുന്നു. ആ ഭാരത്തിന്റെ ലഘൂകരണത്തിന്നു 'നമ്മബുദ്ധി'യുടെ ശരി യായ വ്യാപാരം കൂടാതെ കഴിയുന്നതല്ല. എന്നല്ല അതി ന്ന് ഇത്ര കൈകണ്ട മരുന്നും വേറെ ഇല്ല. നമ്മബുദ്ധി യില്ലാത്തവൻ, അരസികൻ, ചിരിക്കാനറിയാത്തവൻ, വിദ്യുജ്ജിഹ്വനെ ബഹുമാനിക്കാത്തവൻ, മനുഷ്യനാ ണോ എന്നുതന്നെ സംശയിക്കണം. അവന്നു മനുഷ്യസ്വ രൂപമുണ്ടെങ്കിലും മാനുഷികഗുണങ്ങളില്ലെന്നു തീർച്ച യാണ്. അവൻ സ്വാതന്ത്ര്യവും, സ്നേഹസൗഹാർദ്ദങ്ങൾക്കു വഴിപ്പെടാത്തവനും ആയിത്തീരുന്നു. അതിനാൽ ചിരി ക്കുവാൻ പഠിക്കുവിൻ. നമ്മബുദ്ധിയെ വളർത്തുവിൻ, വി ദ്യുജ്ജിഹ്വനെപ്പോലെയാകുവിൻ. മഹാത്മാഗാന്ധികൂടി ഒരിക്കൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "എന്നിൽ നമ്മ ബുദ്ധി പ്രവൃദ്ധമായിരുന്നില്ലെങ്കിൽ ഞാൻ എത്രയോ മുമ്പ് ആത്മഹത്യചെയ്യുമായിരുന്നു." ചിരിക്കാൻ മറ ന്നാൽ മരിക്കാൻമടിക്കുമെന്നു വിദ്യുജ്ജിഹ്വൻ പറഞ്ഞ തിനെപ്പററി പരിചിന്തനം ചെയ്യുവിൻ.

## "വെള്ളപ്പൊക്കം, കൊള്ളാംതക്കം"

വിദ്യുജ്ജിഹ്വന്റെ വിളയാട്ടങ്ങൾ കക്കിടകമാസത്തിലെ വെള്ളത്തിൽ ഒലിച്ചുപോയിരിക്കുമെന്നു സമാധാനപ്പെട്ടിരുന്ന വങ്കശിരോമണികളേ!—അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ അവർ മാത്രം—നിങ്ങളുടെ ശനിപ്പിഴ അത്ര എളുപ്പത്തിലൊന്നും നീങ്ങുന്ന ഒന്നല്ല. വിദ്യുജ്ജിഹ്വൻ ഇതാ വീണ്ടും പുറപ്പെട്ടിരിക്കുന്നു. മഴയും മലവെള്ളവും ഒന്നും വിദ്യുജ്ജിഹ്വനെ സ്പർശിക്കുന്നതല്ല. പ്രളയാബ്ധിയുടെ മദ്ധ്യത്തിൽപ്പോലും പൊന്തിക്കിടക്കത്തക്ക അനശ്വരതം സമ്പാദിച്ചിട്ടുള്ള വിശേഷാത്തരങ്ങളായ വിളയാട്ടങ്ങളാണു വിദ്യുജ്ജിഹ്വന്റെ കയ്യിലുള്ളവ. ആത്മത്രാണനാർത്ഥം അലഞ്ഞുനടക്കേണ്ടിവന്നതുകൊണ്ടും വെള്ളപ്പൊക്കത്തിന്നിടയ്ക്കു പൊന്നുതമ്പുരാൻ 'തീപ്പെട്ടതു'കൊണ്ടും കക്കിടകം പതിവിലും കുറേ ദുർഘടത്തിലാകയാൽ എന്നെ പുറത്തു കണ്ടില്ലെന്നുമാത്രം. വിദ്യുജ്ജിഹ്വൻ എന്നു കേട്ടാൽ കിടുകിടുക്കുന്ന ചില സ്ഥാനികളും മാനികളും നേൎന്നുവന്നിരുന്ന വഴിവാടിന്റെ ഫലമായിട്ടൊന്നുമല്ലാ എന്നെ പുറത്തു കാണാത്തതു്. കാണാതിരുന്നപ്പോൾ 'യുക്തി പററി' എന്നു തെററിദ്ധരിച്ചു വഴിപാടുകൾ പൂൎത്തിപ്പെടുത്തുകയും പൂൎവ്വാധികം നേരുകയും ചെയ്തിട്ടുള്ളവരുടെ കള്ളി വെളിച്ചത്താകയും പെട്ട തകരുകയും ചെയ്തിരിക്കുന്നു. ഇനി പറഞ്ഞിട്ടു ഫലമില്ല. വിളയാട്ടങ്ങൾ അവസാനിച്ചിട്ടില്ല. അത്ര എളുപ്പത്തിലൊന്നും അവസാനിക്കുന്നതുമല്ല. വെള്ളപ്പൊക്കം നല്ല തക്കമായിരുന്നു. എനിക്കുമാത്രമല്ല പലക്കും വെള്ളത്തിൽക്കൂടി ഒലിച്ചുപോകുന്ന സാധനങ്ങൾ

കൈവശപ്പെടുത്തിയ വക ഒരു ലാഭം; വീടു വീണു, കൃഷിപോയി, പശു ചത്തു എന്നും മററും പറഞ്ഞു നിസ്സഹായത്വം നടിച്ചു് ഉദാരന്മാരായ സമ്പന്നന്മാരേ,—ആ വകക്കാരുണ്ടെങ്കിൽ അവരെ—പറഞ്ഞു പറ്റിച്ചു സഹായം സമ്പാദിച്ചവക ഒരു ലാഭം, രാജ്യത്തു നേരിട്ട അത്യാപത്തിൽ അഗതികളെ സഹായിക്കാൻ താൻതന്നെ ഒരുങ്ങിപ്പുറപ്പെട്ടു പിരിച്ച വരിസംഖ്യകൾകൊണ്ടുള്ള ഒരു ലാഭം, സക്കാരിൽനിന്നു തല്ക്കാലത്തേയ്ക്കു ചുരുങ്ങിയ വിലയ്ക്കു വില്പാൻ ഏല്പിക്കപ്പെട്ട അരിച്ചാക്കിലെ 'ചാക്കു്' നാട്ടുകാൎക്കും, അരി എനിക്കും വീതിപ്പാൻ സാധിച്ചതുകൊണ്ടുള്ള ഒരു ലാഭം, "പറച്ചിലിനു കൃശികയിച്ചിലിനു മോശണം" എന്നു പണ്ടൊരു ജോനോൻ പറഞ്ഞ തരത്തിലുള്ള നിത്യത്തൊഴിലിന്നു ലഭിച്ച സൗകൎയ്യംകൊണ്ടുണ്ടായ അവിചാരിതമായ ലാഭം, ഇങ്ങനെയെല്ലാംകൂടി നോക്കിയാൽ "വെള്ളപ്പൊക്കം കൊള്ളാം തക്കം" എന്നുതന്നെവേണം പറയുവാൻ.

മരത്തേക്കോടത്തു മാധവമന്നാടിയാർ മഹാപ്രമാണിയായതു് ഈ മലവെള്ളത്തിലാണു്. അദ്ദേഹത്തിന്നു മുപ്പതിനായിരം ഉറുപ്പിക നികുതിജമയും മൂന്നരലക്ഷം ഉറുപ്പിക വെറുംകടവും, മൂവായിരം പറ നെല്ലു മിച്ചവാരവും ആയിരുന്നു. കാണം പുറംകടത്തിൻെറ അത്യധികംകൊണ്ടു പുറപ്പാടു നന്നേ കുറവു്. പട്ടയം തൻെറ പേരിലും വഹകൾ കുടിയാന്മാരുടെ കൈവശത്തിലും ആകയാൽ നികുതിക്കുള്ള ജപ്തിയും വില്പനയും ദിനംപ്രതി എന്നപോലെ കടക്കാരുടെ തട്ടിപ്പും കാൎയ്യസ്ഥന്മാരുടെ തിട്ടിപ്പുംകൂടി ബഹു കഷ്ടപ്പാടു്. ഇങ്ങനെ കിടന്നു 'ചക്രശ്വാസം' വലിക്കുമ്പോഴാണു വെള്ളപ്പൊക്കമുണ്ടായതു്. കാര്യസ്ഥൻ ചാമിപ്പട്ടരുടെ ബുദ്ധി വെള്ളത്തി

ന്നൊപ്പം പൊന്തിവന്നു. അദ്ദേഹം കടലാസ്സുകളിലേയ്ക്കു് എല്ലാം ഒരു പരസ്യം അയച്ചു. "മുപ്പതിനായിരം ഉറുപ്പിക സക്കാർ നികുതി അടയ്ക്കുന്ന മരത്തേങ്കോടത്തു മന്നാടിയാർ പാട്ടംമുഴുവനും കുടികൾക്കു വിട്ടുകൊടുത്തിരിക്കുന്നു. അദ്ദേഹം നേരിട്ടുതന്നെ അഗതികളെ തേടിപ്പിടിച്ചുവരുന്നു." വിട്ടുകൊടുക്കാൻ ഒന്നും ഉണ്ടായിരുന്നില്ലെന്നും, 'മരത്തേങ്കോട'ൻെറ മാഹാത്മ്യം ഏട്ടിൽ കണ്ടതു മാത്രമേ ഉള്ളു എന്നും ധരിക്കാത്തവരെല്ലാം സംഭാവനസംഖ്യകൾ അയച്ചുകൊടുക്കുകയും സക്കാരിൽനിന്നുംകൂടി വലിയ ഒരു സംഖ്യ അനുവദിച്ചുകൊടുക്കുകയും ചെയ്തു. നടപടികൾ എല്ലാം ചാമിപ്പട്ടരുടെ പേരിലായിരുന്നു. കൊല്ലം പിറന്നു നോക്കിയപ്പോൾ ചാമിപ്പട്ടരെ കണ്ടില്ല. "പന്തീരായിരത്തിൽ പതിമൂവായിരം, അവനും കൊടുക്കടാ ഒരു പായ; കിടന്നോട്ടെ പടിക്കലു്" എന്ന സ്ഥിതിയിലിരുന്നിരുന്ന മന്നാടിയാരുടെ കടങ്ങൾ മിക്കവാറും തീൎന്നിരിക്കുന്നു, ചാമിക്കുട്ടിയുടെ കുടുംബസ്ഥിതി തൃപ്തികരമായിരിക്കുന്നു. മന്നാടിയാർ ഏതും ഒന്നും അറിഞ്ഞില്ലത്രെ. ഒരു കാര്യം സത്യമാണു്. അദ്ദേഹം ഒരു കടലാസ്സിലെങ്കിലും തൃക്കയ്യു വിളയാടീട്ടില്ല. കാര്യസ്ഥൻ പററിച്ചതിനു് അദ്ദേഹം എന്തു പിഴച്ചു.

ഈ സംഭവം കേട്ടു സന്തപിച്ചുകൊണ്ടിരിക്കുമ്പോഴാണു് അന്നദാതാവായ പൊന്നുതമ്പുരാൻെറ സ്വൎഗ്ഗാരോഹണവാൎത്ത കേട്ടതു്. വിദ്യുജ്ജിഹ്വന്നു് അതു കേട്ടപ്പോൾ ഒന്നാമതായി ഓൎമ്മവന്നതു് ശ്രീകൃഷ്ണഭഗവാൻ്റെ സ്വൎഗ്ഗാരോഹണഘട്ടമാണു്. "കലികാലം പിറന്നു, ഇനി ഞാൻ ഭൂലോകവാസം ചെയ്യുന്നതു ശരിയല്ല. ദ്വാരക ഇതാ വെള്ളംവന്നു മൂടിയിരിക്കുന്നു" എന്നു് അരുളിച്ചെയ്തുകൊണ്ടാണത്രെ ഭഗവാൻെറ സ്വൎഗ്ഗാരോഹണം.

മൂലകഷ്ടാപന്നം അങ്ങനെതന്നെ. "അധഃകൃതവർഗ്ഗങ്ങൾ വ യ്ക്കത്തമ്പലത്തിൽ കടന്നുതുടങ്ങി. ഇനി എന്റെ ആഗ്ര ഹംപോലെ മുഴുവൻ നടക്കുന്നതല്ല. ഞാൻ പോകുന്നതാ യിരിക്കും ഉത്തമം. മലയാളരാജ്യം മുഴുവനും ഇതാ വെ ള്ളംവന്നു മൂടിയിരിക്കുന്നു" എന്നു് അരുളിച്ചെയ്തുകൊ ണ്ടു്—അല്ലെങ്കിൽ അരുളിച്ചെയ്തുപോലെ ആക്കിക്കൊ ണ്ടു്—ദീർഘകാലത്തെ ഭരണനൈപുണ്യത്താൽ ജനസ മൂഹത്തിന്നു പൊന്നുതമ്പുരാനായിത്തീൎന്ന ആ ശ്രീപത്മ നാഭമർപദാസൻ—ആ ദ്വാരകാനാദൻ—പെട്ടെന്നു സ്വർഗ്ഗം പ്രാപിച്ചു. മലവെള്ളത്തിൽനിന്നു രക്ഷപ്പെട്ട ജനങ്ങൾ മാൽവെള്ളത്തിൽ വീണ്ടും മുങ്ങി. മലവെള്ളം വന്നുപോയി. മാൽവെള്ളം കിനിച്ചു കിനിച്ചു നില്ക്കുന്നു.

കാലം ഒന്നു മറിയാനാണു തുടങ്ങുന്നതു്. അതിന്റെ ലക്ഷണങ്ങൾ ധാരാളം കാണപ്പെടുന്നുണ്ടു്. തോരാത്ത മഴ, തീരാത്ത കാററു്, മാറാത്ത ദീനം, അതൊന്നും പോരെങ്കിൽ സത്യാഗ്രഹികളും ധർമ്മപ്രസ്ഥാനക്കാരും കൂടി ഒരു കടിപിടിയും. ധർമ്മപ്രസ്ഥാനക്കാരന്റെ അധ ർമ്മത്തെക്കുറിച്ചു സത്യാഗ്രഹികളുടെ അത്യാഗ്രഹത്തെ ക്കുറിച്ചു ധർമ്മപ്രസ്ഥാനക്കാരും പരസ്പരം തട്ടിമൂളിക്കുന്നു. എന്താ ഉള്ളതെന്നുവെച്ചാൽ എല്ലാവരും കാലെ കഴി ച്ചുകൊള്ളണം. രണ്ടു കൊല്ലം കഴിഞ്ഞാൽ പിന്നെ തക രാറുകൾക്കും തോന്നിയവാസങ്ങൾക്കും ഒന്നും സാധിക്കു ന്നതല്ല. അന്നുമുതല്ക്കു 'കനകയുഗവും സുവർണ്ണകാലവും' മററും ആരംഭിക്കുകയായി. 'മരണം നാളെയും ഭാഗ്യം മററന്നാളും' എന്നു വരുന്നവരുടെ കഥയാണു കഷ്ടം. ഭൂ മിയുടെ അച്ചുതണ്ടുകൂടി നിവൎന്നുനില്ക്കുവാൻ പോകുന്നു. ഭൂമിയുടെ പ്രദക്ഷിണമാർഗ്ഗം കുറെക്കൂടി നന്നാക്കുവാൻ

ഭാവമുണ്ട്. പുതിയ ഇഞ്ചിനീയർമാരുടെ കാലമാണല്ലോ. അച്ചുതണ്ടു നിവൎത്താനും വഴി നന്നാക്കാനും അറിയില്ലെന്നു വരുന്നതല്ല. ഇനിത്തൊട്ടു കൊല്ലത്തിനു മാസം പത്തു്. അപ്പോൾ മിഥുനവും കൎക്കടകവും കൂടാതെകഴിയും. എന്നാൽ അതിവൎഷവും ദുർഘടവും അതോടുകൂടി തീൎന്നു. ആഴ്ച്ചയ്ക്കു ദിവസം ആറാണത്രെ. എന്നാൽ ഞായറാഴ്ച മുടക്കംകൂടി ഇല്ലാതാകുമെന്നാണു ചിലരുടെ ഖേദം. 'നാളിരുപത്തേഴ്' എന്നു ചൊല്ലിപ്പഠിക്കാറുള്ള കുട്ടികളെല്ലാം മേലിൽ 'നാളിരുപത്തഞ്ചു്' എന്നു പഠിച്ചു തുടങ്ങും. 'രണ്ടുനാൾ' കുറയുമ്പോൾ പ്രേയസിയുടെ പുറന്നാളും മൂത്ത ചെക്കന്റെ ജന്മനക്ഷത്രവും അതിൽനിന്നു വിട്ടുപോകുന്നതുകൊണ്ടു രണ്ടു വലിയ സദ്യകളുടെ ചെലവു ലാഭമായി. വൎഷത്തിന്നു മാസം പത്താകുമ്പോൾ പ്രസവത്തിന്നു കാലം എട്ടു തിങ്കളാകുമല്ലോ എന്നു് ഓൎത്തു ചിലൎക്കു സമാധാനക്കേടില്ലായ്കയില്ല. ഭൂമി മുഴുവൻ നശിച്ചാലും 'ഞാനും ഭാൎയ്യയും' ശേഷിക്കാതിരിക്കയില്ലെന്നു ശഠിക്കുന്ന 'പ്രപഞ്ചസ്വാൎത്ഥികൾക്കു' വരാൻപോകുന്ന ഏകച്ഛത്രാധിപത്യം മനസ്സിന്നു വളരെ കുളൎമ കൊടുക്കുന്നുണ്ടു്. ഇംഗ്ലാണ്ടു് ഇന്ത്യയും ഇന്ത്യ ഇംഗ്ലാണ്ടുമാകുമെന്നു കരുതി പലരും 'പരക്കൻപാച്ചിൽ' ഇപ്പോൾത്തന്നെ തുടങ്ങിയിരിക്കുന്നു. "ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി" എന്നു ധരിക്കാത്ത ചിന്താശൂന്യന്മാരുടെ ആർഭാടനത്തിൽ അത്ഭുതപ്പെടുവാനില്ല. ഭൂമിയുടെ 'ചൊവ്വാപിഴ' ഏതു വിധവും ഉടനെ തീരുമെന്നുതന്നെയാണു് ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ഉറച്ച മതം. 'ചൊവ്വ'യിലേക്കു് എഴുത്തയപ്പാനും അവിടെ 'പ്രചാരപ്രവൃത്തി' നടത്താനും പാശ്ചാത്യന്മാർ ഉത്സാഹിച്ചുതുടങ്ങീട്ടുണ്ടു്. അത്രയുമായപ്പോ

ഴേയ്ക്കും തന്നെ പാലക്കാട്ടു പട്ടരും രണ്ടു നായർവേലക്കാരുംകൂടി അവിടെ ഒരു കാപ്പിക്ലബ്ബും ഹോട്ടലും സ്ഥാപിക്കുന്നതിന്ന് ഒരുങ്ങി പുറപ്പെട്ടിരിക്കുന്നു. അവർ അവിടെ എത്തിച്ചേർന്നു സ്ഥലംപിടിക്കുന്നതിന്നുമുമ്പു വേറെ ആർക്കും അവിടെ 'ചാടിവീഴാൻ' സാധിക്കുന്നതല്ല. സാധിച്ചാൽത്തന്നെ അതുകൊണ്ടു ഫലവുമില്ല. അന്തമാൻ തുരുത്തിലേയ്ക്കു നാടുകടത്തുവാനുള്ള മലയാളത്തിലെ കുററക്കാരെ 'ചൊവ്വ'യിലേയ്ക്കു് അയയ്ക്കേണ്ടതാണെന്നു മദിരാശിയിലെ ഒരു 'നിയമസഭാമെമ്പർ' ഉടനെ ഒരു പ്രമേയം നിയമനിർമ്മാണസഭയിൽ അവതരിപ്പിക്കുമെന്ന് ഒരു കിംവദന്തി പുറപ്പെട്ടിരിക്കുന്നു. ചൊവ്വയിൽ ഒരു ജന്മികുടിയാൻ ബില്ലു പാസ്സാക്കേണ്ടതിന്നു ബഹുമാന്യനായ ജി. ശങ്കരൻനായർ അവർകളെ ഉടനെ അങ്ങോട്ടയയ്ക്കേണ്ടതാണെന്നു നാലോണത്തുന്നാൾ ഒരു റസല്യൂഷൻ പാസ്സാക്കുന്നതിന്നു നാന്മുഖന്റെ നടയ്ക്കൽവെച്ചു നാറാത്തു നാരായണൻ നമ്പൂതിരിപ്പാട്ടിലെ നേതൃത്വത്തിൽ ജന്മിസഭയുടെ ഒരു നീണ്ട യോഗം നടത്തപ്പെടുന്നതാണെന്നും കേൾക്കുന്നുണ്ടു്. ഏതായാലും ന്യൂറാമാണ്ടു് 'ഒരു കളികളിക്കു'മെന്നു നിർവ്വിവാദമാണു്. വിദ്യുജ്ജിഹ്വന്നു് എല്ലാദിക്കിലും എത്തേണ്ടതുള്ളതുകൊണ്ടു വളരെ പണിത്തിരക്കുള്ള കാലമായിരിക്കും. പ്രത്യേകം റിപ്പോർട്ടർമാരെ നിശ്ചയിക്കാതെ സാധിക്കുമെന്നു തോന്നുന്നില്ല. എല്ലാദിക്കിൽനിന്നും റിപ്പോർട്ടർമാരെ ആവശ്യമുണ്ടു്. അഞ്ഞൂറു ക. വീതം 'ഡേമണി' കെട്ടണം. ശമ്പളം ഇഷ്ടമുള്ളതു്. അപേക്ഷകന്മാർ മണിഓർഡറോടുകൂടി ഉടൻ അപേക്ഷിക്കേണ്ടതാണെന്നു് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

കിട്ടാത്ത മുന്തിരിങ്ങ പുളിക്കുമെന്നു പുലമ്പിയ പഴയ 'കുറുക്കമ്മാമ'ന്റെ കൂട്ടുകാർ ഇന്നത്തെ പത്രാധിപ ലോകത്തിലുണ്ടെന്ന് ഇയ്യിടെ വിദ്യുജ്ജിഹ്വന്ന് അനുഭവമായിരിക്കുന്നു. ഇക്കാര്യത്തിൽ സന്തോഷിക്കയോ സന്താപിക്കയോ വേണ്ടതെന്നറിയുന്നില്ല. വിദ്യുജ്ജിഹ്വനോട് ഒരു ലേഖനം തരണമെന്നു വിടാതെ എരന്നുകൊണ്ടിരുന്ന ചില പത്രാധിപന്മാർ അവരുടെ അഭിലാഷം അസ്ഥാനത്തിലായെന്നറിഞ്ഞപ്പോൾ പ്രത്യക്ഷമായും പരോക്ഷമായും, ആംഗ്യമായും വ്യംഗ്യമായും ശകാരവർഷം തുടങ്ങിയിരിക്കുന്നു. അവരുടെ പ്രക്ഷോഭം കാലാനുസൃതം എന്നേ പറയുവാനുള്ളു. "ഇരുന്ന ഇരുപ്പിൽത്തന്നെ ഇരുന്ന് എത്രയെങ്കിലും, എന്തിനെപ്പററിയെങ്കിലും എങ്ങനെ വേണമെങ്കിലും എഴുതാവുന്ന ലേഖകന്മാരെ ഞങ്ങൾക്കാവശ്യമില്ലെ"ന്നാണ് ഒരു പത്രാധിപരുടെ പ്രസ്താവന. നിന്നും ഇരുന്നും കിടന്നും നടന്നും ഉരുണ്ടും പെരുണ്ടും ഏതാണ്ടോ ഒന്നിനെക്കുറിച്ചു കുറച്ചു മാത്രം എങ്ങനെയോ എഴുതി ഒപ്പിക്കുന്ന ലേഖകന്മാരെ മാത്രം മതിയായിരിക്കാം. "ഒന്നൊരു കുരുടൻ, മററതു ചെകിടൻ, നന്നായുരുമോ കുനിട്ടുകൊഴുത്താൽ," ഇന്ദ്രപ്രസ്ഥത്തിലെ ദുര്യോധനനെപ്പോലെ സ്ഥലജലഭ്രാന്തി പിടിപെട്ടവരായ ഒരു കൂട്ടക്കാർ മററുള്ളവരെപ്പററിയുള്ള വർണ്ണനകൾ തങ്ങളെക്കുറിച്ചാണെന്നു തെറ്റിദ്ധരിച്ചു 'മൊഞ്ഞികരുപ്പിക്കയും' തങ്ങളെത്തന്നെ സവിശേഷം സംബന്ധിക്കുന്ന പ്രസ്താവങ്ങൾ തങ്ങളുടെ ചില വിരോധികളെ ഉദ്ദേശിച്ചുള്ളവയാണെന്നു സമാധാനപ്പെട്ടു പുഞ്ചിരിക്കൊള്ളുകയും ചെയ്യുന്നതായി ചില വൃത്താന്തപത്രങ്ങളിലെ റിപ്പോർട്ടുകൾ സ്പഷ്ടമാക്കുന്നു. ആ റിപ്പോർട്ടുകളിൽ ചിലതു വായനക്കാർക്കു വഴിയെ വായി

പ്പാൻ വഴിയാകുന്നതാണ്. അതുകൊണ്ടു് ഇപ്പോൾ ആ ഭാഗം വളർത്തുന്നില്ല.

"തല്ലുകൊള്ളാൻ ചെണ്ട, പണം വാങ്ങാൻ മാരാര്" എന്നു പറഞ്ഞ തരത്തിൽ സൂക്ഷ്മദൃഷ്ടിയല്ലാത്ത ചില 'അഭിമാനക്കൂട്ടക്കാർ' വിദ്യുജ്ജിഹ്വന്റെ അവരുടെ ചില പൂർവ്വവൈരികളുടെ തലയ്ക്കു വെച്ചുകെട്ടിയിരിക്കുന്നു. ആ സാധുക്കൾ അതറിഞ്ഞു വയറും തലോടി 'പുകയത്തു പായുന്ന എലിയെപ്പോലെ'യായിരിക്കുന്നു. "അവൻ നോക്കിക്കോട്ടെ, അവന്റെ എടവാടിന്നു് ഞാൻ കേസ്സു ഫയലാക്കാതിരിക്കയില്ല. അവന്റെ തറവാട്ടു് ഞാൻ ഭാഗിപ്പിക്കാതിരിക്കയില്ല" എന്നെല്ലാം കേൾക്കുമ്പോൾ 'കുളിക്കാതെ ഈറൻ ചുമക്കുന്ന' നിരപരാധികൾ പരിഭ്രമിക്കാതിരിക്കുമോ? അവരിൽ ഒരുത്തൻ ഇയ്യിടെ അവന്റെ 'ഗൂഢഗതി'കൊണ്ടു വിദ്യുജ്ജിഹ്വനോടുതന്നെ നേരിട്ടു് ഈ വിളയാട്ടങ്ങളുടെ വിക്രമനായ കർത്താവു് ആരാണെന്നു ചോദിക്കയും അങ്ങനെ ഉള്ളഴിഞ്ഞു് അന്വേഷിക്കുന്നതിന്നുണ്ടായ കാരണം തുറന്നു പറയുകയും ചെയ്തു. വിദ്യുജ്ജിഹ്വൻ മുഖം കനപ്പിച്ചു് ഉള്ളുകൊണ്ടു ചിരിച്ചു ദിക്കുപരിചയമില്ലാത്ത യാത്രക്കാരന്നു വഴി പറഞ്ഞുകൊടുക്കുന്നതുപോലെ ഒരു മറുവടി കൊടുക്കുകയാണു് അപ്പോഴുണ്ടായതു്. അപരാധിയെ അറിഞ്ഞാൽ ആപത്തൊഴിക്കാമെന്നു് ആഗ്രഹിച്ച ആ മഹാനുഭാവൻ എത്ര അന്വേഷിച്ചിട്ടും ആളെ അറിയാതെ, "എനിക്കു് എന്റെ ബുദ്ധിമോശം കൊണ്ടു് അങ്ങനെ ഒരബദ്ധം പററിപ്പോയി. അതിന്നു മാപ്പുതരണം. ഇനി അങ്ങനെ വരില്ലാ" എന്നു് ആരാന്റെ കുററത്തെ താൻതന്നെ കൈയേററു് ആപത്തിൽ നിന്നു രക്ഷപ്പെട്ടു. കർക്കടകത്തിൽ വിളയാട്ടം വിളങ്ങി

ക്കാണാഞ്ഞപ്പോൾ ചെണ്ടയും മാരാരും സമാധാനപ്പെട്ടിരിക്കണം. ആവണിപ്പിറപ്പും ആവണങ്ങാട്ടിൽ ചാത്തന്റെ പുറപ്പാടുംപോലെ വിളയാട്ടത്തിന്റെ വീണ്ടുമുള്ള പ്രവേശത്തിൽ വന്നേക്കാവുന്ന വിപത്തുകൾ വിപുലങ്ങളും വിനോദകരങ്ങളും ആയിരിക്കും. ഏതായാലും വിദ്യുജ്ജിഹ്വനെ സംബന്ധിച്ചേടത്തോളം 'വെള്ളപ്പൊക്കം കൊള്ളാംതക്കം' എന്നതു് അവിതൎക്കിതമായിരിക്കുന്നു.

# സ്വർഗ്ഗത്തിൽ കട്ടുറുമ്പ്
# അഥവാ വർഗ്ഗത്തിൽപെട്ട കുറുമ്പ്

ആളുകൾ എന്തുതന്നെ പറഞ്ഞാലും, അസൂയാകുക്ഷികളായ അയൽവക്കക്കാരും, അജ്ഞാനികളായ അന്യദേശീയരും എന്തുതന്നെ അഭിപ്രായപ്പെട്ടാലും 'മിസ്റ്റർ മത്തത്തടത്തിൽ' വളരെ നല്ല ആളാണു്. 'കണ്ടാലും നന്നു് ചോറും ചെല്ലും' എന്നു പണ്ടൊരാൾ പറഞ്ഞതു മിസ്റ്റർ മത്തത്തടത്തിലെ കണ്ടിട്ടോ ഒരുവേള കാണാഞ്ഞിട്ടോ ആയിരിക്കണം. അരക്കന്മാരിൽ അഗ്രഗണ്യനും സ്വകുടുംബത്തിലെ ഒടുവിലത്തെ അംഗവും ആയിത്തീൎന്ന, തന്റെ അമ്മയുടെ ഭർത്താവു മഞ്ഞളിക്കാട്ടു് ഇമ്പിച്ചുണ്ണി മൂത്തനായരുടെ സ്വത്തു മുഴുവനും ഇംഗ്ലണ്ടിലും അമേരിക്കയിലുമായി ചെലവിടാൻ മിസ്റ്റർ മത്തത്തടത്തിലേയ്ക്കു സാധിച്ചതു തന്റെ തള്ളയ്ക്കു വേറെ പിള്ളയില്ലാതിരുന്നതുകൊണ്ടുതന്നെയാണു്. എന്തെങ്കിലുമാകട്ടെ, കുറ കപ്പലിൽ കയറിപ്പോയപോലെ, നമ്മുടെ ചങ്ങാതി ശീമയ്ക്കും അമേരിക്കയ്ക്കും പോയി. അവിടെ കുറച്ചധികം താമസിക്കുകയും നല്ലോരു പേരു—മാധവമേനോൻ—മാററി വീട്ടുപേരു പേരാക്കി 'മത്തത്തടത്തിൽ' ചെന്നു പറവുകയും ചെയ്തു. അമേരിക്കയിലേയും 'ശീമ'യിലേയും വിശ്രുതകളായ വളരെ നാടകക്കാരത്തികളുടെ സ്വഹസ്താക്ഷരത്തിലുള്ള അനേകം സർട്ടിഫിക്കററുകളും, പല സംഘങ്ങളിലേയും മെമ്പർസ്ഥാനവും—എന്നുവേണ്ട പണക്കാരനായ ഒരു ചെറുപ്പക്കാരൻ ധൂർത്തന്നു പാശ്ചാത്യരാജ്യങ്ങളിൽ സുലഭങ്ങളായ

സകലതും സമ്പാദിച്ചു മടങ്ങിവന്നു 'തെക്കുവടക്കു വട ക്കുകിഴക്കുപടിഞ്ഞാറു്' അന്തസ്സടിച്ചു നടന്നിരുന്ന 'മത്ത ത്തടത്തിൽ' മത്തിന്റെ മൂദ്ധന്യത്തിൽ ഒരുദിവസം കിട ന്നുറങ്ങിയതിന്നുശേഷം വിളിച്ചിട്ടു മിണ്ടീട്ടില്ല. മോഹി നിയാട്ടങ്ങൾ, നാടകങ്ങൾ, സക്കാർവകയായി പൊതു ജനങ്ങളിൽനിന്നു വരിസംഖ്യ പിരിക്കുന്ന ഏപ്പാടുകൾ എന്നീ വിഷയങ്ങളിലെല്ലാം അത്യുത്സാഹിയായിരുന്ന മത്തത്തടത്തിന്റെ പേർ പല സംഭാവനസംഖ്യപട്ടിക കളിലും ഒന്നാമതായി കണ്ടിട്ടുള്ളതുകൊണ്ടു മത്തത്തടം മരിച്ചപ്പോൾ യമദൂതാക്കളും ശിവദൂതാക്കളും മററും കൂടി ഒരു ഘോരസമരം നടക്കുകയും ഒടുവിൽ മത്തത്തട ത്തെ മറിച്ചൊരുത്തരവുണ്ടാകുന്നതുവരെ ഇന്ദ്രലോകത്തു താമസിപ്പിക്കുവാൻ തീച്ചപ്പെടുത്തി, 'ദൈവദൂതന്മാർ' വിമാനം കയററി അങ്ങോട്ടു കൊണ്ടുപോകയും ചെയ്തു. അന്നു മൂന്നാം താവഴിയിൽപ്പെട്ട ഇരുന്തുററിപന്ത്രണ്ടാ മത്തെ ഇന്ദ്രനാണു സ്വഗ്ഗം വാണിരുന്നതു്. അദ്ദേഹത്തി ന്നു പട്ടം കിട്ടീട്ടു് അധികമായിട്ടുണ്ടായിരുന്നില്ല. മത്ത ത്തടത്തിന്റെ പ്രാണസ്നേഹിതനായ ഒരു പാശ്ചാത്യനും അന്നവിടെ എത്തിച്ചേന്നിരുന്നു. മദോന്മത്തനായ ആപു തിയ ഇന്ദ്രന്റെ മുമ്പിലാണു ദൂതന്മാർ മത്തത്തടത്തിനേയും പാശ്ചാത്യനേയും കൊണ്ടാക്കിയതു്. അപ്പോൾ ഇന്ദ്രനാ കട്ടെ ഒരു കനകചഷകത്തിൽനിന്നു ദിവ്യമായ അമൃതു കുറേശ്ശെയായി പാനം ചെയ്തുകൊണ്ടു് ഒരു സോഫയിൽ ചാരിയിരിക്കുകയായിരുന്നു. വളരെ മന്ത്രിമാരും അടുത്തു ണ്ടായിരുന്നു അവരെ കൊണ്ടുവന്ന ദൂതന്മാരിൽ ഒരാൾ— 'മത്തത്തടത്തിൽ' എന്നും 'മാക്ക്ഡോണാൾഡ്' എന്നും തിരുമനസ്സറിയിച്ചു മറഞ്ഞുപോയി.

മാക്ക്ഡോണാൾഡ്: അല്ല! ഇവിടെ ഇപ്പോഴും രാജാധിപത്യമാണോ? നിങ്ങൾക്ക് ഇത്രയൊക്കെയായിട്ടും ഒരു അഭ്യുദയവും ഉണ്ടായിട്ടില്ലല്ലോ. ഭൂമിയിൽ ഇപ്പോൾ പ്രജാധിപത്യത്തിൻെറ കാലമാണ്.

ഇന്ദ്രൻ ഒന്നു പുഞ്ചിരിക്കൊണ്ടു വീണ്ടും അമൃതം പാനംചെയ്തു. ഒന്നുകൂടി ചെരിഞ്ഞിരുന്നുംകൊണ്ട് തൻെറ പുതിയ അതിഥികളോട്,

ഇന്ദ്രൻ: ഒരു കപ്പ് അമൃതു കൊണ്ടുവരാൻ പറയട്ടെ.

മാക്ക്ഡോണാൾഡ്: അയ്യോ വേണ്ടാ. വന്ദനം. തീർച്ചയായിട്ടും ഇവിടെ പ്രജാധിപത്യംതന്നെ ഏർപ്പെടുത്തണം. എന്തെല്ലാം ദോഷങ്ങൾ അതിന്നുണ്ടെങ്കിലും അതിൻെറ ഗുണങ്ങളും അതിന്നുണ്ട്. അതു ഞാൻ പറഞ്ഞു ബോദ്ധ്യപ്പെടുത്താം.

മത്തത്തടം അനുകൂലിച്ചു തല തിരിച്ചു. എങ്കിലും വായിൽ വെള്ളം തെളിഞ്ഞു.

ഇന്ദ്രൻ: ആട്ടെ, ഇതാ അവിടെ ഇരിക്കൂ. ഇരുന്നിട്ടു പറയാം. "വന്ന കാലിന്മേൽ നിന്നാലോ?"

മാക്ക്ഡോണാൾഡ്: അതൊക്കെയാവാം. ഇരിക്കാനൊന്നും സമയമില്ല. എനിക്കിവിടെ എന്താണു ജോലി. അതു കേൾക്കട്ടെ. ഇപ്പോൾത്തന്നെ സമയം വൈകിയിരിക്കുന്നു.

(ജോലി എടുക്കേണ്ടിവരുമെന്നു സംശയിച്ചപ്പോൾ മത്തത്തടത്തിൻെറ മനസ്സു മടുത്തു.)

ഇന്ദ്രൻ: ഒരു ജോലിയുമില്ല. അമൃതു കുടിക്കാം. തകൃതി കളിക്കാം.

(മത്തത്തടം ഉത്സാഹഭരിതനായി. മാക്ക്ഡോണാൾഡ് ഇച്ഛാഭംഗപ്പെട്ടു.)

മാക്ക്ഡോണാൾഡ്: എന്തു്! ഒരു പണിയുമില്ലേ? ഇവിടെ ആരും വക്ക് ചെയ്യാറില്ലേ? എല്ലാം 'ഐഡിലേർസ്' ആണോ?

"വക്ക് ചെയ്യാൻ സ്വർഗ്ഗത്തിലേയ്ക്കു വരണോ" എന്നു മത്തത്തടം സംശയിച്ചു.

ഇന്ദ്രൻ: ഇല്ല. ഇല്ല. ഇതാ ഇവരിൽ ഒരാൾ നിങ്ങളെ എല്ലാ ദിക്കിലും കൊണ്ടുപോയി കാണിച്ചുതരും.

ഇന്ദ്രമന്ത്രിമാരിൽ ഒരാൾ മത്തത്തടത്തിൽ ചേൎന്നു മാക്ക്ഡോണാൾഡിനെക്കൊണ്ടുനടന്നു. പോകുന്ന വഴിക്കു മാക്ക്ഡോണാൾഡ് ചോദിച്ചു: "സാർ! നിങ്ങളുടെ പ്രഭാതപത്രത്തിൻെറ ഒരു പ്രതി ഒന്നു വരുത്തുക."

മന്ത്രി: ഞങ്ങൾക്കിവിടെ പത്രങ്ങളില്ല. (എന്നു സങ്കോചപ്പെടുന്നു.)

മാക്ക്ഡോണാൾഡ്:നേരോ! (എന്നു് അത്യാശ്ചൎയ്യപ്പെടുന്നു.)

മന്ത്രി: അതെ (എന്നു ലജ്ജിക്കുന്നു.)

മാക്ക്ഡോണാൾഡ്: നിങ്ങളൊക്കെ പിന്നെ എങ്ങനെ ജീവിക്കുന്നു; എങ്ങനെ സമയം കഴിക്കുന്നു; എന്തു പണി എടുക്കുന്നു? ഞങ്ങളുടെരാജ്യത്തു പ്രഭാതപത്രം, മദ്ധ്യാഹ്നപത്രം, സായംകാലപത്രം, അത്താഴപ്പത്രം, അർദ്ധരാത്രിപ്പത്രം, ഞായറാഴ്ചപ്പത്രം എന്നിങ്ങനെ പത്രങ്ങൾ അസംഖ്യങ്ങളാകുന്നു. ഇതു പറ്റില്ല. ഞാൻ നോക്കട്ടെ. നല്ലതായി ഒരു 'ന്യൂസ്പേപ്പർബ്യൂറോ' തുടങ്ങണം. ഞാൻ ആളെ ഉണ്ടാക്കാം. പത്രങ്ങൾ പ്രചാരത്തിൽ വന്നാൽപിന്നെ നിങ്ങളാരും വിടില്ല. അതിന്നു സംശയമില്ല. നല്ല ലാഭവുമുണ്ടു്.

മന്ത്രി തലകുനിച്ചു സമ്മതിച്ചു. മത്തത്തടം അതെങ്ങനെയായാലും വേണ്ടിില്ലെന്നു നടിച്ചു.

മാക്ക്ഡോണാൾഡ്: അതു പോട്ടെ. ഇവിടത്തെ വ്യവസായങ്ങൾ എന്തൊക്കെയാണു്? റബ്ബർകമ്പനികൾ എത്രയുണ്ടു്? 'റബ്ബർലോർഡ്' ആരാണു്?

മന്ത്രി: ഇവിടെ റബ്ബറേ ഇല്ല.

മാക്ക്ഡോണാൾഡ്: ഇല്ലേ? റബ്ബറും ഇല്ല! ചായത്തോട്ടങ്ങൾ എത്രയുണ്ടു്? പഞ്ചസാരയുണ്ടാക്കുന്ന ശാലകൾ എത്രയുണ്ടു്?

മന്ത്രി: ഞങ്ങൾക്കിവിടെ അമൃതു മാത്രമേ ഉള്ളു. വിശക്കുമ്പോഴും ദാഹിക്കുമ്പോഴും, അപ്പോഴും ഇപ്പോഴും, എല്ലാം അതു കുറേശ്ശെ വാത്തെടുത്തു കുടിക്കും. ഇവിടെ അല്ലാതെ നിങ്ങളിപ്പറയുന്നതൊന്നുമില്ല.

(അതിത്തിരി കുടിക്കണമെന്നു മത്തത്തടത്തിനു തോന്നി. പ്രകാശിപ്പിച്ചില്ല.)

മാക്ക്ഡോണാൾഡ്: അമൃതത്ര നന്നല്ല. എങ്കിലും, ഭൂമിയിൽ പ്രചാരപ്പെടുത്തിയാൽ ചെലവുണ്ടായേക്കും. ഒരു 'സിറപ്പിൻെറ' പരസ്യം കൊടുത്താൽ കുറെയൊക്കെ പററിക്കാം. അതെന്താണു്? അവിടെ കുറെ ആളുകൾ കൂടീട്ടുണ്ടല്ലൊ.

മന്ത്രി: ഒരു നാടകത്തിന്നുള്ള ശ്രമമാണു്. ഇന്ദ്രൻ കല്പിച്ചിരിക്കുന്നു—

"ഉർവ്വശീ മേനകേ! രംഭേ! തിലോത്തമേ!
നിർവ്വഹിച്ചീടേണമിന്നൊരു നാടകം" എന്നു്.

മാക്ക്ഡോണാൾഡ്: അതു നന്നു്. അവരിൽ നല്ല പിയാനോക്കാരത്തി ആരാണു്? ഹാർമോണിയവും ഇല്ലേ? സ്റ്റേജ്മാനേജർ ആരാണു്?

മന്ത്രി: അവൎക്കാൎക്കും 'പിയോനോ' അറിയില്ല. അവരാരും ഹാർമോണിയം കണ്ടിട്ടില്ല.

മാക്ക്ഡോണാൾഡ്: ആയി. ആയി. നിങ്ങൾ ഇവിടെപ്പിന്നെ എന്താണെടുക്കുന്നതു്? ആട്ടെ, ഇവിടെ ചലനചിത്രപ്രദർശനങ്ങൾ ഉണ്ടോ? ഞങ്ങൾ 'മൂവിസ്സ്' എന്നു പറയും. 'സിനിമ'യില്ലാതെ എന്തുകാൎയ്യമാണു്!

മന്ത്രി: ഇല്ലേ ഇല്ല.

മന്ത്രിയുടെ ലജ്ജയും സങ്കോചവും ക്രമേണ നീങ്ങിത്തുടങ്ങി. മത്തത്തടം മാക്ക്ഡോണാൾഡിന്റെ നിഴൽപോലെയും പ്രതിദ്ധ്വനിപോലെയും കഴിച്ചുകൂട്ടി.

മാക്ക്ഡോണാൾഡ്: ഞാനിതൊക്കെയൊന്നു നോട്ടുചെയ്തുകളയാം. ഒരു റിപ്പോർട്ടു തയ്യാറാക്കി അയയ്ക്കണം. ഭൂലോകവാസികൾ നിങ്ങളുടെ 'പൊറുതി' ധരിച്ചിരിക്കണമല്ലോ. പത്രങ്ങളൊക്കെ പകൎത്തി എഴുതും. ടയിംസിലേക്കാവാം.

മന്ത്രി: ദാഹിക്കുന്നുണ്ടെങ്കിൽ ഒരുകപ്പു് അമൃതു കുടിക്കാം.

"എനിക്കു ദാഹവും വിശപ്പുമുണ്ടു്. സായ്പു കുടിക്കാതെ ഞാനെങ്ങനെ കുടിക്കും?" എന്നു മത്തത്തടം.

മാക്ക്ഡോണാൾഡ്: "ജോൎജ്ജ് ദി ഫോൎത്ത്" വിസ്കിയുണ്ടോ—എന്നാൽ ഒരു കുപ്പിയാവാം.

"എനിക്കതും ആവാം." എന്നു മത്തത്തടം മനസ്സിൽ നിനച്ചു

മന്ത്രി: ഇനി എവിടേക്കാണു പോകേണ്ടതാവോ!

മാക്ക്ഡോണാൾഡ്: മതി മതി, നിങ്ങളുടെ ഇന്ദ്രന്റെ അടുക്കലേയ്ക്കുതന്നെ മടങ്ങാം.

മന്ത്രി: എന്നാൽ ഇവിടെ ആയി.

ഇന്ദ്രൻ അപ്പോൾ ദേവസ്ത്രീകളുടെ ആട്ടം കാണുകയായിരുന്നു. മാക്ക്ഡോണാൾഡ് ഉടനെ ഓടിച്ചെന്നു അവരിൽ ഒരാളോട്—"റഷ്യൻഡാൻസ് ഇങ്ങനെയല്ല. എടത്തെ കാലിന്റെ തുമ്പുകൊണ്ടു നിന്നു വലത്തെ കാലിന്റെ ചെറുവിരൽ തലയുടെ പിന്നിൽക്കൂടി എടത്തെ കയ്യുകൊണ്ടു പിടിച്ചു് അഞ്ചാറുവട്ടം ചുററണം. 'ഇററാലിയൻ' അതിലും കേമമാണു്. അതു ഞാൻ പഠിപ്പിച്ചു തരാം" എന്നു പറഞ്ഞു. ഉടനെ ഉർവ്വശിയുടെ ഗർവ്വിശ്ശി ശമിച്ചു. മേനകയുടെ കയ്യു പിടിപ്പാൻ മത്തത്തടം പുറപ്പെട്ടപ്പോഴേയ്ക്കും, ഇന്ദ്രൻ രണ്ടാളോടുംകൂടി,

ഇന്ദ്രൻ: ആട്ടെ. ഇവിടെ വന്നിരിക്കുക. അതൊക്കെ നേരെയാക്കാം. ഒരുകപ്പു് അമൃതു കഴിക്കാം.

മാക്ക്ഡോണാൾഡ്: അമൃതു്! മനുഷ്യരാരും കഴിക്കാത്ത അമൃതു്!—

മത്തത്തടം: ഞാൻ കഴിക്കാം. എവിടെയാണാവോ. ആരും കാണാതെ കുറച്ചെടുത്തു കഴിക്കാമായിരുന്നു.

ഇന്ദ്രൻ: എന്താ നിങ്ങൾക്കു ഞങ്ങളുടെ സ്വർഗ്ഗത്തിനേപ്പററി അഭിപ്രായം?

മാക്ക്ഡോണാൾഡ്: തരക്കേടില്ല. പതിനാറാംനൂററാണ്ടുവരെ മാത്രമേ നിങ്ങൾ എത്തീട്ടുള്ളു. ഞങ്ങളൊക്കെ ഇരുപതാംനൂററാണ്ടിലെത്തി. എന്നുമാത്രമല്ല, കടമയില്ലാതെ, ഇരുപത്തൊന്നിലേയ്ക്കും കടന്നുതുടങ്ങി. നിങ്ങൾ വളരെ മന്ദഗതിക്കാരാണു്. നിങ്ങൾക്കു് ഉത്സാഹം പോരാ. ഉണർച്ചയും പോരാ.

ഇന്ദ്രൻ: ആട്ടെ. നിങ്ങൾക്കു് ഈ അമൃതുകുംഭത്തിൽനിന്നു് ഒരു കവിളെങ്കിലും വേണ്ടെന്നു തീർച്ചയായോ?

മാക്ക്ഡോണാൾഡ്: ഞാൻ അതൊരിക്കൽ രണ്ടുപ്രാവശ്യം പറഞ്ഞില്ലേ? നിങ്ങളുടെ സ്വർഗ്ഗം! എനിക്കാ നരകത്തിലേയ്ക്കുള്ള വഴിയൊന്നു കാണിച്ചുതരാമോ?

("ഈ അമൃതു് അല്പം കുടിച്ചിട്ടാവാമായിരുന്നു അങ്ങോട്ടുള്ള പോക്കു്" എന്നു മത്തത്തടത്തിന്റെ ആത്മഗതം.)

ഇന്ദ്രൻ: നേരമ്പോക്കാണോ?

മാക്ക്ഡോണാൾഡ്: നിങ്ങൾക്കു കാര്യശീലമില്ലാത്തതുകൊണ്ടാണു നേരമ്പോക്കാണെന്നു തോന്നുന്നതു്. ബിസിനസ്സ് എന്നും ബിസിനസ്സാണു്.

ഇന്ദ്രൻ: ആരവിടെ?

നടയിൽ തവണക്കാരൻ പ്രവേശിച്ചു്: "അടിയൻ! സ്വാമി!"

ഇന്ദ്രൻ: ഇതാ ഇയ്യാളെ നരകത്തിലേയ്ക്കു്.

സേവകൻ: കല്പനപോലെ.

ഒരു നിമിഷനേരം സേവകനും മാക്ക്ഡോണാൾഡും കൂടി ഒരു പിടിവലിയും നടന്നു. ഉടനെ 'ഠം' എന്നൊരു ശബ്ദവും കേട്ടു. മത്തത്തടിയനെപ്പററി ആരും ചിന്തിച്ചില്ല. സായ്പിന്റെ വാലായിരുന്ന അയാളും, 'തലപോയ വഴിക്കു വാലും'—'ഠം.'

★

U. V. SMARAKA GRANDHASALA
GRANDHA SALA
THENHOORKONAM
VENGANOOR, A. O.

# വിദ്യുജ്ജിഹ്വന്റെ വിളയാട്ടം

ശ്രീ പുത്തേഴത്തു രാമമേനോന്റെ ആദ്യകാലകൃതികളിലൊന്നാണു് 'വിദ്യുജ്ജിഹ്വന്റെ വിളയാട്ടം.' 1934-ൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ ഈ കൃതി ഇപ്പോൾ മൂന്നാം പതിപ്പിലെത്തിയിരിക്കയാണു്. ആരാണീ വിദ്യുജ്ജിഹ്വൻ? ''എന്റെ ശരിയായ പേരുവിവരം അറിയുന്നതിൽ ആൎക്കും സന്തോഷമില്ലെങ്കിലും ഒട്ടും അപ്രീതി ഉണ്ടാകയില്ലെന്നാണു വിശ്വസിക്കേണ്ടതു്. 'വിസ്സ്യാൻപറമ്പത്തു് ഇട്ടിവാസു വിദ്യുജ്ജിഹ്വൻ' എന്നാണു് എന്റെ 'ആധാരപ്പേരു്'.''

''സ്വജിഹ്വാഗ്രയിൽ വിദ്യുച്ഛക്തിയുടെ 'കൂട്'ഉണ്ടെങ്കിലും ഇല്ലെങ്കിലും തന്റെ തൂലികാഗ്രത്തിൽ സുഭിക്ഷമായി വിദ്യുച്ഛക്തി സംഭരിച്ചുവെച്ചിട്ടുള്ള ഒരു വൈദ്യുതവിദഗ്ദ്ധൻ വഴിനീളെ വിദ്യുദ്വേഗത്തോടെ സഞ്ചരിച്ചു മാൎഗ്ഗമദ്ധ്യേ, കാണുന്ന സൎവ്വരേയും തന്റെ പേനത്തുമ്പു കൊണ്ടു സ്പൎശിക്കുമ്പോഴുണ്ടാകുന്ന അനുഭവം തന്നെയാണു 'വിദ്യുജ്ജിഹ്വന്റെ വിളയാട്ടം' വായിക്കുമ്പോൾ നമുക്കുണ്ടാകുന്നതു്....സാഹിത്യക്കളരിയിൽ ചിരകാലം പയററി കയ്യും മെയ്യുമുറച്ചിട്ടുള്ള ഒരു ഗദ്യകാരന്റെ പ്രയോഗപാടവങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ വിളയാടുന്നുണ്ടു്.''

**നാഷനൽ ബുക്ക്സ്റ്റാൾ**
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

THENNOORKONAM
VENGANOOR


SAHITYA PRAVARTHAKA C.S. LTD.
KOTTAYAM